# സാമൂഹ്യപാഠങ്ങൾ

## പുസ്തകം ഒന്നു്

★

കേരള ഗവണ്മെൻറ് നിയമിച്ച

കമ്മിററിയാൽ രചിക്കപ്പെട്ടതു്

★

1958

Shams Umma A.A
81

# സാമൂഹ്യപാഠങ്ങൾ

പുസ്തകം–1.

3340

★

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

★

1958

വില: 50 ന. പ.

കോപ്പി: 4,80,000

**Printed at the**

**Deshabhimani Printing & Publishing House, Ltd.,**

**Kozhikode.**

**for the Government of Kerala.**

©

**GOVERNMENT OF KERALA**

**1958.**

# പാഠവിവരം

പേജ്

1. കേരളത്തിൻെറ പ്രകൃതിസമ്പത്ത് ... ... 1

2. സമ്പത്ത് വദ്ധിപ്പിക്കാനുള്ള മാഗ്ഗങ്ങൾ ... 8

3. കേരളത്തിലെ പ്രധാന പട്ടണങ്ങൾ ... ... 20

4. ഗതാഗതവും വാത്താവിനിമയവും ... ... 28

5. മലയാളസംസ്കാരം ... ... ... 37

6. ഭാരതചരിത്രപാഠങ്ങൾ ... ... ... 54

7 ജനകീയഭരണവും പൗരധമ്മവും ... ... 70

# സാമൂഹ്യപാഠങ്ങൾ

## അദ്ധ്യായം 1

## കേരളത്തിൻെറ പ്രകൃതിസമ്പത്ത്


മലയാളികളുടെ നാടാണ് കേരളം. ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ വിസ്തീർണ്ണം നോക്കുമ്പോൾ ഏററവും ചെറിയതാണ് ഈ 'സ്റ്റെയിററു്'. എന്നാൽ പ്രകൃതിയുടെ അനുഗ്രഹം ഇത്ര അധികമുള്ള പ്രദേശങ്ങൾ വളരെയില്ല. ഫലപുഷ്ടിയുള്ള മണ്ണ്, വിഭവങ്ങൾ നിറഞ്ഞ കാടുകൾ, ജലസേചനത്തിനും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനും പററിയ നദികൾ, മറെറവിടേയും കിട്ടുവാൻ പ്രയാസമുള്ള ചില ധാതുപദാർത്ഥങ്ങൾ, ധാരാളം മത്സ്യങ്ങളുള്ള കായലുകൾ, ഒരു വലിയ കടലോരം—ഇവയെല്ലാം നമുക്ക് ലഭിച്ചിട്ടുള്ള പ്രകൃതിസമ്പത്താണ്.

**1. മണ്ണ്:** കേരളത്തിൻെറ എല്ലാ ഭാഗത്തും ഒരേതരം മണ്ണല്ല കണ്ടുവരുന്നതു്. കടലോരം മണൽപ്രദേശമാണ്. തെങ്ങുകൃഷിയാണിവിടെ പ്രധാനം. കടലോരത്തോടു് ചേർന്നുകിടക്കുന്ന സമതലത്തിൽ എക്കൽ കലർന്ന പശിമരാശി മണ്ണാണ് അധികവും. ഇത്തരം മണ്ണിൽ നെല്ലും കരിമ്പും സമൃദ്ധിയായി വളരുന്നു. മണൽ കലർന്ന പശിമരാശിമണ്ണിൽ തെങ്ങും വളരും. കേരളത്തിൻെറ മദ്ധ്യപ്രദേശത്ത് മലമ്പ്രദേശത്തിനും സമുദ്രതീരസമതലത്തിനും ഇടയിലുള്ള ഇടനാട്ടിൽ, ചരൽകലർന്ന ചെമ്മണ്ണ് കാണാം. വാഴ, മരച്ചീനി,

ഇഞ്ചി, കുരുമുളക്, പ്ലാവ്, മാവ് മുതലായ കൃഷിക്ക് ഈ മണ്ണ് യോജിച്ചിരിക്കുന്നു. സ്റ്റെയിററിന്റെ കിഴക്കുള്ള മല പ്രദേശത്തിൽ ചെങ്കല്ല് ചേന്ന മണ്ണുണ്ട്. കാട്ടുകളിലെ മരങ്ങളുടെ ഇല വീണു് ചീഞ്ഞുചേന്ന ഈ മണ്ണ് ഫലപുഷ്ടിയുള്ളതാണു്. ഉയരം കൂടിയ സ്ഥലങ്ങളിൽ ഏലവും തേയിലയും, ഉയരം കുറഞ്ഞ സ്ഥലങ്ങളിൽ റബ്ബറും കൃഷി നടക്കുന്നു.

**2. വനവിഭവങ്ങൾ:** കേരളത്തിന്റെ കിഴക്കുഭാഗം മുഴുവനും മലകളും കാട്ടുകളും ആണല്ലോ. ഈ വനങ്ങൾ നമ്മുടെ അതിപ്രധാനമായ ഒരു പ്രകൃതിസമ്പത്താണു്. അവയിൽനിന്നു് എന്തുമാത്രം വിഭവങ്ങളാണു് നമുക്കു് കിട്ടുന്നതു്! തേക്കു്, ഇരുമുള്ളു്, ഈട്ടി മുതലായ നല്ലതരം മരങ്ങൾ ഈ കാട്ടുകളിൽ വളരുന്നുണ്ടു്. ഗൃഹനിമ്മാണത്തിനും മരസ്സാമാനങ്ങൾ ഉണ്ടാക്കുന്നതിനും ഉത്തമമാണു് ഈ മരങ്ങൾ. കടുക്ക, നെല്ലിക്ക, താന്നിക്ക മുതലായ ഔഷധങ്ങൾ നമ്മുടെ കാട്ടുകളിൽനിന്നു് സുലഭമായി കിട്ടുന്നു. കേരളത്തിന്റെ കാട്ടുകളിലുള്ള മൃഗസമ്പത്തും നിസ്സാരമല്ല. ആനയാണു് ഏററവും പ്രധാനം. ആനക്കൊമ്പു് വളരെ വിലപിടിച്ചതാണല്ലോ. മാൻ, കാട്ടുപോത്തു്, പന്നി, മുയൽ മുതലായ മൃഗങ്ങളും ധാരാളമുണ്ടു്. വരിയൻപുലി, പുള്ളിപുലി, കരിമ്പുലി, കരടി, ചെന്നായ ആദിയായ ക്രൂരമൃഗങ്ങളും നമ്മുടെ വനങ്ങളിൽ വസിക്കുന്നു. ഔഷധപ്രയോജനമുള്ള മയിൽ, മെരു, ഉടുമ്പു് എന്നീ ജീവികളും, പലതരം പക്ഷികളുംകൂടി ഈ കാട്ടുകളിൽ ജീവിക്കുന്നുണ്ടു്. ഇതിനുംപുറമെ ഏലം, തേയില, റബ്ബർ, ഇഞ്ചിപുൽ മുതലായവ കൃഷിചെയ്യുന്നതിനു് പററിയ മലഞ്ചരിവുകളും നമുക്കുണ്ടു്. മലകളിൽനിന്നു് ഉത്ഭവിച്ചു ഒഴുകി


വരുന്ന നദികളും വിലപിടിച്ച സമ്പത്തുതന്നെ. മത്സ്യം വളർത്തുന്നതിനും ജലസേചനത്തിനും വിദ്യുച്ഛക്തി ഉല്പാദനത്തിനും ഈ നദികൾ ഉപകരിക്കുന്നു.



കേരളത്തിന്റെ കിഴക്കെ ഭാഗത്തുള്ള മലകളിൽനിന്നു് ഉത്ഭവിച്ചു പടിഞ്ഞാട്ടൊഴുകി അറബിക്കടലിൽ ചെന്നു് പതിക്കുന്ന അനേകം ചെറുപുഴകൾ ഉണ്ടു്. ചന്ദ്രഗിരിപ്പുഴ, വളർപട്ടണംപുഴ, ബേപ്പൂർപുഴ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, പെരിയാർ, മൂവ്വാററുപുഴയാർ, പമ്പാനദി എന്നിവയാണു് പ്രധാന പുഴകൾ.

**൩. ധാതുപദാർത്ഥങ്ങൾ:** ഭൂമിക്കടിയിൽനിന്നു് കുഴിച്ചെടുക്കുന്ന ഖനനവസ്തുക്കൾ കേരളത്തിലധികമില്ല. വക്കല ഭാഗത്തു് മൃദുവായ കല്ക്കരി (lignite) ഉണ്ടു്. കുഴിച്ചെടുത്തു് ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. തിരുവനന്തപുരത്തിനടുത്തു് കോവളത്തിലും, കൊച്ചിക്കടുത്തു് മാലിപ്പുറത്തും സമുദ്രജലം വററിച്ചു് ഉപ്പെടുത്തുവരുന്നു. പുനലൂർ, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിൽ അഭ്രം വെട്ടിയെടുക്കുന്നുണ്ടു്. കുണ്ടറ, ചാലക്കുടി എന്നീ പ്രദേശങ്ങളിൽനിന്നു് ചീനക്കളിമണ്ണു് കിട്ടുന്നു. കേരളത്തിന്റെ പല ഭാഗങ്ങളിലും സാധാരണ കളിമണ്ണു് കാണുന്നു. ഓട്ടും ഇഷ്ടികയും ഉണ്ടാക്കുന്നതിനാണു് ഇതു് ഉപയോഗിക്കുന്നതു്. കോഴിക്കോട്ടു്, തൃശ്ശൂർ, ആലുവ മുതലായ സ്ഥലങ്ങളിൽ ഓട്ടുണ്ടാക്കുന്ന വ്യവസായശാലകളുണ്ടു്. പെൻസിൽ നിർമ്മാണത്തിനുപയോഗിക്കുന്ന ഗ്രാഫൈററു്, കണ്ണാടിനിർമ്മാണത്തിനാവശ്യമായ സിലിക്കൻ എന്നീ ധാതുക്കളും നമ്മുടെ സ്റ്റെയിററിൽ ഉണ്ടു്.

എന്നാൽ കേരളത്തിലെ ഏററവും പ്രധാനമായ ധാതുദ്രവ്യങ്ങൾ ഇൽമനൈററു്, മോണാസൈററു്, സർക്കൺ എന്നീ ലോഹമണലുകളാണു്. കേരളത്തിന്റെ തെക്കുഭാഗത്തുള്ള കടൽതീരത്താണു് ഈ അപൂർവ്വ ലോഹമണലുകൾ ധാരാളമായുള്ളതു്. ചവറ, കൊല്ലം, നീണ്ടകര, കോവളം എന്നീ കേന്ദ്രങ്ങളിൽ ലോഹമണൽ ശേഖരിക്കുന്നു. ഇതിൽ




അടങ്ങിയിട്ടുള്ള അമൂല്യവസ്തുക്കൾ വേർതിരിച്ചെടുക്കുന്നതിന്നു് ഒരു വ്യവസായശാല ആലുവായിൽ ആരംഭിച്ചിട്ടുണ്ടു്. വലിയ വ്യവസായപ്രാധാന്യമുള്ള യുറേനിയം, തോറിയം,

യുറേനിയം എന്നീ അപൂർവ്വധാതുദ്രവ്യങ്ങളാണ് ഈ ലോഹ മണലുകളിൽനിന്ന് വേർതിരിച്ചെടുക്കുന്നത്. വെളുത്ത ചായം ഉണ്ടാക്കുവാൻ ടൈററാനിയം ആവശ്യമാണ്. ഗ്യാസ്‌ലൈററ്മാൻറിൽ ഉണ്ടാക്കുന്നതിന്ന് തോറിയം ഉപകരിക്കപ്പെടുന്നു. ആററംബോംബ് നിർമ്മാണത്തിനും അണുശക്തി ഉല്പാദനത്തിന്നും ആവശ്യമായ തോറിയം, യുറേനിയം എന്നിവയാണ് നമ്മുടെ ഏററവും വിലപിടിച്ച ധാതുക്കൾ. ഇവയെ കയററുമതി ചെയ്യുന്നത് ഗവൺമെണ്ട് നിരോധിച്ചിരിക്കുന്നു.

**4. സമുദ്രസമ്പത്ത്:** കേരളത്തിൻെറ പടിഞ്ഞാറെ അതിർത്തി 400മൈൽ നീളം അറബിക്കടലാണ്. പല സ്ഥലങ്ങളിലും കടൽ കരയിലേക്ക് തള്ളി കായലുകളായി കിടക്കുന്നുണ്ട്. ഈ കായലുകളും കടലും നമുക്കു വളരെ പ്രയോജനപ്പെടുന്നു. മത്സ്യം, ഉപ്പ്, കക്ക എന്നീ മൂന്നു വിഭവങ്ങളാണ് പ്രധാനമായി നമുക്ക് കടലിൽനിന്നു കിട്ടുന്നത്. കടലോരത്തെ ജനങ്ങൾ സാമാന്യം എല്ലാംതന്നെ മുക്കുവരാണ്. മീൻപിടുത്തമാണ്, അവരുടെ തൊഴിൽ. യന്ത്രങ്ങൾ ഘടിപ്പിച്ച ബോട്ടുകളിൽ പോയി പുറംകടലിൽ ആധുനികരീതിയിൽ മത്സ്യബന്ധനം നടത്തുന്നതിന് ഇപ്പോൾ നമ്മുടെ മുക്കുവതൊഴിലാളികളെ പരിശീലിപ്പിച്ചുവരുന്നു. നോർവീജിയൻ വിദഗ്ദ്ധന്മാരാണ് ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. മത്സ്യം പിടിക്കുന്നതിന്നു നവീനരീതിയിലുള്ള ബോട്ടുകൾ നിർമ്മിക്കുക, പിടിച്ച മത്സ്യം കേടുകൂടാതെ സൂക്ഷിക്കുകയും, അന്യദിക്കുകളിലേക്ക് കയററി അയക്കുകയും ചെയ്യുക, തീരപ്രദേശങ്ങളിൽ താമസിക്കുന്ന മുക്കുവക്ക് ശുദ്ധജലവിതരണം നടത്തുക എന്നിവയാണ് നോർവീജിയൻ സഹായത്തോടുകൂടെ ആരംഭിച്ച് പ്രവർത്തനം നടത്തുന്ന നീണ്ടകര പദ്ധതിയുടെ ഉദ്ദേശങ്ങൾ.

പ്രകൃതിയിൽനിന്നു് കേരളത്തിനു ലഭിച്ചിട്ടുള്ള മണ്ണും, കാടും, ധാതുദ്രവ്യങ്ങളും, സമുദ്രവിഭവങ്ങളും എല്ലാമാണു് കേരളത്തിന്റെ പ്രകൃതിസമ്പത്തു്. കൂടാതെ, നല്ല വെയിലും മഴയുംകൂടി നമുക്കു പ്രകൃതിയിൽനിന്നു് കിട്ടുന്നുണ്ടു്. അതുകൊണ്ടാണു് കാടുകൾ ഇവിടെ ഉള്ളതു്; നമ്മുടെ നദികളിൽ വെള്ളം ധാരാളം ഒഴുകുന്നതു്; നമുക്കു കൃഷി ചെയ്യുവാൻ കഴിയുന്നതു്.

**ചോദ്യങ്ങൾ:**

1) കേരളത്തിൽ കാണുന്ന മൺതരങ്ങൾ ഏവ?
2) കേരളത്തിലെ കാടുകളിൽനിന്നു നമുക്കു എന്തെല്ലാം കിട്ടുന്നു?
3) കേരളത്തിലെ ധാതുദ്രവ്യങ്ങൾ എന്തെല്ലാം?
4) നമുക്കു ലഭിക്കുന്ന സമുദ്രസമ്പത്തു് വിവരിക്കുക.
5) കേരളത്തിന്റെ പടിഞ്ഞാറെ അതിരു് ഏതു്?
6) കേരളത്തിലെ 4 പ്രധാന നദികളുടെ പേർ പറയുക.

## അദ്ധ്യായം 2.

# സമ്പത്തു് വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ

സമുദ്രവും മലകളും നദികളും ധാതുദ്രവ്യങ്ങളും എല്ലാം കേരളത്തിന്റെ വിലപിടിച്ച പ്രകൃതിസമ്പത്താണു്. മനുഷ്യർ പ്രയത്നം ചെയ്തു് ഈ സമ്പത്തു് വർദ്ധിപ്പിക്കുകയും അതുപയോഗിച്ചു ജീവിതം കഴിക്കുകയും ചെയ്യുന്നു. കൃഷിയും വ്യവസായവുമാണു് സമ്പത്തു് വർദ്ധിപ്പിക്കുവാനുള്ള രണ്ടു് മുഖ്യമാർഗ്ഗങ്ങൾ കൃഷിക്കു ജലം അത്യാവശ്യമാണു്. നമ്മുടെ നദികളിൽ വർഷക്കാലത്തു് ജലം സമൃദ്ധിയാണു്. വേനൽക്കാലത്തു് നദികളിൽ വെള്ളം കുറഞ്ഞു് വരണ്ടിരിക്കും. വർഷകാലത്തു് സമൃദ്ധിയായുണ്ടാവുന്ന വെള്ളം നദികളിൽ അണകൾ കെട്ടി ശേഖരിച്ചു നിർത്തേണ്ടതു് കൃഷിക്കു് ആവശ്യമാണു്. വ്യവസായങ്ങൾക്കും ഇതു ഉപയോഗപ്രദമാണു്. വ്യവസായങ്ങൾ നടത്തുന്നതിനു് ശക്തി ആവശ്യമാണല്ലോ. ശക്തി ഉല്പാദനത്തിനു് കല്ക്കരിയോ എണ്ണയോ വേണം. കേരളത്തിൽ ഈ രണ്ടു് ശക്തിയുല്പാദനവസ്തുക്കളും ഇല്ല. പിന്നെ വ്യവസായങ്ങൾ നടത്തുന്നതിനു് ഉപയോഗിക്കാവുന്നതു് ജലവൈദ്യുതശക്തിയാണു്. അതിനുള്ള സൗകര്യങ്ങൾ കേരളത്തിൽ ധാരാളമുണ്ടു്. കാർഷികവികാസത്തിനായാലും വ്യവസായാഭിവൃദ്ധിക്കായാലും കേരളത്തിലെ നദികളെ നിയന്ത്രിച്ചു് അവയിലെ ജലസമ്പത്തും ജലവൈദ്യുതശക്തിയും ഉപയോഗിക്കാതെ ഗത്യന്തരമില്ല. അതിനു് പററിയ നദികൾ കേരളത്തിൽ ധാരാളം ഉണ്ടു്. കേരളത്തിന്റെ വടക്കുള്ള ചന്ദ്രഗിരിപ്പുഴ മുതൽ തെക്കുള്ള നെയ്യാർ വരെ, നീളം കുറഞ്ഞതും കൂടിയതുമായി, അ

നേകം നദികൾ പശ്ചിമഘട്ടത്തിൽനിന്നുത്ഭവിച്ച് അറബിക്കടലിൽ ചെന്നു പതിക്കുന്നുണ്ട്. ഇവയിൽ ചില നദികളിൽ അണകൾ കെട്ടി വെള്ളം ജലസേചനത്തിനുപയോഗിക്കുന്നു. ചില നദികളിൽ നിർമ്മിച്ചിട്ടുള്ള കൃത്രിമ ജലാശയങ്ങളിലെ വെള്ളം വൈദ്യുതശക്തിയുല്പാദനത്തിനുപയോഗിക്കുന്നു.

നമ്മുടെ രാജ്യം സ്വതന്ത്രമാകുന്നതിനുമുമ്പ് കേരളത്തിലെ നദീജലസമ്പത്ത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള ജലസേചനപദ്ധതികളോ ജലവൈദ്യുതപദ്ധതികളോ വളരെ കുറവായിരുന്നു. പെരിയാററിൽ പീരുമേട്ട് പ്രദേശത്ത് അണകെട്ടി വെള്ളം ശേഖരിച്ച് തമിഴ്നാട്ടിൽ ജലസേചനത്തിനുപയോഗിച്ചിരുന്നു. ഭാരതപ്പുഴയുടെ പോഷകനദിയായ ചിററൂർപുഴയിൽ മൂലത്തറ എന്ന സ്ഥലത്ത് അണകെട്ടി വെള്ളം സംഭരിച്ച് ചിററൂർ താലൂക്കിൽ കൃഷിക്കുപയോഗിച്ചിരുന്നു പെരിയാറിൻെറ പോഷകനദിയായ മുതിരപ്പുഴയാററിൽ പള്ളിവാസൽ എന്ന സ്ഥലത്തു അണ കെട്ടി വെള്ളമെടുത്ത് ജലവൈദ്യുതശക്തി ഉല്പാദിപ്പിച്ചിരുന്നു. ഇങ്ങിനെയുള്ള ചില പദ്ധതികൾ ഒഴിച്ചാൽ കാര്യമായ നദീതടപദ്ധതികളൊന്നും കേരളത്തിലുണ്ടായിരുന്നില്ല. ഇന്ത്യ 1947ൽ ബ്രിട്ടീഷാധിപത്യത്തിൽ നിന്നു സ്വാതന്ത്ര്യം നേടിയതിനുശേഷം സ്ഥിതിഗതികൾ പാടെ മാറി. നമ്മുടെ ദേശീയഗവണ്മെണ്ട് നമ്മുടെ പ്രകൃതിസമ്പത്ത് കാര്യക്ഷമമായി ഉപയോഗിക്കുന്നതിനു് ശാസ്ത്രീയാടിസ്ഥാനത്തിൽ പഞ്ചവത്സരപദ്ധതികൾ ആവിഷ്കരിച്ച് സംഘടിതമായി പ്രവർത്തിക്കുവാൻതുടങ്ങി. ഇന്നത്തെ കേരളാസ്റ്റെയിററ് അന്നു രൂപമെടുത്തിട്ടുണ്ടായിരുന്നില്ല 1956–ലാണ് അതു് സംഭവിച്ചതു്. ഈ വർഷത്തിൽതന്നെയാണ് ഒന്നാം പഞ്ചവത്സരപദ്ധതി (1951–'56) അവസാനിച്ചു

ച്ചതും രണ്ടാം പഞ്ചവത്സരപദ്ധതി (1956–'61) ആരംഭിച്ചതും. ഒന്നാംപഞ്ചവത്സരപദ്ധതിക്കാലത്ത് കേരളത്തിൽ കുറെ നദീതടപദ്ധതികൾ നടപ്പിലാക്കി. ഇപ്പോൾ രണ്ടാം പഞ്ചവത്സരപദ്ധതിയനുസരിച്ചു പല പുതിയ പദ്ധതികളും പണി തീർത്തുകൊണ്ടിരിക്കുന്നു. നൂതനപദ്ധതികളെസംബന്ധിച്ച അന്വേഷണങ്ങളും നടന്നുകൊണ്ടിരിക്കുന്നു. അങ്ങിനെ നമ്മുടെ നാട്ടിന്റെ സമ്പത്ത് വർദ്ധിപ്പിക്കുവാനുള്ള ഒരു വമ്പിച്ച സംഘടിതശ്രമത്തിൽ നാം ഇപ്പോൾ വ്യാപൃതരായിരിക്കുകയാണ്.

## 1. ജലസേചനപദ്ധതികൾ

കേരളത്തിൽ പണിതീർന്നുകഴിഞ്ഞതും ഇപ്പോൾ പണി ചെയ്തുകൊണ്ടിരിക്കുന്നതുമായ ചില ജലസേചനപദ്ധതികളെപ്പററി നമുക്ക് പഠിക്കാം.

**നെയ്യാർ പദ്ധതി:** നെയ്യാററിൽ അണകെട്ടി ജലാശയമുണ്ടാക്കി തോട്ടുകൾ വഴി വെള്ളം കൊണ്ടുപോയി തിരുവനന്തപുരം ജില്ലയിൽ കൃഷി നടത്തുന്നു. അണയുടെ പണി പൂർത്തിയായി. കുറെ ദൂരം തോട്ടുകളും നിർമ്മിച്ചുകഴിഞ്ഞു. കൂടുതൽ ദൂരം തോട്ടുകൾ പണിയുന്നതിന്നു രണ്ടാം പദ്ധതയിൽ വകയിരുത്തിയിട്ടുണ്ട്. അവയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. മദ്രാസ് സ്റ്റെയിററിലെ തെക്കൻ പ്രദേശത്തിന്നും ഇതുകൊണ്ട് പ്രയോജനമുണ്ട്.

**പെരിയാർ നദിയിലെ ഭൂതത്താൻകെട്ടുപദ്ധതി:** കേരളത്തിലെ ഒരു പ്രധാന നദിയാണല്ലൊ പെരിയാർ. പൂർത്തിയായതും അല്ലാത്തതുമായ പല പദ്ധതികളും ഇവിടെയുണ്ട്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി




പണി നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ് ഭൂതത്താൻകെട്ട പദ്ധതി. പെരിയാർ നദിയിൽ ഭൂതത്താൻകെട്ട് എന്ന സ്ഥലത്ത് അണകെട്ടി വെള്ളം ശേഖരിച്ച് തൃശ്ശൂർ

കോട്ടയം എന്നീ ഡിസ്ത്രിക്ടുകളിൽ 63,000 ഏക്ര കൃഷിസ്ഥം ജലസേചനം ചെയ്യുവാൻ സാധിക്കുമെന്നു് കണക്കാക്കിയിരിയ്ക്കുന്നു. വൈദ്യുതശക്തി ഉല്പാദനവും സാദ്ധ്യമാണു്.

**ചാലക്കുടി പദ്ധതി:** ചാലക്കുടിനദിയുടെ ഉത്ഭവസ്ഥാനങ്ങളിൽ രണ്ടു് അണകൾ കെട്ടി വിദ്യുച്ഛക്തി എടുക്കുന്നതിന്നുള്ള പദ്ധതികൾ ഉണ്ടു്. വിദ്യുച്ഛക്തിയുല്പാദനം കഴിഞ്ഞു് നദിയിൽകൂടി ഒഴുകിവരുന്ന വെള്ളം സൗകര്യമുള്ള സ്ഥാനങ്ങളിൽ ചെറിയ അണകൾ കെട്ടി തോടുകൾവഴിയായി കൊണ്ടുപോയി കൃഷി നടത്തുന്നതിന്നുള്ള പദ്ധതിയാണു് ചാലക്കുടി പദ്ധതി. നദിയുടെ ഇടത്തും വലത്തുമായി കുറെ ദൂരം തോടുകൾ വെട്ടിക്കഴിഞ്ഞു. തോടുകളുടെ ദൂരം വർദ്ധിപ്പിച്ചു് കൂടുതൽ സ്ഥലങ്ങളിൽ വെള്ളം കൊണ്ടുപോകുവാൻ രണ്ടാംപഞ്ചവത്സരപദ്ധതിയിലും (1956—61) വകയിരുത്തിയിട്ടുണ്ടു്.

**പീച്ചിപദ്ധതി:** മണലിപ്പുഴയിൽ പീച്ചി എന്ന സ്ഥലത്തു് അണകെട്ടി വെള്ളം സംഭരിച്ചു് തൃശ്ശൂർ ഡിസ്ത്രിക്റ്റിലെ 41,000 ഏക്ര കൃഷിക്കു് ഉപയോഗപ്പെടുത്തുന്നു. തൃശ്ശൂർ പട്ടണത്തിലെ ശുദ്ധജലവിതരണവും പീച്ചി ജലാശയംകൊണ്ടു നടക്കും. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തുതന്നെ ഇതിൻെറ പണി സാമാന്യം പൂർത്തിയായി. ചില മിനുക്കുപണികൾ മാത്രമാണു് ഇപ്പോൾ പീച്ചിയിൽ നടന്നുകൊണ്ടിരിയ്ക്കുന്നതു്. പീച്ചിയെ ഒരു ടൂറിസ്റ്റുകേന്ദ്രമാക്കുവാനുള്ള പണികളാണിവ.

**വടക്കാഞ്ചേരി പദ്ധതി:** ഇതും തൃശ്ശൂർ ഡിസ്ത്രിക്റ്റിലുള്ള മറെറാരു പദ്ധതിയാണു്. പണി പൂർത്തിയായിട്ടില്ല. വടക്കാഞ്ചേരി നദിയിൽ വാഴാനി എന്ന സ്ഥലത്തു് മണ്ണു


കൊണ്ടാണ് അണ കെട്ടിയിട്ടുള്ളത്. അണയുടെ ജോലി സാമാന്യം കഴിഞ്ഞു. കുറച്ചുദൂരം തോടുകൾ ഇനിയും വെട്ടി തീരുവാനുണ്ട്.

**ഭാരതപ്പുഴയിലെ പദ്ധതികൾ:** ഭാരതപ്പുഴയിലും പോഷകനദികളിലുമായി വളരെ അണക്കെട്ടുകൾ നിർമ്മിച്ച് പല സ്ഥലങ്ങളിലും ജലസേചനം നടത്തുന്നു. പാലക്കാട്ടും തൃശ്ശൂരും ഡിസ്ട്രിക്റ്റുകൾക്ക് ഈ പദ്ധതികൾ ഉപയോഗപ്പെടുന്നു. വാളയാറണ, മലമ്പുഴയണ, മംഗലം അണ എന്നിവ ഒന്നാംപഞ്ചവത്സരപദ്ധതി (1951—56) കാലത്തുതന്നെ മിക്കവാറും പൂർത്തിയായി. തോടുകളും കനാലുകളും വഴി ജലസേചനവും തുടങ്ങി. ബാക്കിയുള്ള അല്പസ്വല്പം പണികൾ പൂർത്തിയാക്കുവാൻ രണ്ടാംപദ്ധതിയിൽ (1956—61) വകയിരുത്തിയിട്ടുണ്ട്. 48,000 ഏക്ര ഭൂമിക്ക് പ്രയോജനപ്പെടുന്ന മലമ്പുഴ പദ്ധതിയാണ് ഇവയിൽ വലിയത്. പുതുതായി മൂന്ന് പദ്ധതികളുംകൂടി ഈ ഭാരതപ്പുഴയുടെ പോഷകനദികളിൽ ആരംഭിച്ചിട്ടുണ്ട്. മീൻകര ജലസേചനപദ്ധതി, പോത്തുണ്ടി ജലസേചനപദ്ധതി എന്നിവ പാലക്കാട്ട് ഡിസ്ട്രിക്റ്റിലും ചീരക്കുഴി ജലസേചനപദ്ധതി തൃശ്ശൂർ ഡിസ്ട്രിക്റ്റിലും ഉപയോഗപ്പെടും.

ഇവകൂടാതെ പല ചെറിയ ജലസേചനപദ്ധതികളും രാജ്യത്തിന്റെ നാനാഭാഗത്തുമുണ്ട്. വിദ്യുച്ഛക്തി ഉപയോഗിച്ച് നദികളിൽനിന്നു വെള്ളം പമ്പ് ചെയ്തെടുത്തു കൃഷി ചെയ്യുന്ന ലിഫ്റ്റ് ഇറിഗേഷൻ **(Lift irrigation)** പദ്ധതികളും പെരിയാർനദിയിലും ചാലക്കുടിപ്പുഴയിലും മററും ധാരാളമുണ്ട്. ഇതൊക്കെയായാലും കേരളത്തിന്നു ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തതയില്ല.

## 2. ജലവൈദ്യുതപദ്ധതികൾ


ഇനി നമ്മുടെ നാട്ടിലെ ജലവൈദ്യുതപദ്ധതികൾ ഏവയാണെന്നു് പരിശോധിക്കാം. പെരിയാർനദിയിലും ചാല



കുടിപ്പുഴയിലുമാണ് ഇപ്പോൾ ജലവൈദ്യുതശക്തിയുല്പാദനം നടക്കുന്നതു്. പമ്പാനദിയിലും രണ്ടാം പഞ്ചവത്സരപദ്ധതി കാലത്തു് വൈദ്യുതശക്തിയുല്പാദനത്തിന്നു് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

**പെരിയാർപദ്ധതികൾ:** പെരിയാററിലും പോഷ കനദികളിലുമായി ഇപ്പോൾ രണ്ടു് കേന്ദ്രങ്ങളിൽ ശക്തി ഉല്പാദനം നടക്കുന്നുണ്ടു്; രണ്ടു് സ്ഥലങ്ങളിൽ അതിന്നുവേണ്ട പണികൾ നടക്കുന്നു; ഒരു പുതിയ പദ്ധതിക്കുവേണ്ട അന്വേ ഷണങ്ങൾ നടത്തുന്നു. ശക്തിയുല്പാദനം നടക്കുന്നതു് പള്ളി വാസൽപദ്ധതിയിലും ചെങ്കുളംപദ്ധതിയിലുമാണു്. പന്നി യാർപദ്ധതിയുടേയും നേരിയമംഗലം പദ്ധതിയുടേയും പണി കൾ ആരംഭിച്ചുകഴിഞ്ഞു. ഇടുക്കി പദ്ധതിയെക്കുറിച്ചാണു് അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു്. പള്ളിവാ സൽ പദ്ധതിക്കു് കുണ്ടളയിലും മാട്ടുപ്പെട്ടിയിലും രണ്ടണ കൾകെട്ടി വെള്ളം സംഭരിച്ചു നിത്തുന്നുണ്ടു്. പള്ളിവാസ ലിൽ ഉപയോഗിച്ചുകഴിഞ്ഞു് ഒഴുകിവരുന്ന വെള്ളമാണു് ചെങ്കുളം പൌവർഹൌസിലും ശക്തിയുല്പാദനം നടത്തു ന്നതു്. മുതിരപ്പുഴയാററിൽ ചെന്നുചേരുന്ന പന്നിയാ ററിൽ അണകെട്ടി വെള്ളം ശേഖരിച്ചു് പന്നിയാർ പദ്ധ തിക്കു് ഉപയോഗിക്കും. പള്ളിവാസൽ, ചെങ്കുളം, പന്നി യാർ പദ്ധതികളിൽനിന്നു് ഉപയോഗശേഷം വരുന്ന വെള്ളംതന്നെയാണു് നേരിയമംഗലം പദ്ധതിയിലും ഉപ യോഗിക്കുക. ഒരേ നദിയിൽനിന്നു് എത്ര സ്ഥലത്താണു് ജലവൈദ്യുതശക്തിയുല്പാദനം നടത്തുന്നതു്! പെരിയാർ നദിയിൽതന്നെ ഇടുക്കി എന്ന സ്ഥലത്തു് അണ കെട്ടി വെള്ളംനിത്തി 5 ലക്ഷം കിലോവാട്ടു് ശക്തി ഉല്പാദി പ്പിയ്ക്കാം എന്നു് കണക്കാക്കിയിരിയ്ക്കുന്നു. ഇതിന്റെ

അന്വേഷണങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്. ഇതായിരിക്കും കേരളത്തിലെ ഏററവും വലിയ ജലവൈദ്യുതപദ്ധതി.



**ചാലക്കുടി പദ്ധതികൾ:** ചാലക്കുടി നദിയുടെ ഉത്ഭവസ്ഥാനത്ത് 38മൈൽദൂരം താഴെ ഷോലയാർ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ ഷോലയാററിൽ ഒരണകെട്ടി വെള്ളം സംഭരിച്ച് 54,000 കിലോവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാമെന്ന് കണക്കാക്കിയിരിക്കുന്നു. 380 ലക്ഷം ഉറുപ്പിക ചിലവുള്ള ഈ പദ്ധതി 1960–61ൽ മാത്രമെ പൂത്തിയാകയുള്ളൂ. എന്നാൽ ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തുതന്നെ മിക്കവാറും പൂത്തിയായ ഒരു പദ്ധതിയാണ് പെരിങ്ങൽക്കുത്ത് പദ്ധതി. അണക്കെട്ടും തുരങ്കവും, പവർഹൌസും പണിതീൻ. വിദ്യുച്ഛക്തിയുല്പാദനവും തുടങ്ങി. 24,000 കിലോവാട്ട് ശക്തി കിട്ടുന്നതിന്നുള്ള ഒരുക്കങ്ങൾ ഇപ്പോൾ ഉണ്ട്.

## 8. ബഹുമുഖപദ്ധതികൾ

നമ്മുടെ നദികളിലെ പദ്ധതികൾ ഓരോന്നും ജലസേചനത്തിനോ, വിദ്യുച്ഛക്തിയുല്പാദനത്തിനോ, വെള്ളപ്പൊക്ക നിരോധനത്തിനോ, ഉപ്പുവെള്ളം കയറുന്നതു് തടയുന്നതിനോ, ഗതാഗതസൌകര്യങ്ങൾ വദ്ധിപ്പിക്കുന്നതിനോ, മീൻവളത്തുകേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിനോ ഉപയോഗപ്പെട്ടനവയായിരിക്കും. എന്നാൽ ഒന്നിൽകൂടുതൽ കാര്യങ്ങൾക്ക് ഒരേസമയത്ത് ഉപകരിക്കപ്പെടുന്ന പദ്ധതികളാണ് പലതും. ഇവയെ വിവിധോദ്ദേശപദ്ധതികൾ അല്ലെങ്കിൽ ബഹുമുഖ പദ്ധതികൾ എന്നു് പറയുന്നു, ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പമ്പയാർ പദ്ധതി, കുട്ടനാട്ട് വികസന പദ്ധതി, കാട്ടാമ്പള്ളി പദ്ധതി എന്നിവ ബഹുമുഖപദ്ധതികളാണ്.

**പമ്പയാർ പദ്ധതി:** രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി പണി തുടങ്ങിയിരിക്കുന്നു. 3 ലക്ഷം

കിലോവാട്ട് ജലവൈദ്യുതശക്തിയുല്പാദിപ്പിക്കവാനും, ജലസേചനത്തിന്നും, ഗതാഗതത്തിന്നും ഇതുപകരിക്കും.

**കുട്ടനാട് വികസനപദ്ധതി:** കേരളത്തിലെ നെല്ലറയായ കുട്ടനാടൻപ്രദേശങ്ങളുടെ പുരോഗതിക്ക് ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തുതന്നെ ആവിഷ്കരിച്ചതാണിതു്. മണിമലയാറ്, പമ്പയാറ്, അച്ചൻകോവിലാറ് എന്നീ നദികൾ ഒഴുകിവരുന്ന കുട്ടനാടൻ പ്രദേശത്തിനു് മുഖ്യമായി 3 വിഷമങ്ങളാണുള്ളതു്—വർഷക്കാലത്തു് വെള്ളപ്പൊക്കംകൊണ്ടുള്ള കെടുതി, വേനൽക്കാലത്തു് കൃഷിസ്ഥലങ്ങളിൽ വെമ്പനാട്ട്കായലിൽനിന്നു് ഉപ്പുവെള്ളം കയറുന്നതുകൊണ്ടുള്ള ദോഷം, ഗതാഗതത്തിന്നുള്ള ദുഃയാസം. ഈ വിഷമങ്ങൾ പരിഹരിക്കുവാനാണു് കുട്ടനാട് പദ്ധതി തയ്യാറാക്കിയതു്. വർഷക്കാലത്തു് മലവെള്ളം കായലിലേക്കു് ഒഴുക്കിക്കളയുന്നതിനു് തോട്ടപ്പള്ളി സ്പിൽവെ നിർമ്മിച്ചു. പമ്പയാറണയും വെള്ളപ്പൊക്കകെടുതിയെ പരിഹരിക്കുവാൻ സഹായിക്കും. ആലപ്പുഴ—ചങ്ങനാശ്ശേരി കനാൽ-റോഡ് നിർമ്മാണം ഈ പദ്ധതിയിലെ ഒരു ഇനമാണു്. തോട്ടപ്പള്ളി സ്പിൽവെയും, കനാൽ—റോഡ്നിർമ്മാണവും പൂർത്തിയായി. ഇപ്പോൾ ഉപ്പുവെള്ളം കയറുന്നതു തടയുന്നതിനായി വെമ്പനാട്ട് കായലിൽ തണ്ണീർമുക്കം ബണ്ട് പണി ആരംഭിച്ചിരിക്കുന്നു. ഈ പണി പൂർത്തിയാകുമ്പോൾ അതു് ശുദ്ധജലവിതരണത്തിന്നും തോട്ട് ഗതാഗതത്തിന്നും ഉപകരിക്കും.

**കാട്ടാമ്പള്ളി പദ്ധതി:** ഇതു് ഉത്തരകേരളത്തിലെ പ്രഥമ വൻകിട പദ്ധതിയാണു്. വളർപട്ടണം പുഴയുടെ ഒരു പോഷകനദിയാണു് കാട്ടാമ്പള്ളി നദി. അഴിമുഖത്തി

ഞട്ടത്തുവെച്ചാണു് ഇതു വളർപട്ടണം പുഴയിൽ ചേരുന്നതു്. ഈ നദീമുഖംവഴി ഉപ്പുവെള്ളം കയറുകയും വർഷകാലത്തു് നദീതടത്തിൽ വെള്ളപ്പൊക്കം ഉണ്ടാവുകയും സാധാരണമാണു്. ഈ ദോഷങ്ങൾ ഇല്ലായ്മചെയ്യുന്നതിനും ഗതാഗതം വർദ്ധിപ്പിക്കുന്നതിനും കാട്ടാമ്പള്ളി പദ്ധതിയിൽ താഴെ പറയുന്ന പണികൾ ഉൾപ്പെടുത്തിയിരിക്കുന്നു:— ഉപ്പുവെള്ളം കയറുന്നതു് തടയുവാൻ ഒരു റഗുലേറ്റർ നിർമ്മിക്കുക, റെഗുലേറ്ററിനു തുടർച്ചയായി ഒന്നരമൈൽ ദൂരം ഒരു റോഡു് വെള്ളപ്പൊക്കനിരപ്പിനു മുകളിലേക്കുയർത്തുക, റെഗുലേറ്ററിനോടനുബന്ധിച്ചു് നൂറടി നീളത്തിലും ഇരുപതടി വീതിയിലും ഒരു നാവിഗേഷൻ ലേക്കു് (Navigation Lake) നിർമ്മിക്കുക, വെള്ളപ്പൊക്കകാലത്തു് പുഴയിലെ വെള്ളം പമ്പുചെയ്യുന്നതിനു് ഒരു പമ്പ്ഹൌസു് കെട്ടുക. 1958 ജനുവരിയിൽ പണി ആരംഭിച്ച ഈ പദ്ധതി 3 കൊല്ലം കൊണ്ടു് പൂർത്തിയാകും.

കേരളത്തിന്റെ നദീജലസമ്പത്തു് വളരെ കുറച്ചു് മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളു. മേൽ വിവരിച്ച നദീതട പദ്ധതികൾ കൂടാതെ ഇനിയും പുതിയ പദ്ധതികൾ കേരളത്തിൽ ആവിഷ്കരിക്കുവാൻ സാധിക്കും.

**ചോദ്യങ്ങൾ:**

1) കേരളത്തിലെ പ്രധാന ജലസേചനപദ്ധതികൾ ഏവ?

2) ബഹുമുഖപദ്ധതി എന്നാൽ എന്തു്? ഉദാഹരണങ്ങൾ പറയുക.

അദ്ധ്യായം 3.

# കേരളത്തിലെ പ്രധാന പട്ടണങ്ങൾ

## 1. സാമാന്യ വിവരണം

ലോകത്തിൽ ഏററവും അധികം ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കേരളം. 136 ലക്ഷം ജനങ്ങൾ ഇവിടെ അധിവസിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ 30 മുനിസിപ്പൽ പട്ടണങ്ങളുണ്ട്. ഒരു ലക്ഷത്തിനു മീതെ ജനസംഖ്യയുള്ള മൂന്നു നഗരങ്ങളാണ് തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ എന്നിവ. തിരുവനന്തപുരത്തെ ഒരു 'കോർപ്പറേഷൻ' ആയി ഉയർത്തിയിട്ടുണ്ട്. 1958 ഏപ്രിൽ 1-ാംനു മുതൽ കോഴിക്കോടും ഒരു കോർപ്പറേഷൻ നഗരമായി. കൊച്ചി, തൃശ്ശൂർ, പാലക്കാട്, കൊല്ലം, എറണാകുളം എന്നിവ ഒരു ലക്ഷത്തിന്നും അര ലക്ഷത്തിനും മിടയ്ക്ക് ജനസംഖ്യയുള്ള പട്ടണങ്ങളാകുന്നു.

## 2. പ്രധാനപട്ടണങ്ങളുടെ വളർച്ചയ്ക്കുള്ള കാരണങ്ങൾ

ജനങ്ങൾ തിങ്ങിപ്പാർത്ത് പട്ടണങ്ങളായി വളർന്നുവരുവാൻ പല കാരണങ്ങളുമുണ്ട്. രാജ്യത്തിന്റെ തലസ്ഥാനം അല്ലെങ്കിൽ ഭരണകേന്ദ്രം എന്ന നിലയിൽ ചിലേടത്ത് ആളുകൾ തിങ്ങിക്കൂടി. ഉദാഹരണം: തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്. വാണിജ്യസൌകര്യങ്ങളുള്ള സ്ഥലങ്ങളിലും ജനങ്ങൾ തടിച്ചുകൂടി പട്ടണങ്ങളുണ്ടായി. ഉദാഹരണം: ആലപ്പുഴ, കൊച്ചി. മററു ചില സ്ഥലങ്ങളിൽ വ്യവസായസൌകര്യമാണ് ജനങ്ങളെ ആകർഷി

ണ്ടു്. ഉദാഹരണം: ആലുവ. വിദ്യാകേന്ദ്രങ്ങളുടെ സ്ഥിതി, ദേവാലയങ്ങളുടെ പ്രശസ്തി, സുഖവാസസ്ഥലമെന്ന നിലയിലുള്ള പ്രാധാന്യം മുതലായ കാരണങ്ങളും പട്ടണങ്ങളുടെ വളർച്ചക്കു സഹായിച്ചിട്ടുണ്ടു്.

## 3. ഒരു പ്രത്യേകത


കേരളത്തിലെ പ്രധാന പട്ടണങ്ങൾ എല്ലാംതന്നെ കടലോരത്തു് സ്ഥിതിചെയ്യുന്നു. പാലക്കാടും തൃശ്ശൂരും ആലുവയും മാത്രമാണു് കടൽതീരത്തല്ലാത്ത പ്രധാന പട്ടണങ്ങൾ. എന്താണീ സ്ഥിതിക്കു കാരണം? കൃഷിയും, വാണിജ്യവും, വ്യവസായവുമെല്ലാം സമുദ്രതീരസമതലത്തിലാണു് നടക്കുന്നതു്. കേരളത്തിൻെറ മലമ്പ്രദേശത്തുണ്ടാകുന്ന വാണിജ്യവിളവുകൾ കടലോരപട്ടണങ്ങളിൽകൂടിയാണു് വിദേശങ്ങളിലേക്കു കയററിഅയക്കുന്നതു്.

## 4. ചില പട്ടണങ്ങൾ

**കണ്ണൂർ:**—കേരളത്തിലെ വടക്കെ ഡിസ്ത്രിക്ടിൻെറ തലസ്ഥാനമാണു് കണ്ണൂർ. ഇതു ബ്രിട്ടീഷുകാരുടെ കാലത്തു ഒരു സൈന്യത്താവളമായിരുന്നു. തുണിവ്യവസായം കൈത്തറിയും യന്ത്രവും ഉപയോഗിച്ചു് നടത്തുന്ന ഒരു കേന്ദ്രമാണു്. തുറമുഖസൌകര്യവുമുണ്ടു്.

**തലശ്ശേരി:**—കണ്ണൂരിന്നു് അല്പം തെക്കായി സ്ഥിതിചെയ്യുന്ന ഒരു കടലോരപട്ടണമാണു് തലശ്ശേരി. കണ്ണൂർ ഡിസ്ത്രിക്ടിലെ രണ്ടാമത്തെ പട്ടണമായ തലശ്ശേരിയിൽ ഒരു ഒന്നാംഗ്രേഡു് കോളേജ് ഉണ്ടു്. കണ്ണൂരിൻെറ അത്രതന്നെ തലശ്ശേരി അഭിവൃദ്ധി പ്രാപിച്ചിട്ടില്ല. രണ്ടു സ്ഥലത്തും തെങ്ങു ധാരാളമായി വളരുന്നു.

**കോഴിക്കോട്ട്:**—പഴയ കാലം മുതല്ക്കുതന്നെ പ്രസിദ്ധിയുള്ള പട്ടണമാണിതു്. വാസ്ക്കോഡിഗാമ കപ്പലിൽ വന്നിറങ്ങിയതു് ഇവിടെയാണല്ലോ. ബ്രിട്ടീഷ്മലബാ



റിൻെറ തലസ്ഥാനവും ഇതായിരുന്നു. ഇപ്പോൾ ഈ പട്ടണം കോഴിക്കോട്ട് ഡിസ്ത്രിക്ടിൻെറ ആസ്ഥാനമാണു്. ഒന്നരലക്ഷത്തിലധികം ജനസംഖ്യയുള്ള കോഴിക്കോട്ട് കേരളത്തിലെ രണ്ടാമത്തെ വലിയ പട്ടണമാണു്. കേരളത്തിലെ രണ്ടാമത്തെ മെഡിക്കൽകോളേജ് ഇവിടെയാണു് സ്ഥാപിച്ചിട്ടുള്ളതു്. വേറെ മൂന്നു കോളേജുകളും ഒരു നല്ല ആസ്പത്രിയും ഇവിടെയുണ്ടു്. വസ്ത്രനെയ്ത്തു്, സോപ്പുനിർമ്മാണം, ഓട്ടുനിർമ്മാണം, മത്സ്യവ്യവസായം എന്നിവ ഇവിടെ നടക്കുന്നു. വാണിജ്യകേന്ദ്രമായ കോഴിക്കോടിൽ ഒരു കടൽപാലവുമുണ്ടു്. കേരളഗവണ്മെണ്ടു് ഇപ്പോൾ ഇതിനെ ഒരു കോർപ്പറേഷൻ നഗരമായി ഉയർത്തിയിരിക്കുന്നു.

**പാലക്കാട്:—** പാലക്കാട് ഡിസ്ത്രിക്ടിൻെറ തലസ്ഥാനമാണു് ഈ പട്ടണം. ഇതിന്നു സമീപമാണു് മലമ്പുഴ അണക്കെട്ട്. ഈ പട്ടണത്തിൽ ടിപ്പുസുൽത്താൻ പണിയിച്ച ഒരു ചരിത്രപ്രസിദ്ധമായ കോട്ടയുണ്ടു്. കേരളത്തിൻെറ കിഴക്കെഭാഗത്തു് മലയോടടുത്തു കിടക്കുന്ന ഈ പട്ടണത്തിൽ ഒരു വലിയ ഒന്നാംഗ്രേഡ് കോളേജ് ഉണ്ടു്. പശ്ചിമഘട്ടത്തിലുള്ള പാലക്കാട്ട് ചുരത്തിലാണു് ഇതു സ്ഥിതിചെയ്യുന്നതു്. കിഴക്കൻ പ്രദേശങ്ങളിലേക്കുള്ള ചുരത്തിൻെറ വാതുക്കൽ സ്ഥിതിചെയ്യുന്നതുകൊണ്ടു് ഇതു ഒരു കച്ചവടസങ്കേതം കൂടിയാണു്.

**തൃശ്ശൂർ:** കേരളത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന തൃശ്ശൂർ പട്ടണം തൃശ്ശൂർ ഡിസ്ത്രിക്ടിൻെറ തലസ്ഥാനമാണു്. പഴയ കൊച്ചിരാജ്യത്തിൻെറ ഒരു രണ്ടാം തലസ്ഥാനമായിരുന്നു തൃശ്ശൂർ. പല കോളേജുകളും അനേകം വിദ്യാലയങ്ങളും, കാഴ്ചബംഗ്ലാവ്, മൃഗശാല, ബ്രാഡ്കാ

സ്റ്റിംങ്ങ് സ്റ്റേഷൻ വടക്കുന്നാഥക്ഷേത്രമൈതാനത്തിൽ കൊല്ലംതോറും നടത്തിവരുന്ന പൂരമഹോത്സവം എന്നിവകളും തൃശ്ശൂരിൻെറ പ്രശസ്തി വർദ്ധിപ്പിക്കുന്നു. നാനാ ദിക്കുകളിൽ നിന്നും ബസ്സുകൾ വന്നുചേരുന്ന ഒരു സ്ഥലമാണു് തൃശ്ശൂർ. ജലമാർഗ്ഗമായും റെയിൽമാർഗ്ഗമായും തൃശ്ശൂർ മററു് സ്ഥലങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഒരു വലിയ വാണിജ്യകേന്ദ്രമായ തൃശ്ശൂർ തുണിവ്യവസായം, ഓട്ടണ്ടാക്കൽ, ആഭരണനിർമ്മാണം മുതലായവയുടെ ഒരു ·കേന്ദ്രംകൂടിയാണു്. കേരളത്തിലെ ഏക വെറേറർണറികോളേജ് ഇവിടെയാണു സ്ഥാപിച്ചിട്ടുള്ളതു്.

**ആലുവാ:** കേരളത്തിലെ ഏററവും വ്യവസായപ്രാധാന്യമുള്ള സ്ഥലമാണ് ആലുവാ. പള്ളിവാസലിൽ നിന്നു വരുന്ന വിദ്യുച്ഛക്തി സൌകര്യമായി ആലുവായിൽ ലഭിക്കുന്നതുകൊണ്ടു് പല വ്യവസായങ്ങളും ആലുവായിലോ അതിനടുത്തോ കേന്ദ്രീകരിച്ചിരിക്കുന്നു. കൃത്രിമ വളനിർമ്മാണം, ഗ്ലാസ് ഫാക്ടറി, അലൂമിനിയം ഫാക്ടറി, കൃത്രിമ പട്ടു് (Rayons) വ്യവസായം, അപൂർവ്വ ലോഹമണൽ വ്യവസായം മുതലായവ ഇവിടെ നടക്കുന്നു. പെരിയാറിൻെറ തീരത്തുള്ള ഒരു സുഖവാസസ്ഥലവുമാണിതു്. ഒരു വലിയ ഒന്നാംഗ്രേഡ് കോളേജും ആസ്പത്രിയും പല തുണിമില്ലുകളും ഇവിടെയുണ്ടു്. ആലുവായിലെ ശിവരാത്രി മഹോത്സവം സുപ്രസിദ്ധമാണു്.

**എറണാകുളം:** പഴയ കൊച്ചിരാജ്യത്തിൻെറ തലസ്ഥാനമായിരുന്നു എറണാകുളം. തിരുവിതാംകൂർ കൊച്ചി സംയോജനത്തിന്നു് ശേഷം തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഉൾപ്പെട്ടിരുന്നു. ഇപ്പോൾ എറണാകുളം കേന്ദ്രമായി ഒരു പുതിയ

(ഒണോതാമത്തെ) ഡിസ്ട്രിക്റ്റ് രൂപീകരിച്ചിട്ടുണ്ട്. കേരള ഹൈക്കോടതി ഇവിടെയാണ് സ്ഥിതിചെയ്യുന്നതു്. വിമാനത്താവളം, കൊച്ചി തുറമുഖം, നാവികകേന്ദ്രം എന്നിവ അടുത്തു് കിടക്കുന്നതുകൊണ്ട് എറണാകുളത്തെ ജനബാഹുല്യം വർദ്ധിച്ചുവരുന്നു. ടാററാ ഓയിൽകമ്പനി, കാൽടെക്സ്, ബർമ്മാഷെൽ മുതലായ പെട്രോൾ കമ്പനികൾ എറണാകുളത്തിൻെറ വ്യവസായപ്രാധാന്യത്തിന്നു് തെളിവാണു്. ബോട്ടടുക്കുന്ന അനേകം താവളങ്ങളും ഇവിടെയുണ്ട്.

**കൊച്ചി:** മട്ടാഞ്ചേരി എന്നും ഇതിന്ന പേരുണ്ട്. വിസ്തീർണ്ണം കുറവാണെങ്കിലുവലിയ ൦ വ്യാപാരകേന്ദ്രമാണു്. കയററുമതിയും ഇറക്കുമതിയും ചെയ്യുന്നതിന്നു് വമ്പിച്ച സൌകര്യങ്ങളുള്ള ഒരു തുറമുഖപട്ടണമാണ് കൊച്ചി. കയർ, തേയില, കുരുമുളക്, ഏലം, റബ്ബർ എന്നിവയാണ് പ്രധാന കയററുമതികൾ, വിദേശ വാണിജ്യത്തിൻെറ കേന്ദ്രമാകുന്ന ഇവിടം. തുണി, യന്ത്രസാമഗ്രികൾ, മണ്ണെണ്ണ, ഇരിമ്പ് ഉരുക്ക് സാധനങ്ങൾ, ഔഷധങ്ങൾ, ഭക്ഷ്യധാന്യങ്ങൾ എന്നിവ കേരളത്തിലേക്കു് കൊച്ചിയിൽകൂടി ഇറക്കുമതി ചെയ്യപ്പെടുന്നു. കൊച്ചി ഇന്ത്യൻ നാവികസൈന്യത്തിൻെറ ഒരു താവളം കൂടിയായപ്പോൾ, അതിൻെറ പ്രാധാന്യം ഇരട്ടിയായി.

**കോട്ടയം:** മീനച്ചിൽ നദീതീരത്തു് സ്ഥിതിചെയ്യുന്ന ഈ പട്ടണം കേരളത്തിലെ സമ്പൽസമൃദ്ധിയുള്ള ഒരു പട്ടണമാണു്. കോട്ടയം ഡിസ്ട്രിക്ടിൻെറ തലസ്ഥാനവും ഇതുതന്നെ. മലഞ്ചരക്കുകൾ ശേഖരിക്കുന്ന ഒരു വലിയ കേന്ദ്രമാണിതു്. നാനാഭാഗത്തുനിന്നുമായി ധാരാളം ബസ്സു

കളും ബോട്ടുകളും ഇവിടെ വന്നുചേരുന്നു. കേരളത്തിലെ സിമൻറ് വ്യവസായകേന്ദ്രവും കോട്ടയത്തിന്നു സമീപ മാകുന്നു.

**ആലപ്പുഴ:** ധാരാളം തോടുകളുള്ള ആലപ്പുഴ വ്യവസായവും വാണിജ്യവുംമൂലമാണ് അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതു്. കയർഫാക്ടറികളാണധികവും. ആലപ്പുഴ കേന്ദ്രമാക്കി ഒരു പുതിയ ഡിസ്ത്രിക്ട് സ്ഥാപിച്ചിട്ടുണ്ട്. തുറമുഖസൗകര്യമുള്ള ആലപ്പുഴയിൽ ഒരു കടൽപാലം ഉണ്ട്. കയറും കയറുല്പന്നങ്ങളുമാണ് പ്രധാന കയററുമതി. കുട്ടനാട്ട വികസനപദ്ധതി പൂർത്തിയാകുമ്പോൾ ആലപ്പുഴയും സമീപ പ്രദേശങ്ങളുമായുള്ള ഗതാഗതം അഭിവൃദ്ധിപ്പെടും. കോളേജുകളും കോടതികളും ആസ്പത്രിയുമുണ്ട്.

**കൊല്ലം:** അഷ്ടമുടിക്കായലോരത്തു് സ്ഥിതിചെയ്യുന്ന കൊല്ലം പ്രസിദ്ധമായ ഒരു പട്ടണമാണ്. കൊല്ലം ഡിസ്ത്രിക്ടിൻെറ തലസ്ഥാനവും ഇതുതന്നെ. കോളേജുകൾ കോടതികൾ, ആസ്പത്രി എന്നിങ്ങിനെയുള്ള സ്ഥാപനങ്ങൾ എല്ലാമുണ്ട്. കശുവണ്ടിവ്യവസായം, ഓട്ടുണ്ടാക്കൽ, കേര വ്യവസായം എന്നിവകളെല്ലാം പ്രശസ്തിയുള്ള പട്ടണമാണ് കൊല്ലം. ചെറിയ കപ്പലുകൾ ഇവിടെ അടുക്കും. ധാരാളം ബോട്ടുകളും വന്നടുക്കുന്നുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം മുതലായ പട്ടണങ്ങളുമായി ജലമാർഗ്ഗം ബന്ധപ്പെട്ടിരിക്കുന്നു. കൊല്ലത്തിനടുത്തുള്ള കടലോരത്തുനിന്നും ലോഹമണലുകൾ കിട്ടുന്നുണ്ട്.

**തിരുവനന്തപുരം:** കേരളസ്റ്റെയിററിൻെറ തലസ്ഥാനനഗരമായ തിരുവനന്തപുരത്ത്അനവധി ഗവണ്മെണ്ടു ആപ്പീസ്സുകളും കോളേജുകളുമുണ്ട്. കേരളസർവ്വകലാശാല,കാഴ്ച

ബംഗ്ലാവ്, മൃഗശാല, മനോഹരങ്ങളായ കെട്ടിടങ്ങൾ, ഉദ്യാനങ്ങൾ, സ്റ്റേഡിയം, ബീച്ച് ആദിയായവ തിരുവനന്തപുരത്തെ ഒരു അന്തസ്സുള്ള നഗരമാക്കിയിട്ടുണ്ട്. ഒരു വിമാനതാവളവും ഒരു കടൽപാലവും അവിടെയുണ്ട്. തിരുവനന്തപുരത്തെ ശുദ്ധജലവിതരണം വളരെ മെച്ചമാണ്. ആനക്കൊമ്പുകൊണ്ട് കൌതുകവസ്തുക്കൾ നിർമ്മിക്കലും, റബ്ബർവ്യവസായവും ഇവിടത്തെ പ്രധാന വ്യവസായങ്ങളാണ്. ജനസംഖ്യ രണ്ടു ലക്ഷത്തോളം വരും. കേരളത്തിൽ തെക്കൻ റെയിൽവെ അവസാനിക്കുന്ന തെക്കെഅറ്റത്തെ കേന്ദ്രമാണ് ഈ പട്ടണം.

ഇവ കൂടാതെ വേറെയും അനവധി പ്രസിദ്ധസ്ഥലങ്ങൾ നമ്മുടെ നാട്ടിലുണ്ട്. മേൽവിവരിച്ച പന്ത്രണ്ട് പട്ടണങ്ങളിൽ ഒമ്പതെണ്ണവും ഡിസ്ട്രിക്ട് തലസ്ഥാനങ്ങളാണ്. മററ് 3 എണ്ണം വലിയ വ്യവസായ വാണിജ്യകേന്ദ്രങ്ങളുമാണ്. ഗുരുവായൂർ, വൈക്കം എന്നീ സ്ഥലങ്ങൾ പ്രധാന ക്ഷേത്രങ്ങൾ ഉള്ളതുകൊണ്ട് പ്രസിദ്ധമായി.

**ചോദ്യങ്ങൾ:**

1) കേരളത്തിലെ ഒരു ലക്ഷത്തിൽ മീതെ ജനസംഖ്യയുള്ള നഗരങ്ങൾ ഏവ?
2) ഡിസ്ട്രിക്ട് തലസ്ഥാനങ്ങളായ പട്ടണങ്ങളുടെ പേരുകൾ എഴുതുക.
3) ആലുവാ എന്തുകൊണ്ട് ഒരു പ്രധാന പട്ടണമായി?
4) കേരളത്തിലെ തുറമുഖസൌകര്യങ്ങളുള്ള പട്ടണങ്ങൾ ഏവ?

## അദ്ധ്യായം 4.

# ഗതാഗതവും വാർത്താവിനിമയവും.


## 1. ഗതാഗതമാർഗ്ഗങ്ങൾ

നമ്മുടെ സ്റ്റേയിററിലെ ഗതാഗതമാർഗ്ഗങ്ങൾ 4 തരമാണ്—1) ജലമാർഗ്ഗം 2) റോഡുകൾ 3) റെയിൽപാതകൾ 4) വിമാനമാർഗ്ഗം.

**ജലമാർഗ്ഗം:** ജലമാർഗ്ഗമായുള്ള ഗതാഗതത്തിനു ധാരാളം സൗകര്യമുള്ള ഒരു നാടാണു് കേരളം. പടിഞ്ഞാറുള്ള അറബിക്കടൽ കപ്പൽഗതാഗതത്തിനു പററിയതാകുന്നു. വടക്കു് കണ്ണൂർ മുതൽ തെക്കു് വിഴിഞ്ഞംവരെ ഒരു തീരപ്രദേശ കപ്പൽഗതാഗതം നടത്താവുന്നതാണു്. കായലുകളും തോട്ടുകളും നദികളും വഴിയായി തിരുവനന്തപുരം മുതൽ തൃശ്ശൂർവരെ സഞ്ചരിക്കാം. ചില കനാലുകളും തോട്ടുകളും വെട്ടി ശരിപ്പെടുത്തിയാൽ തൃശ്ശൂരിന്നു വടക്കോട്ടും ജലമാർഗ്ഗം സഞ്ചരിക്കാവുന്നതാണു്. കൂടുതൽ ദൂരം തോട്ടുകൾ വെട്ടുന്നതിന്നും തുറമുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കേന്ദ്രഗവണ്മെണ്ടും കേരളഗവണ്മെണ്ടും ശ്രമിക്കുന്നുണ്ടു്.

**റോഡുകൾ:** റോഡുഗതാഗതത്തിൻെറ കാര്യത്തിലും കേരളത്തിൻെറ നില വളരെ മെച്ചപ്പെട്ടതാണു്. കേരളത്തിലെ പ്രധാന പട്ടണങ്ങളെല്ലാംതന്നെ റോഡു്മാർഗ്ഗം ബന്ധപ്പെട്ടിരിക്കുന്നു. 9000 മൈൽ റോഡുകളുണ്ടു് കേരളത്തിൽ. വടക്കുള്ള മഞ്ചേശ്വരം മുതൽ തെക്കുള്ള പാറശ്ശാലവരെ സഞ്ചരിക്കാവുന്ന നല്ല മോട്ടോർറോഡുണ്ടു്. സ്റ്റേയിററ്


ട്രാൻസ്പോർട്ട് എക്സ്പ്രസ്സ് ബസ്സ് കണ്ണൂരിൽനിന്നു് പുറപ്പെട്ടു് കോഴിക്കോട്ടു്, പാലക്കാട്ടു്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം എന്നിവ കടന്നു് തിരുവനന്തപുരത്തേക്കു് ഓടിക്കൊണ്ടിരിക്കുന്നു. അതുപോലെ തിരുവനന്തപുരത്തുനിന്നു് വടക്കോട്ടു് കണ്ണൂർക്കും എക്സ്പ്രസ്സ് ബസ്സ് പോകു



ന്നുണ്ട്. തെക്കുവടക്ക് കിടക്കുന്ന പ്രധാന റോഡുകൾ കണ്ണൂർ—കോഴിക്കോട്ട്—പാലക്കാട്ട് റോഡ്, ഷൊർണ്ണൂർ—തൃശ്ശൂർ—എറണാകുളം— ആലപ്പുഴ— കൊല്ലം—തിരുവനന്തപുരം റോഡ്, ആലുവാ—കോട്ടയം—തിരുവനന്തപുരം റോഡ് എന്നിവയാകുന്നു. കിഴക്കുപടിഞ്ഞാറു കിടക്കുന്ന പ്രധാന റോഡുകൾ കൊല്ലം—ചെങ്കോട്ട റോഡ്, കോട്ടയം—കുമിളി റോഡ്, ആലുവ—മൂന്നാർ റോഡ്, തൃശ്ശൂർ—പാലക്കാട്ട് റോഡ്, പൊന്നാനി—ഷൊർണ്ണൂർ—പാലക്കാട്ട് റോഡ്, കോഴിക്കോട്ട്—ഗൂഡല്ലൂർ റോഡ്, തലശ്ശേരി—മാനന്തവാടി റോഡ്, കണ്ണൂർ—മെർക്കാറ റോഡ് എന്നിവയാണ്.

**റെയിൽപാതകൾ:** കേരളത്തിൽ റെയിൽപാതകളുടെ കേന്ദ്രം ഷൊർണ്ണൂർ ആകുന്നു. ഷൊർണ്ണൂരിന്നു തീരപ്രദേശംവഴി കോഴിക്കോട്ടും കണ്ണൂരും കടന്ന് മൈസൂർ സ്റ്റെയിററിലുള്ള മംഗലാപുരത്തേക്ക് പോകുന്ന പാതയുണ്ട്. ഷൊറണ്ണൂർ—നിലമ്പൂർ റെയിൽപാത ഷൊറണ്ണൂരിന്നു നേരെ വടക്കോട്ട പോകുന്നു. കിഴക്കോട്ട പോകുന്ന പാത വാളയാർ സ്റ്റേഷൻ കഴിഞ്ഞാൽ മദിരാശി സ്റ്റെയിററിൽ പ്രവേശിച്ച് മദിരാശിയിലേക്ക് പോകുന്നു. ഈ ലയിനിലുള്ള ഒലവക്കോട്ടുനിന്നു വേറെ ഒരു ലയിൻ പാലക്കാട്ട്, കൊല്ലങ്കോട്ട് മുതലായവ കടന്ന് മദിരാശി സ്റ്റെയിററിലേക്ക് പോകുന്നുണ്ട്. ഷൊറണ്ണൂരിന്നു തെക്കോട്ട പോകുന്നതു തൃശ്ശൂർ, ചാലക്കുടി, എറണാകുളം വഴി കൊച്ചിൻ ഹാർബർ ടെർമിനസ്സിൽ ചെന്നവസാനിക്കുന്നു. കൊല്ലം ആകുന്നു കേരളത്തിലുള്ള മീററർഗേജ് റെയിൽപാതകളുടെ കേന്ദ്രം. തെക്കോട്ട് തിരുവനന്തപുരത്തേക്കും, കിഴക്കോട്ട് ചെങ്കോട്ട വഴി മദിരാശി സ്റ്റെയിററിലേക്കും, വടക്കോട്ട് കോട്ടയംവഴി എറണാകുളത്തേക്കും കൊല്ലത്തുനിന്നു റെയിൽപാതകളുണ്ട്,

ഒലവക്കോട്ട് ഡിണ്ടിക്കൽ ലൈനിൽ, പാലക്കാട്ട് വരെ മീറ്റർഗേജും ബ്രാഡ്ഗേജും, പാലക്കാട്ട് കഴിഞ്ഞാൽ മീറ്റർഗേജ് മാത്രവുമാണുള്ളത്. ആകെ 550 മൈൽ റെയിൽപാതയുണ്ട്.



**വിമാനമാർഗ്ഗം:** രണ്ടു് വിമാനത്താവളങ്ങളാണു് കേരളത്തിലുള്ളതു്. തിരുവനന്തപുരത്തും കൊച്ചിയിലുമാണവ. തിരുവനന്തപുരത്തുനിന്നു് എറണാകുളംവഴി ബോംബെയിലേക്കും, മദ്രാസിലേക്കും വിമാനസർവ്വീസ് നടത്തുന്നുണ്ടു്. ഇന്ത്യൻ എയർ ലൈൻസ് കോർപ്പറേഷൻ (Indian Air Lines) എന്ന ഇന്ത്യാഗവണ്മെണ്ടുകമ്പനിയാണു് ഈ വിമാനസർവ്വീസ് നടത്തുന്നതു്. വിമാനത്തിൽ കൊച്ചിയിൽനിന്നു് തിരുവനന്തപുരത്തെത്തുവാൻ 45 മിനുട്ടേ ആവശ്യമുള്ളു. എക്സ്പ്രസ്സ് ബസ്സിലാണെങ്കിൽ 7 മണിക്കൂറിൽ അധികം വേണം.

## 2. വാർത്താവിനിമയമാർഗ്ഗങ്ങൾ

ഗതാഗതകാര്യത്തിലെന്നപോലെ വാർത്താവിനിമയവിഷയത്തിലും കേരളത്തിൽ നല്ല സൌകര്യങ്ങളുണ്ടു്. തപാൽ ആപ്പീസ്സുകൾ, ടെലെഗ്രാഫ്, ടെലഫോൺ, റേഡിയോ, ടെലപ്രിൻറർ എന്നിവ വാർത്താവിനിമയം വേഗത്തിൽ നടത്തുന്നതിന്നു് നമ്മെ സഹായിക്കുന്നു.

**തപാൽസൌകര്യങ്ങൾ:** കേരളത്തിൽ തപാൽ ആപ്പീസ് ഇല്ലാത്ത സ്ഥലം കാണുന്നതല്ല. അതുകൊണ്ടു് നിങ്ങൾക്കു് കേരളത്തിലെ ഏതു ഗ്രാമത്തിലേക്കും കത്തുകളയക്കാം. കേരളത്തിനു് പുറത്തു് ഇന്ത്യയിലും, ഇന്ത്യക്കു പുറത്തു് ലോകത്തിലെ മററു രാജ്യങ്ങളിലും ഇതുപോലെ തപാലാപ്പീസുകളുണ്ടു്. അതുകൊണ്ടു് നമുക്കു് വെളിയിലേക്കും കത്തുകൾ അയക്കുന്നതിനു് പ്രയാസമില്ല. ഇതു് ഒരു വലിയ സൌകര്യംതന്നെയാണു്. അല്ലെങ്കിൽ, ദൂരദേശത്തു് പാർക്കുന്ന നമ്മുടെ ബന്ധുമിത്രാദികളെ നമ്മുടെ വർത്തമാന

ങ്ങൾ അറിയിക്കുന്നതിനു് നാം ആളെ അയക്കേണ്ടിവരുമായിരുന്നു. അതിനു് വലിയ പണച്ചിലവും സമയനഷ്ടവും വരുമല്ലോ. എന്നാൽ 5 നയാപൈസ വിലയുള്ള ഒരു തപാൽ കാർഡു് മതി ഇന്ത്യയിൽ എവിടെ താമസിക്കുന്ന ഒരാൾക്കും ഒരെഴുത്തു എത്തിക്കുവാൻ. അധികം വിവരങ്ങൾ എഴുതുവാനുണ്ടെങ്കിൽ 15 നയാപൈസ വിലയുള്ള തപാൽക്കൂട്ട് ഉപയോഗിക്കാം. കാർഡായാലും കൂടായാലും ശരിക്കു് മേൽവിലാസമെഴുതി, ആവശ്യമുള്ള സ്റ്റാമ്പൊട്ടിച്ചു്, തപാൽപെട്ടിയിലിട്ടാൽ, തപാൽവകുപ്പ് ഉദ്യോഗസ്ഥന്മാർ ആ കത്തുകൾ മേൽവിലാസക്കാരക്കെത്തിച്ചുകൊടുക്കും. പ്രധാന നഗരങ്ങളിൽ ഒരു ദിവസത്തിൽതന്നെ പല പ്രാവശ്യവും കത്തുകൾ തരംതിരിച്ചു മററു സ്ഥലങ്ങളിലേക്കയക്കുകയും, അതുപോലെത്തന്നെ അവിടെ വരുന്ന കത്തുകൾ മേൽവിലാസക്കാർക്കു് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു.

**കമ്പി:** അധികം വേഗത്തിൽ വാർത്തകൾ അറിയിക്കേണ്ടിവരുമ്പോഴാണു് നാം കമ്പി അടിക്കുന്നതു്. എല്ലാ പ്രധാന തപ്പാലാപ്പീസ്സുകളിലും കമ്പി അടിയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടു്. കേരളത്തിൽ ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്തേക്കു് കത്തുകൾമൂലം വാർത്തകളറിയിക്കുവാൻ ഒന്നോ രണ്ടോ ദിവസം വേണം. കമ്പിമാർഗ്ഗം അതു് കുറച്ചു മണിക്കൂറുകൾക്കകം സാധിക്കും. പക്ഷെ, ഇതിനു് ചിലവും കൂടും. ഒരു സാധാരണ കമ്പിക്കു് 80 നയാപൈസ ചിലവു വരും. വാക്കുകൾ കൂടുന്തോറും ഫീസും കൂടും. നിങ്ങളുടെ സന്ദേശം കമ്പിഫോറത്തിൽ എഴുതി കമ്പിയാപ്പീസിൽ കൊടുക്കുക. അവിടത്തെ ഉദ്യോഗസ്ഥൻ വാക്കുകളുടെ എണ്ണം നോക്കി ഫീസ് പറയും. ഈ ഫീസിനുള്ള സ്റ്റാമ്പു് വാങ്ങി കമ്പിഫോറത്തിൽ ഒട്ടിച്ചു കൊടുത്താൽ,

 നിങ്ങളുടെ സന്ദേശം മേൽവിലാസക്കാരനു് കമ്പിമാൎഗ്ഗം, കമ്പിതപാൽ വകുപ്പുകാർ എത്തിച്ചുകൊടുക്കും.

**ടെലഫോൺ:** കമ്പിയേക്കാൾ കൂടുതൽ സൌകൎയ്യമുള്ള ഒരു വാൎത്താവിനിമയ ഏൎപ്പാടാണു് ഇതു്. അകലെയുള്ളവരോടു് നമുക്കു ടെലഫോണിൽകൂടി സംസാരിക്കുവാൻ സാധിക്കും. നാം സംസാരിക്കുന്നതു് അവൎക്കു കേൾക്കാം. അവർ സംസാരിക്കുന്നതു് നമുക്കും. രണ്ടു സ്ഥലത്തിരുന്നു സംസാരിക്കുമ്പോൾ അന്യോന്യം മുഖം കാണുവാൻ സാധിക്കുകയില്ലെന്നു മാത്രം. അടുത്ത ഭാവിയിൽതന്നെ രണ്ടു് ദിക്കുകളിലിരുന്നു അന്യോന്യം മുഖംകണ്ടു് സംസാരിക്കുവാനും സാധിക്കുമത്രെ. കേരളത്തിലെ പ്രധാന പട്ടണങ്ങളിലെല്ലാം ടെലഫോൺസമ്പ്രദായം ഉണ്ടു്. തപാൽകമ്പിവകുപ്പുതന്നെയാണു് ഇതിൻെറ ഭരണവും നടത്തുന്നതു്. ആവശ്യമുള്ളവൎക്കു തപാൽകമ്പിവകുപ്പുകാർ അവരവരുടെ ഭവനത്തിലോ ജോലിസ്ഥലത്തോ ടെലഫോൺ സ്ഥാപിച്ചുതരും. കൊല്ലംതോറും ടെലഫോൺ ഉള്ളവർ ഒരു സംഖ്യ തപാൽകമ്പിവകുപ്പിലേക്കു് അടക്കണം. ഉപയോഗിക്കുന്നതിൻെറ കൂടുതൽ കുറവു് അനുസരിച്ചു വേറെയും ചാൎജ്ജു് പ്രസ്തുത വകുപ്പുകാർ വസൂൽചെയ്യുന്നതാണു്. കൊല്ലംതോറും കൂടുതൽ സ്ഥലങ്ങളിലേയ്ക്കു് ഈ ടെലഫോൺസൗകൎയ്യം വികസിപ്പിച്ചുവരുന്നുണ്ടു്.

**റേഡിയോ:** എഴുത്തുകൾമൂലം വാൎത്തകൾ അറിയിക്കുവാൻ ദിവസങ്ങൾ പിടിക്കും. കമ്പിമാൎഗ്ഗമാണെങ്കിൽ മണിക്കൂറുകൾ വേണം. ടെലഫോൺമാൎഗ്ഗം ഒരേ നിമിഷത്തിൽ സാധിക്കുമെങ്കിലും ഒരാൾക്കു് ഒരു സമയത്തു് വേറെ ഒരാളോടു് മാത്രമെ സംസാരിക്കുവാൻ സാധിക്കുകയുള്ളു.

റേഡിയോ മാർഗ്ഗമാണെങ്കിൽ ഒരു സ്ഥലത്തുനിന്നു പ്രക്ഷേപണംചെയ്താൽ അതേ സമയത്തുതന്നെ അനേകം ആളുകൾക്ക്, ലോകത്തിൻെറ നാനാഭാഗത്തുമുള്ളവക്ക്, കേൾക്കുവാൻ സാധിക്കും. കേരളത്തിൽ 3 പ്രക്ഷേപണകേന്ദ്രങ്ങളുണ്ട്— തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട്. ഇവയിൽ ഏററവും കൂടുതൽ ശക്തിയുള്ള പ്രക്ഷേപണയന്ത്രമാണു് തൃശ്ശൂർ ഉള്ളതു്. അതുകൊണ്ടു് മററു രണ്ടു സ്ഥലങ്ങളിലെ പരിപാടികൾ തൃശ്ശൂർ റേഡിയോ സ്റ്റേഷൻവഴി പ്രക്ഷേപണം നടത്തുന്നു. വാർത്തകൾ മാത്രമല്ല, ഗാനങ്ങളും നാടകങ്ങളും പ്രസംഗങ്ങളും മററു കലാപരിപാടികളും റേഡിയോ സ്റ്റേഷൻവഴി പ്രക്ഷേപണംചെയ്യാം. റേഡിയോസെററുള്ളവക്കു വീട്ടിലിരുന്നു് ഈ പരിപാടികൾ കേട്ടാനന്ദിക്കാം. അല്ലാത്തവക്കുവേണ്ടി പൊതുസ്ഥലങ്ങളിൽ പബ്ലിക്ക് റേഡിയോസെററുകൾ സ്ഥാപിച്ചുവരുന്നു.

വേഗതയേറിയ വാഹനങ്ങളും വാർത്താവിനിമയമാർഗ്ഗങ്ങളുംമൂലം വർത്തമാനപത്രങ്ങൾ ദിവസവുമെന്നല്ല, ഒരു ദിവസത്തിൽ പല തവണപോലും അച്ചടിച്ചിറക്കുവാൻ സാദ്ധ്യമായിരിക്കുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങൾ അല്പം ചില മണിക്കൂറുകൾക്കുള്ളിൽ പത്രമാപ്പീസ്സുകളിൽ കിട്ടുന്നതിന്നുവേണ്ടി ടെലിപ്രിൻ്റർ സെർവീസും നടത്തുന്നുണ്ട്. ഈ ഉപകരണങ്ങളെല്ലാം ജനങ്ങളെ തമ്മിൽ തമ്മിൽ അടുപ്പിക്കുകയും അവരുടെ നാനാവിധമായ പുരോഗതിക്ക് സഹായമായി തീരുകയുംചെയ്യുന്നു.

**ചോദ്യങ്ങൾ:**

1) കേരളത്തിൽ കപ്പൽ അടുക്കുന്ന തുറമുഖങ്ങൾ ഏവ?
2) കേരളത്തിലെ പ്രധാന റോഡുകൾ ഏതെല്ലാം?

3) ഷൊർണ്ണൂർനിന്നു പോകുന്ന റെയിൽപാതകൾ ഏവ?

4) കൊല്ലം കേന്ദ്രമായിട്ടുള്ള റെയിൽപാതകൾ ഏതെല്ലാം?

5) വാർത്താ വിനിമയകാര്യത്തിൽ കേരളത്തിലുള്ള സൗകര്യങ്ങൾ ഏവ?

6) കേരളത്തിൽ എത്ര റേഡിയോസ്റ്റേഷനുകളുണ്ട്? അവ എവിടെ സ്ഥാപിതമായിരിക്കുന്നു?

## അദ്ധ്യായം 5.

# മലയാളസംസ്കാരം

### 1. പുരാതനമലയാളസാഹിത്യം

കേരളീയരുടെ മാതൃഭാഷ മലയാളമാണ്. ഇന്ത്യൻ ഭരണഘടനയ അംഗീകരിച്ചിട്ടുള്ള പതിനാല്യ ഭാഷകളിലൊന്നാണ് നമ്മുടെ ഭാഷ. തെക്കെ ഇന്ത്യയിലെ ഭാഷകളായ തമിഴ്, കന്നാടകം, തെലുങ്ക്, തുളു, മലയാളം ഇവയെ ദ്രാവിഡഭാഷകൾ എന്നു വിളിക്കുന്നു. ഇവ തമ്മിൽ അടുത്ത ബന്ധമുണ്ട്. ആദ്യകാലങ്ങളിലെ മലയാളം തമിഴിൽനിന്നും വളരെ വ്യത്യസ്തമായിരുന്നില്ല. ആര്യന്മാർ കേരളത്തിൽ വന്നു താമസമുറപ്പിച്ചശേഷം, സംസ്കൃതവുമായി, കൈരളി ഉററ സമ്പക്കം പുലത്തി. അതോടുകൂടി തമിഴിൻെറ സ്വാധീനതക്ക് ഉടവുതട്ടി. സംസ്കൃതത്തിൽനിന്നും അസംഖ്യം പദങ്ങളും, ചില വ്യാകരണനിയമങ്ങളും മലയാളം സ്വീകരിച്ചു. ക്രമേണ ഭാരതത്തിലെ സമ്പന്നമായ ഒരു ഭാഷയായി, മലയാളം ഉയന്നു.

നമ്മുടെ ഭാഷയെ പോഷിപ്പിച്ച മൂന്നു പ്രാചീനകവികളെപ്പററിയാണ് ഈ അദ്ധ്യായത്തിൽ പഠിക്കുവാൻപോകുന്നതു്.

**ചെറുശ്ശേരി നമ്പൂതിരി:** ഇദ്ദേഹത്തിൻെറ പേരു്, ജീവിതകാലം ഇവയെപ്പററിയൊന്നും ശരിയായ രേഖകൾ ഇല്ല. പേരു് ശങ്കരൻനമ്പൂതിരിയാണെന്നു് ചില നിരൂപകന്മാർ പറയുന്നു. 'ചെറുശ്ശേരി'യെന്നതു് ഇദ്ദേഹത്തിൻെറ ഇല്ലപ്പേരാണ്. അഞ്ഞൂറോളം വഷങ്ങൾക്കുമുമ്പ് ഉത്തര

കേരളത്തിലുള്ള വടകര എന്ന സ്ഥലത്ത് ഈ മഹാകവി ജീവിച്ചു. കോലത്തു നാട്ടരാജാവായ ഉദയവമ്മതമ്പുരാൻെറ ഒരു ആശ്രിതനായിരുന്നു ഇദ്ദേഹം.

ചെറുശ്ശേരി നമ്പൂതിരിയുടെ പ്രധാനകൃതി കൃഷ്ണഗാഥ യാകുന്നു. ഈ കൃതിയുടെ ഉത്ഭവത്തെപ്പററി ഒരു ഐതിഹ്യം പ്രചാരത്തിലുണ്ട്. ഒരു ദിവസം നമ്പൂതിരി, ഉദയവമ്മനുമായി ചതുരംഗം കളിച്ചുകൊണ്ടിരുന്നു. രാജാവു് തോല്ക്കുമെന്ന നിലയായി. ചതുരംഗംകളി കണ്ടുകൊണ്ട്, കുഞ്ഞിനെ തൊട്ടിലാട്ടിക്കൊണ്ടിരുന്ന രാജപത്നി, അപ്പോൾ ഇങ്ങനെ പാടി:—

"ഉന്തു ന്തു - ന്തു ന്തു ന്തു - ന്തു ന്തു ന്തു - ന്തു ന്തു ന്തു
ഉന്തു ന്തു - ന്തു ന്തു ന്തു - ന്താളെയുന്തു".

ചതുരംഗക്കളിയിലെ ഒരു കരുവായ ആളെ, നീക്കിക്കളയാൻ രാജാവിനോട് ഭാൎയ്യ സൂത്രത്തിൽ ഇങ്ങനെ അറിയിച്ചു. രാജാവു് അപ്രകാരം ചെയ്യുകയും നമ്പൂതിരിയെ അനായാസേന തോല്പിക്കയും ഉണ്ടായി. അതിനുശേഷം രാജാവു്, നമ്പൂതിരിയോട് ശ്രീകൃഷ്ണൻെറ കഥ, തൻെറ ഭാൎയ്യ ചൊല്ലിയ പാട്ടിൻെറ രീതിയിൽ നിൎമ്മിക്കണമെന്നു് ആവശ്യപ്പെടുകയും, അദ്ദേഹം അപ്രകാരം ചെയ്യുകയും ചെയ്തു. ഏതായാലും കൃഷ്ണഗാഥ ഉദയവമ്മൻ പറഞ്ഞതനുസരിച്ച് രചിച്ചതാണു്. ആ കൃതിയുടെ ആരംഭത്തിൽ കവി പറയുന്നു,

"പാലാഴിമങ്കതാൻ പാലിച്ചുപോരുന്ന
കോലാധിനാഥൻ, ഉദയവൎമ്മൻ"

ആജ്ഞാപിച്ചതനുസരിച്ചു് താൻ ഈ കൃതി രചിച്ചതാണെന്നു്.

ശ്രീകൃഷ്ണഭഗവാൻെറ അവതാരം മുതൽ സ്വൎഗ്ഗാരോഹണംവരെയുള്ള കഥയാണു് കൃഷ്ണഗാഥയിലെ ഉള്ളടക്കം.

ശ്രീകൃഷ്ണകഥ മുഴുവൻ അടങ്ങിയ ഒരു കഥ സാധാരണക്കാർക്ക മനസ്സിലാകുന്ന രീതിയിൽ അതേവരെ മലയാളത്തിലില്ലായിരുന്നു. പരമഭക്തനായ ചെറുശ്ശേരി ആ വിടവു നികത്തി. സാമാന്യജനങ്ങളിൽ ഈശ്വരഭക്തി വളർത്തുക എന്നതായിരുന്നു ചെറുശ്ശേരിയുടെ ലക്ഷ്യം.

കൃഷ്ണഗാഥക്ക് ചില സ്ഥലങ്ങളിൽ കൃഷ്ണപ്പാട്ടെന്നും പറയാറുണ്ട്. മലയാളത്തിൽ ഇത്രമാത്രം പ്രചാരമുള്ള ഗ്രന്ഥങ്ങൾ അപൂർവ്വമാണ്. കൃഷ്ണഗാഥയിലെ ഭാഷാരീതി വളരെ ലളിതമാണ്. വലിയ പാണ്ഡിത്യമൊന്നുമില്ലാത്ത ഫക്കും അതു വായിച്ചു ഗ്രഹിക്കാൻ കഴിയും. ഇത്ര അലങ്കാര സമൃദ്ധമായ ഒരു കാവ്യം മലയാളത്തിലുണ്ടോ എന്നതു സംശയമാണ്.

**എഴുത്തച്ഛൻ:** മലയാളസാഹിത്യത്തിൽ ഏററവും പൂജനീയമായ നാമധേയം തുഞ്ചത്തു് എഴുത്തച്ഛന്റേതാകുന്നു. കവികുലകൂടസ്ഥനായ ഇദ്ദേഹം മലയാളസാഹിത്യത്തിന്റെ പിതാവായി പരിഗണിക്കപ്പെടുന്നു. എഴുത്തച്ഛന്റേയും ജീവചരിത്രത്തെപ്പററി ഐതിഹ്യങ്ങളല്ലാതെ, ശരിയായ ചരിത്രരേഖകളില്ല.

മലബാറിൽ, പൊന്നാനിത്താലൂക്കിൽപ്പെട്ട തൃക്കണ്ടിയൂരാണ് എഴുത്തച്ഛൻ ജനിച്ചതു്. എഴുത്തച്ഛൻ ജനിച്ചു വളന്ന പുരയിടം ഇന്നു് 'തുഞ്ചൻപറമ്പു്' എന്നു് അറിഞ്ഞുവരുന്നു. അവിടെ ഇപ്പോൾ വീടൊന്നുമില്ല. ഒരു ഞ്ഞാറമരവും, ഒരു കുളവും കിണറും കാണാം. , ഈ കിണററിലെ വെള്ളം ഇതുവരെ വററിയിട്ടില്ല. എഴുത്തച്ഛൻ പൂജിച്ചിരുന്ന ഈശ്വരവിഗ്രഹങ്ങളും, എഴുതാൻ ഉപയോഗിച്ചുവന്ന നാരായവും ആ കിണററിൽ കിടപ്പുണ്ടെന്നു ജനങ്ങൾ പലരും

വിശ്വസിക്കുന്നു. കുളക്കരയിൽ നില്ക്കുന്ന കാഞ്ഞിരത്തിന്റെ ഇലയ്ക്ക് കയ്പില്ലെന്നും പറയപ്പെടുന്നു. അതിന്റെ ചുവട്ടിലിരുന്ന് ഗുരുപാദർ, ഈശ്വരധ്യാനം ചെയ്തിരുന്നുവെന്നാണു പരക്കെയുള്ള വിശ്വാസം. സമീപസ്ഥരായ ആളുകൾ, കുട്ടികളെ എഴുത്തിനിരുത്താൻ, തുഞ്ചൻപറമ്പിലെ മണ്ണ് ഉപയോഗിക്കുന്നതു് വിശിഷ്ടമാണെന്നു കരുതുന്നു.

എഴുത്തച്ഛന്റെ കാലം കൊല്ലവർഷം എഴുനൂറിനും, എണ്ണൂറിനും ഇടയ്ക്കായിരുന്നു എന്നു പറയാം. 'രാമാനുജൻ' എന്ന പേരിൽ അദ്ദേഹം അറിയപ്പെടുന്നു. എഴുത്തച്ഛന്റെ പിതാവ് ഒരു ബ്രാഹ്മണനായിരുന്നുവെന്നാണ് ഐതിഹ്യം. ചെറുപ്പം മുതല്ക്കേ അദ്ദേഹം വലിയ ഈശ്വരഭക്തനായിരുന്നു. തൃക്കണ്ടിയൂർ മഹാദേവർ ക്ഷേത്രത്തിൽ ബാലനായിരുന്ന കാലത്തു് അദ്ദേഹം മുറയ്ക്കു പോയിരുന്നുവെന്നും, ബ്രാഹ്മണർ വേദം തെററിച്ചു ചൊല്ലുന്നതു കേട്ട്, ഒരിക്കൽ 'കാട്ട്, കാട്ട്' എന്നു പറഞ്ഞുവെന്നും ഒരു ഐതിഹ്യമുണ്ട്. ചെറുപ്പത്തിൽതന്നെ അദ്ദേഹം പുരാണേതിഹാസങ്ങളിലും സംസ്കൃതത്തിലും വ്യുല്പത്തി സമ്പാദിച്ചു.

വിദ്യാഭ്യാസം കഴിഞ്ഞു എഴുത്തച്ഛൻ തെന്നിന്ത്യയിലെ പല പ്രസിദ്ധ ക്ഷേത്രങ്ങളും സന്ദർശിച്ചു. തമിഴ്, തെലുങ്ക് മുതലായ ഭാഷകളും ഈ അവസരത്തിൽ പഠിച്ചിരിക്കാൻ ഇടയുണ്ട്. മടങ്ങിയെത്തിയശേഷം അദ്ദേഹം സ്വദേശത്തു് ഒരു പള്ളിക്കൂടം സ്ഥാപിക്കുകയുണ്ടായി. എഴുത്തച്ഛന്റെ പ്രസിദ്ധി ചുററുപാടും വ്യാപിക്കയും, കോഴിക്കോട്ടു സാമൂതിരി, ചെമ്പകശ്ശേരി രാജാവ് മുതലായ ഭരണാധികാരികൾ അദ്ദേഹത്തെ ബഹുമാനിക്കയുംചെയ്തു.

അദ്ധ്യാത്മരാമായണം, ഭാരതം, ഹരിനാമകീർത്തനം, ചിന്താരത്നം ഇവയാണു് എഴുത്തച്ഛന്റെ പ്രധാന കൃതികൾ.

ഭാഗവതവും അദ്ദേഹത്തിൻെറ കൃതിയാണെന്നു് ചിലർ വിശ്വസിക്കുന്നു. പ്രധാന കൃതികളെല്ലാംതന്നെ സംസ്കൃത ഗ്രന്ഥങ്ങളുടെ തർജ്ജമയാണു്. അദ്ധ്യാത്മരാമായണത്തെപ്പോലെ പ്രചാരമുള്ള മറെറാരു കൃതി മലയാളത്തിലില്ല.

ചെറുശ്ശേരിയെപ്പോലെ എഴുത്തച്ഛനും ദ്രാവിഡവൃത്തങ്ങളാണു് സ്വീകരിച്ചതു്. രാമായണവും ഭാരതവുമെല്ലാം കിളിപ്പാട്ടുകളാകുന്നു—കഥകൾ കിളിയെക്കൊണ്ടു പറയിക്കുന്ന രീതിയിലാണു്. ചെറുശ്ശേരിയുടേതുപോലെ ലളിതമല്ല എഴുത്തച്ഛൻെറ കവിതാരീതി. ഗാംഭീര്യവും ഈശ്വരഭക്തിയും എഴുത്തച്ഛൻെറ ഓരോ വരിയിലും തത്തിക്കളുന്നു. മലയാളപദത്തോടൊപ്പം, ധാരാളം സംസ്കൃതപദങ്ങളും അദ്ദേഹം ഉപയോഗിച്ചിട്ടുണ്ടു്.

ഒരു മഹാകവി എന്ന നിലയ്ക്കു പുറമെ, എഴുത്തച്ഛൻ കേരളത്തിൻെറ മഹാചാര്യൻ കൂടിയാകുന്നു. ജനങ്ങളെ സന്മാർഗ്ഗനിരതരും ഈശ്വരഭക്തിയുള്ളവരും ആക്കാനുള്ള ലക്ഷ്യമായിരുന്നു അദ്ദേഹത്തിൻെറ കൃതികൾ. അക്കാലത്തു് വേദേതിഹാസങ്ങൾ. ബ്രാഹ്മണരുടെ സ്വായത്തമായിരുന്നു. എഴുത്തച്ഛനാകട്ടെ, അവ മററുള്ളവർ മനസ്സിലാക്കുന്നതിനായി മലയാളത്തിൽ അവതരിപ്പിച്ചു. അദ്ദേഹത്തിൻെറ ഭാഷാരീതിക്കുള്ള പുതുമയും വശ്യതയും ഇന്നും നശിച്ചിട്ടില്ല.

സംസ്കൃതത്തിൽ വാത്മീകിക്കും, ഹിന്ദിയിൽ തുളസീദാസനുമുള്ള സ്ഥാനമാണു് തുഞ്ചത്താചാര്യർക്കു് മലയാളത്തിലുള്ളതു്. കേരളീയരുടെ സാംസ്കാരികമായ വളർച്ചയ്ക്കു് അദ്ദേഹത്തിൻെറ കൃതികൾ വളരെ സഹായിച്ചിട്ടുണ്ടു്.

**കുഞ്ചൻ നമ്പ്യാർ:** നമ്മുടെ മിക്ക ക്ഷേത്രങ്ങളിലും, ഉത്സവകാലത്തു കണ്ടുവരുന്ന ഒരു കലാപരിപാടി

യാണു് തുള്ളൽ. സാധാരണക്കാൎക്കു് ഇത്ര രസകരമായ ഒരു കലാവിശേഷം വേറെ ഉണ്ടോ എന്നു സംശയമാണു്. കലക്കത്തു് കുഞ്ചൻനമ്പ്യാരാകുന്നു മലയാളത്തെ മഹത്തായ ഈ സംഭവനയാൽ അനുഗ്രഹിച്ച മഹാൻ.

ചെറുശ്ശേരിയേയും എഴുത്തച്ഛനേയും അപേക്ഷിച്ചു്, കുഞ്ചൻനമ്പ്യാരെപ്പററി നമുക്കു കൂടുതൽ വിവരങ്ങളറിയാം. മലബാറിലുള്ള കിള്ളിക്കുറിശ്ശിമംഗലത്തു്, കലക്കത്തു ഭവനത്തിൽ കൊല്ലവൎഷം ഒമ്പതാം നൂററാണ്ടിൽ ഈ മഹാകവി ഭൂജാതനായി. അദ്ദേഹത്തിൻെറ ജനനത്തെപ്പററി ഒരു ഐതിഹ്യം പ്രചാരത്തിലുണ്ടു്. ഒരു ദരിദ്രനായ നമ്പൂതിരി പലരേയും ചെന്നുകണ്ടു്, തൻെറ പെൺകുട്ടികളുടെ വേളിക്കു വേണ്ടി കുറെ പണം ചോദിച്ചുവാങ്ങി, ഒടുവിൽ കിള്ളിക്കുറിശ്ശിമംഗലത്തുവന്നു. ക്ഷേത്രത്തിലെ കുളക്കടവിൽ തൻെറ മടിശ്ശീല കല്പടയിൽ വെച്ചിട്ടു് അദ്ദേഹം കുളി നടത്തി. തല തുവൎത്തി, പോകാനാരംഭിച്ചപ്പോൾ മടിശ്ശീല കാണ്മാനില്ല. വിഷണ്ഡനായി, കണ്ണീരും കൈയ്യുമായി ആ സാധു ബ്രാഹ്മണൻ സ്ഥലം വിട്ടു. കുറെ നാൾക്കു ശേഷം അദ്ദേഹം കിള്ളിക്കുറിശ്ശി ക്ഷേത്രത്തിൽ വീണ്ടും വരാനിടയായി. അപ്പോൾ, മുൻകഥ മനസ്സിലാക്കി, കുഞ്ചൻനമ്പ്യാരുടെ അമ്മ നമ്പൂതിരിക്കു്, നഷ്ടപ്പെട്ട പണക്കിഴി തിരിച്ചു കൊടുത്തു. മടിശ്ശീലയുടെ മുകളിൽ ഒരു പശു ചാണകമിട്ടതിനാലാണു് നമ്പൂതിരി മടിശ്ശീല കാണാതെ പോയതു്. ചാണകം വാരാൻ പോയ നങ്ങ്യാൎക്കു് ആ മടിശ്ശീല കിട്ടുകതിന്മെയാണു് അവർ നമ്പൂതിരിക്കു് മടക്കിക്കൊടുത്തതു്. സന്തുഷ്ടനായ ബ്രാഹ്മണൻ ഒരു ഉത്തമനായ പുത്രൻ ഉണ്ടാകട്ടെ എന്നു് നങ്ങ്യാരെ അനുഗ്രഹിച്ചു. ആ അനുഗ്രഹത്തിൻെറ ഫലമായിരിക്കാം നമ്പ്യാരുടെ മാഹാത്മ്യം.

കുഞ്ചൻനമ്പ്യാർ ചെറുപ്പത്തിൽതന്നെ ബാല്യത്തിൽതന്നെ അച്ഛനുമൊരുമിച്ച് പല സ്ഥലങ്ങളിൽ സഞ്ചരിച്ചശേഷം അമ്പലപ്പുഴെ വന്ന് ചെമ്പകശ്ശേരി രാജാവിൻെറ ആശ്രിതനായി ജീവിച്ചു. ചെമ്പകശ്ശേരി രാജ്യം മാർത്താണ്ഡവമ്മ മഹാരാജാവ് പിടിച്ചടക്കിയപ്പോൾ നമ്പ്യാർ തിരുവനന്തപുരത്തേയ്ക്കു താമസം മാററി. മഹാരാജാവിൻെറ അനന്തരഗാമിയായ കാർത്തിക തിരുനാൾ മഹാരാജാവിനു തുള്ളലിനേക്കാൾ കഥകളിയോടായിരുന്നു താല്പര്യം. അതിനാലും പ്രായാധിക്യം ഹേതുവാലും, നമ്പ്യാർ മഹാരാജാവിൻെറ അനുമതിയോടുകൂടി അമ്പലപ്പുഴയ്ക്കു തിരിച്ചുപോവുകയും അവിടെവെച്ച് പേപ്പട്ടി കടിയേററ് മരിക്കയും ചെയ്തു. അപ്പോൾ അദ്ദേഹത്തിനു് 64 വയസ്സിനുമേൽ പ്രായമുണ്ടായിരുന്നു.

തുള്ളൽപാട്ടുകളുടെ കർത്താവെന്ന നിലയിലാണ് നമ്പ്യാർ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളതു്. ചാക്യാർകൂത്തിനു് അമ്പലപ്പുഴ ക്ഷേത്രത്തിൽ മിഴാവ് കൊട്ടിക്കൊണ്ടിരുന്നപ്പോൾ ഉറങ്ങിപ്പോയ നമ്പ്യാരെ, ചാക്യാർ കളിയാക്കിയെന്നും പ്രതികാരേച്ഛുവായ നമ്പ്യാർ ഒരു രാത്രികൊണ്ടു കല്യാണസൌഗന്ധികം തുള്ളൽപ്പാട്ട് നിർമ്മിച്ച് പിറേറദിവസം കൂത്തുസമയത്ത് കളിത്തട്ടിൽ കയറിനിന്ന് ആദ്യത്തെ തുള്ളൽ നടത്തി എന്നുമാണ് ഐതിഹ്യം.

കുഞ്ചൻനമ്പ്യാർ അൻപതിൽപരം തുള്ളൽക്കഥകൾ രചിച്ചിട്ടുണ്ട്. കിരാതം, സ്യമന്തകം, രാവണോത്ഭവം, രാമാനുജചരിതം മുതലായവ പ്രസിദ്ധങ്ങളായ ചില തുള്ളൽപ്പാട്ടുകളത്രെ. പുരാണകഥകളെയാണ് അദ്ദേഹം തുള്ളൽപ്പാട്ടുകളാക്കിയിട്ടുള്ളതു്. എങ്കിലും കേരളത്തിലെ ആചാരമര്യാദകളും, കേരളീയരുടെ പ്രത്യേക സ്വഭാവങ്ങളും അവയിൽ

ചിത്രീകരിക്കപ്പെട്ടുകാണാം. അദ്ദേഹത്തിൻെറ കവിതക ളുടെ പ്രത്യേകത, അവയിൽ തെളിഞ്ഞുകാണാവുന്ന ധർമ്മ ബോധമത്രെ. കേരളത്തിലെ ആദ്യത്തെ ജനകീയകവിയും അദ്ദേഹമാണെന്നു് പറയാം. ജനങ്ങളുടെ ആചാരമര്യാദ കളേയും സമുദായത്തിൻെറ ദൂഷ്യങ്ങളേയും ഫലിതോക്തികൾ വഴിയായി അദ്ദേഹം ചൂണ്ടിക്കാട്ടി. എഴുത്തച്ഛൻ തൻെറ കവിതകളിൽക്കൂടി ജനങ്ങൾക്കു് ഭക്തിയുളവാക്കിയെങ്കിൽ നമ്പ്യാർ ഒരു സ്നേഹിതനെപ്പോലെ, അവരുടെ കുററങ്ങ ളേയും കുറവുകളേയും. ലളിതമായ രീതിയിൽ പരിഹരിയ്ക്കാൻ ശ്രമിച്ചു,

## 2. കേരളത്തിലെ ചില പ്രധാന കലകളും കൈത്തൊഴിലുകളും

**കളരിപ്പയററു്:** പുരാതനകാലംമുതലേ കേരള ത്തിലെ ജനങ്ങൾക്കു് യുദ്ധസാമർത്ഥ്യവും, ദേശഭക്തിയും പ്രദാനംചെയ്യുന്നതിൽ ഒരു പ്രധാന പങ്കുവഹിച്ച സ്ഥാപന ങ്ങളിലൊന്നാണു് **കളരി.** സാമാന്യവിദ്യാഭ്യാസത്തിനു ശേഷം കളിരിയിൽ പോയി അടി, തട, വെട്ടു് മുതലായി വിവിധരീതിയിലുള്ള യുദ്ധമുറകൾ പലരും പഠിച്ചുവന്നു. തച്ചോളി ഒതേനൻ, ആരോമൽച്ചേകവർ മുതലായി പണ്ടു് കേരളത്തിൽ ജീവിച്ചിരുന്ന പല വീരന്മാരും കളരിപ്പയ ററിൽ വിദഗ്ദ്ധന്മാരായിരുന്നു.

തച്ചോളിക്കുഞ്ഞൊതേനക്കുറുപ്പിനെപ്പററിയുള്ള ഒരു കഥ പറയാം. വടക്കെ മലബാറിൽ കടത്തനാട്ടു് എന്ന പ്രദേശത്തു്, തച്ചോളി എന്ന പ്രസിദ്ധ തറവാട്ടിലാണു് ഒതേനൻ അമ്മ, 'ഉദയമ്മൻ' ഭൂജാതനായതു്. ഈ ധീര

കേസരിയുടെ കാലം, ഉദ്ദേശം അഞ്ഞൂറുകൊല്ലങ്ങൾക്കു മുമ്പാണെന്നാണ് ഐതിഹ്യം. കോഴിപ്പോരു്, ആളങ്കം, പുലിയങ്കം മുതലായവയ്ക്കെല്ലാം പേരുകേട്ടതായിരുന്നു ഒതേനന്റെ കുഡുംബം. അദ്ദേഹവും ബാല്യത്തിൽതന്നെ എല്ലാവിധ പയററുവിദ്യകളും വശമാക്കി.

തച്ചോളിത്തറവാട്ടിന്ന് അക്കാലത്തു് ഒരു ബദ്ധശത്രു ഉണ്ടായിരുന്നു. പ്രതാപശാലിയും ധീരനുമായ 'അരിമേരി ക്കോവിലകം തമ്പുരാനാ'യിരുന്നു ആ ശത്രു. ഒതേനനു് 18 വയസ്സായപ്പോഴേക്കും അങ്കപ്പയററുകൾ എല്ലാം വശമായി ക്കഴിഞ്ഞിരുന്നു. ആയിടക്കു് അദ്ദേഹം ഒരു പുലിയുമായി ഒററയ്ക്കുനിന്നു പൊരുതി. ഈ വൎത്തമാനം കർണ്ണാകർണ്ണികയാ അരിമേരിത്തമ്പുരാന്റെ ചെവിയിലും എത്തി. അപ്പോഴാണു് ഒതേനൻ പുതിയ യുദ്ധമുറകൾ പഠിയ്ക്കുന്നതിനായി തുളുനാട്ടിലേയ്ക്കു പോയതു്. തന്റെ അനുജനായ കുഞ്ഞനെ സൂക്ഷിച്ചുകൊള്ളണമെന്നു് ഭാൎയ്യയോടും അമ്മയോടും പറ ഞ്ഞിട്ടാണു് അദ്ദേഹം പോയതു്.

ചതിയനായ അരിമേരിത്തമ്പുരാൻ ഈ തക്കംനോക്കി കുഞ്ഞനെ കോവിലകത്തേയ്ക്കു് വിളിപ്പിക്കുകയും, ഒരു കല്ലറയിലാക്കി പൂട്ടുകയും ചെയ്തു. സന്ധ്യയായിട്ടും കുഞ്ഞനെ കാണാതെ തച്ചോളിക്കുടുംബത്തിൽ എല്ലാവരും വളരെ വ്യസനിച്ചു. പാതിരാവായപ്പോഴേക്കും ഒതേനൻ തുളുനാട്ടിൽ നിന്നും പാഞ്ഞെത്തി. അനുജനായ കുഞ്ഞന്റെ ആപത്തിനെപ്പററി കുലദേവതയായ ഭഗവതി സ്വപ്നം കാണിച്ചതനുസരിച്ചാണു് ഒതേനൻ ആ പാതിരാനേരത്തു് തച്ചോളിയിൽ എത്തിയതു്. അദ്ദേഹം നേരെ കോവിലകത്തേക്കു പാഞ്ഞു. കല്ലറവാതുക്കൽ ചെന്നു്, ഭഗവതിയെ ധ്യാനിച്ചു്, ഏഴടി പിന്നോക്കം വാങ്ങി, മുന്നടി മുന്നോട്ടടിച്ചു്, ഒരു

ുഷിട്ടു് കല്ലറവാതിൽ പൊളിഞ്ഞുവീണു. ചന്തലസഹോദരനെ വീട്ടിലേക്കയച്ചിട്ട് ഒതേനൻ തമ്പുരാൻെറ മാളികയിലേക്കു പോയി. കാവല്ക്കാരെ അരിഞ്ഞുവീഴ്ത്തി. ലഹള കേട്ട് തമ്പുരാൻ വാളുമായി പുറത്തേക്കു വന്നു. രണ്ടുപേരും തമ്മിൽ ഏറ്ററുമുട്ടി. ഒതേനൻെറ വെട്ടേററു് തമ്പുരാൻ രണ്ടു തുണ്ടമായി നിലത്തു വീണു് പിടച്ചു. നെററിയിൽ പൊടിഞ്ഞ വിയർപ്പുതുള്ളികൾ വടിച്ചെറിഞ്ഞുകൊണ്ടു് ആ ധീരസേനാനി തച്ചോളിയിലേക്കു പാഞ്ഞു.

ഒതേനൻെറ 32–ാം വയസ്സിൽ 'ലോകനാർകാവി'ലെ ആറാട്ടുത്സവത്തിനു് കമനീയമായ ഒരു പന്തൽ പണിചെയ്തു. ആറാട്ടുപൂരത്തിൻെറ അവസാനദിവസം 'കതിരൂർ ഗുരുക്കൾ' എന്ന പേരുകേട്ട പടനായകൻ അവിടെ വരികയുണ്ടായി. പന്തലിനെ പുച്ഛിച്ചു അയാൾ സംസാരിച്ചതിനെ തുടർന്നുണ്ടായ വഴക്കു് അന്യോന്യമുള്ള ഒരു അങ്കംവെട്ടിലാണു് അവസാനിച്ചതു്. അഭിമാനിയായ ഒതേനൻ വീറോടുകൂടി അങ്കം പൊരുതു് കതിരൂർ ഗുരുക്കളുടെ കഴുത്തുവെട്ടി. എന്നാൽ അല്പം കഴിഞ്ഞു് ആ വീരയോദ്ധാവിനേയും ഗുരുക്കളുടെ ആൾക്കാർ ഒളിച്ചിരുന്നു് വെടിവെച്ചുകൊന്നു. അങ്ങനെ കേരളത്തിൻെറ വീരസന്താനമായിരുന്ന ഒതേനൻ തൻെറ 32–ാം വയസ്സിൽ അകാലമൃത്യുവിനിരയായി.

**കഥകളി:** തികച്ചും കേരളീയമായ ഒരു അപൂർവ്വദൃശ്യകലാപ്രകടനമത്രെ 'കഥകളി' അഥവാ, 'ആട്ടം'. ആട്ടവും, പാട്ടും, അഭിനയവും കലന്ന ഒരു പ്രകടനമാണു് കഥകളി. കൃഷ്ണനാട്ടം, രാമനാട്ടം എന്നെല്ലാം അറിഞ്ഞിരുന്ന പഴയ കലാസമ്പ്രദായങ്ങളുടെ പരിഷ്കരിച്ച പതിപ്പാണു് ഇന്നത്തെ കഥകളി. പുരാണകഥകളെ ആംഗ്യംമൂലവും, മുഖഭാവം



കഥകളിവേഷം [കത്തി]



കഥകളിവേഷം [ചുവന്ന താടി]

മൂലവും, പാട്ടിന്നനുസരിച്ച് അഭിനയിച്ചുകാണിക്കുന്നതാണ് കഥകളി. രാത്രിയിലാണ് കഥകളി നടത്തുന്നതു്. രംഗത്തു് ഒരു വലിയ നിലവിളക്കും, കട്ടനുപകരം തിരശ്ശീലയും ഉണ്ടായിരിക്കും. ചെണ്ട, മദ്ദളം, ചേങ്ങല ഇവയുടെ അകമ്പടിയോടുകൂടിയാണ് പാടുന്നതു്. കഥകളിയുടെ ഒരു പ്രധാന



കഥകളി (സ്ത്രീവേഷം)

അംശം നൃത്തമാണ്. വേഷങ്ങൾ പച്ച, കത്തി, താടി, കരി ഇങ്ങനെ പലമാതിരിയുണ്ട്.

**തുള്ളൽ:** പറയൻ, ശീതങ്കൻ, ഓട്ടൻ ഇങ്ങനെ മൂന്നു തരം തുള്ളലാണുള്ളത്. മൂന്നിനും മൂന്നുതരം വേഷമാണ്. പാട്ടിൻെറ രീതിയും വ്യത്യാസമുണ്ട്. കഥകളിപോലെ കേരളത്തിൻെറ പ്രത്യേക കലാസമ്പത്താണ് തുള്ളലും. എന്നാൽ കഥകളിയിൽനിന്നും ഇതിന്നു് ചില വ്യത്യാസങ്ങൾ ഉണ്ട്. തുള്ളൽക്കാരൻതന്നെ പാട്ടുകയും, നൃത്തംചവിട്ടുകയും, ആംഗ്യം കാണിക്കുകയും ചെയ്യുന്നു. തുള്ളൽ, പകൽസമയമത്രും നടത്താവുന്ന ഒരു കലാപരിപാടിയാണ്. അത്യധികം ഫലി



തപൂർണ്ണമായ ഒരു കലാപ്രകടനമത്രെ തുള്ളൽ. മിക്ക ക്ഷേത്രങ്ങളിലും ഉത്സവത്തിനു് തുള്ളൽ ഇന്നും ഉണ്ടു്.

**കൈകൊട്ടിക്കളി:** ഇതു കേരളീയസ്ത്രീകളുടെ ഒരു പ്രത്യേക വിനോദമാണു്. ശരീരത്തിനു് ആയാസവും, മനസ്സിനു് ഉന്മേഷവും പ്രദാനംചെയ്യുന്ന ഒന്നാണു് ഈ കളി. പാട്ടുകയും അതിനനുസരിച്ചു് സ്ത്രീകൾ ചുവടുവെക്കയും ചെയ്യുന്നു. തിരുവോണം, തിരുവാതിര മുതലായ വിശേഷസന്ദർഭങ്ങളിൽ കൈകൊട്ടിക്കളിമൂലം കൈരളിയെ ആദരിക്കാത്ത അംഗനമാർ കേരളത്തിൽ മുമ്പുണ്ടായിരുന്നില്ല.

**കേരളത്തിലെ ശില്പകല:** ചിത്രമെഴുത്തു്, കൊത്തുപണി മുതലായ ശില്പവിദ്യകളിലും കേരളീയർ പണ്ടുമുതല്ക്കേ പ്രസിദ്ധരായിരുന്നു. മതപരമായ പ്രേരണകളാൽ



ശ്രീപത്മനാഭസ്വാമിക്ഷേത്രം

പുഷ്ടിപ്പെടുത്തപ്പെട്ട ഈ കലകൾ അവയുടെ വിശിഷ്ടരൂപത്തിൽ കാണപ്പെടുന്നതു് കേരളത്തിലെ ക്ഷേത്രങ്ങളിലും പള്ളികളിലും കൊട്ടാരങ്ങളിലുമത്രെ. ദന്തത്തിലും, കല്ലിലും, മരത്തിലും ചെയ്തിട്ടുള്ള നിരവധി കൊത്തുപണികൾ കേരളീയശില്പകലയുടെ മകുടോദാഹരണങ്ങളായി ഇന്നും കാണാം. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ 'അനന്തശയനം', പത്മനാഭപുരം കൊട്ടാരത്തിലെ ദാരുശില്പം, വടക്കുന്നാഥക്ഷേത്രത്തിലെ ചുവർചിത്രങ്ങൾ, പലതരം ലോഹങ്ങൾകൊണ്ടുള്ള പ്രതിമകൾ, രംഗവിലാസം കൊട്ടാരത്തിലെ മരംകൊണ്ടുള്ള കഥകളിവേഷങ്ങൾ ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പുരാതനകേരളത്തിലെ ഗൃഹനിർമ്മാണരീതിയും ഒന്നു വേറെയായിരുന്നു. തടിയാണു് ഗൃഹനിർമ്മാണത്തിന്നു് അധികവും ഉപയോഗിച്ചിരുന്നതു്. തടിയിലും, കരിങ്കല്ലിലും ഉള്ള വേലയിൽ നമ്മുടെ ശില്പികൾ അതീവ വിദഗ്ദ്ധരായിരുന്നു. പത്മനാഭസ്വാമിക്ഷേത്രത്തിലെ ആയിരംകാൽമണ്ഡപവും, ശുചീന്ദ്രം ക്ഷേത്രത്തിലെ കല്യാണമണ്ഡപത്തിലുള്ള ഉരുണ്ട തൂണുകളും ഇതിനു് ഉദാഹരണങ്ങളാണു്. ചിത്രകലയിൽ ലോകപ്രസിദ്ധിയാർജ്ജിച്ച കിളിമാനൂർ ചിത്രമെഴുത്തുതമ്പുരാൻ അടുത്തകാലത്തു് ജീവിച്ചിരുന്ന ആളാണു്.

ലോഹവേലയിലും കേരളീയർ ഒട്ടും പിന്നോക്കമായിരുന്നില്ല. ആറന്മുളക്കണ്ണാടി ലോഹവേലയുടെ ഒരു മഹനീയമാതൃകയാണു്. ദന്തനിർമ്മിതമായ സാധനങ്ങളും, മനോഹരങ്ങളായ കളിമൺപാത്രങ്ങളും കേരളത്തിൽ സുലഭങ്ങളാണു്.

**കേരളത്തിലെ കൈത്തൊഴിലുകൾ:** കേരളത്തിൻെറ കല്പവൃക്ഷമാണു് തെങ്ങു്. ഇതിൽനിന്നും ലഭിക്കുന്ന ചകിരികൊണ്ടു്, കയററുമെത്ത, കയർ, ബ്രഷ്ഷ് മുതലായവ

നിർമ്മിക്കുന്നു. കരിമ്പനയുടെ ഓലകൊണ്ടു് ഗ്രന്ഥങ്ങളും, കുട, വട്ടി, പായ്, കളിപ്പാട്ടങ്ങൾ മുതലായവയും ഉണ്ടാക്കുന്നു. കായംകുളത്തിനടുത്തുള്ള സ്ഥലങ്ങളിൽ കൈതയോലകൊണ്ടു് മെത്തപ്പായു്, തഴപ്പായു് മുതലായവ നിർമ്മിക്കുന്നു. പുല്ലു കൊണ്ടു് പായ് നെയ്യുന്നതിനും കേരളീയർ സമർത്ഥരാണു്. ചക്കല, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ ചൂരൽ കൊണ്ടു് കസേരകൾ, മേശകൾ, സെററികൾ മുതലായ പല ഗൃഹോപകരണങ്ങളും നിർമ്മിക്കപ്പെടുന്നു.

തുണിനെയ്ത്തും കേരളീയക്കു് സുപരിചിതമായ ഒരു തൊഴിൽതന്നെയാണു്. കൈത്തറിയിൽ പരുപരുത്ത തുണികളും, ഈടും മേന്മയും ഉള്ള മററു തുണികളും നെയ്തുവരുന്നു. ബാലരാമപുരം കൈത്തറിനെയ്ത്തിനു് കേൾവികേട്ടതാണു്. അതുപോലെ കണ്ണൂരിലും കൈത്തറിവ്യവസായം നടന്നു വരുന്നു.

**ചോദ്യങ്ങൾ:**

1) കൃഷ്ണഗാഥയുടെ ഉല്പത്തിയെപ്പററിയുള്ള കഥ എന്തു്?
2) എഴുത്തച്ഛൻെറ പ്രധാന കൃതികൾ ഏവ? അദ്ദേഹത്തിൻെറ കവനരീതിയെ കിളിപ്പാട്ടു് എന്നു പറയാൻ കാരണം എന്തു്?
3) കുഞ്ചൻനമ്പ്യാർ മലയാളത്തെ എങ്ങിനെ സമ്പന്നമാക്കി?
4) തച്ചോളി ഒതേനൻെറ വീരകൃത്യങ്ങൾ ചുരുക്കിപ്പറയുക.
5) കുറിപ്പെഴുതുക:—(എ) കളരിപ്പയററു് (ബി) കേരളത്തിലെ ശില്പകല (സി) നമ്മുടെ രാജ്യത്തിലെ പ്രധാനപ്പെട്ട മൂന്നു കൈവേലകൾ.

## അദ്ധ്യായം 6.

# ഭാരത ചരിത്രപാഠങ്ങൾ

## 1. സിന്ധുതീര പരിഷ്കാരം

ക്രിസ്തുവിൻെറ കാലത്തിനു 4000 കൊല്ലങ്ങൾക്കു മുമ്പ് കറുത്ത നിറവും പരന്ന മൂക്കും നീണ്ട തലയുമുള്ള ഒരു വർഗ്ഗക്കാർ ഇന്ത്യയിലുണ്ടായിരുന്നു. തമിഴ്, മലയാളം, കർണ്ണാടകം, തെലുങ്ക് എന്നീ ഭാഷകളുമായി വളരെ സാമ്യമുള്ള ഒരു ഭാഷ അവർ സംസാരിച്ചുവന്നു. വളരെ പരിഷ്കാരമുള്ളതായിരുന്നു അവരുടെ ജീവിതം. അവരെ ദ്രാവിഡർ എന്നു പറയുന്നു.

തെക്കെ ഇന്ത്യയിൽ തിരുനൽവേലിക്കടുത്തും തലശ്ശേരിയിലും ഇവരുടെ പരിഷ്കാരത്തിൻെറ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കല്ലും കട്ടയുമുപയോഗിച്ച് വലിയ കെട്ടിടങ്ങളുണ്ടാക്കി അവർ താമസിച്ചിരുന്നു. മനോഹരമായ ഭവനങ്ങളും ഉറപ്പുള്ള കോട്ടകളും ഇക്കൂട്ടത്തിലുണ്ടായിരുന്നു. വലിയ പട്ടണങ്ങളും അവർ നിർമ്മിച്ചിരുന്നുവത്രെ. നേരിയ വസ്ത്രങ്ങൾ ഉടുത്തും, വെള്ളിയും സ്വർണ്ണവും മുത്തും കൊണ്ടുള്ള ആഭരണങ്ങൾ അണിഞ്ഞും അവർ നടന്നിരുന്നു. മാതൃവഴിക്കായിരുന്നു അവരുടെ ദായക്രമം. ജാതിവ്യത്യാസം അന്നില്ലായിരുന്നു. ഒന്നാംതരം കലപ്പകളുണ്ടാക്കി നിലം ഉഴുത് അവർ കൃഷിചെയ്തുവന്നു. വലിയ തോണികളിൽ കയറി വിദേശങ്ങളിൽ ചെന്ന് അവർ കച്ചവടം ചെയ്തിരുന്നു. അടുത്തുള്ള ദ്വീപുകളിൽ കുടിയേറിപ്പാർക്കുകയും ചെയ്തിട്ടുണ്ട്. മരിച്ചവരെ വലിയ മൺഭരണികളിലാക്കി

കുഴിച്ചുമൂട്ടുകയായായിരുന്നു അവരുടെ പതിവ്. മൃഗങ്ങളെ കൊന്നു് കുരുതികൊടുത്തും പാട്ടും തുള്ളലും നടത്തിയുമാണു് അവർ ദൈവത്തെ ആരാധിച്ചിരുന്നതു്.

ഇന്ത്യയുടെ വടക്കുപടിഞ്ഞാറുഭാഗത്തു് സിന്ധുനദീതീരത്തും ഇവരുടെ പരിഷ്കാരത്തിൻെറ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ടു്. ഹാരപ്പാ എന്നും മോഹൻജദാരോ എന്നും അറിയുന്ന രണ്ടു സ്ഥലങ്ങൾ കുഴിച്ചുനോക്കിയപ്പോൾ അത്ഭുതമായ ഒരു സംസ്കാരം അവിടെ ഉണ്ടായിരുന്നതായി മനസ്സിലായി. വിശാലമായ തെരുവീഥികളും അവയ്ക്കരുകിൽ ചുട്ട കട്ടകൾകൊണ്ടു കെട്ടിപ്പൊക്കിയ വീടുകളും കണ്ടു. ഓടുകൾ, മടകൾ, കിണറുകൾ, കുളിമുറികൾ എന്നിവ ഈ വീടുകളിലുണ്ടു്. ചെമ്പുകൊണ്ടുണ്ടാക്കിയ ആയുധങ്ങൾ, കല്ലിലും വെങ്കലത്തിലും വാർത്ത പ്രതിമകൾ, സ്വർണ്ണത്തിലും വെള്ളിയിലും നിർമ്മിച്ച ആഭരണങ്ങൾ എന്നിവയും കണ്ടുകിട്ടി. മൺപാത്രങ്ങളും മൺപ്രതിമകളും ധാരാളം ഉണ്ടായിരുന്നു. ഈ പ്രതിമകളിൽനിന്നു് അന്നത്തെ ആളുകൾ കിളരം കുറഞ്ഞു്, തടിച്ച ചുണ്ടും ഇടുങ്ങി വളഞ്ഞ കണ്ണും ഉള്ളവരായിരുന്നുവെന്നു് അനുമാനിക്കാം. പുരുഷന്മാർ താടിയും മീശയും വളർത്തിയിരുന്നു. കൃഷിയും കച്ചവടവും നെയ്ത്തുമായിരുന്നു അവരുടെ പ്രധാന തൊഴിലുകൾ. ആനയും ആടും എരുമയും അവർ വീട്ടിൽ വളർത്തിയിരുന്നു. മത്സ്യവും മാംസവും സസ്യങ്ങളും ചേർന്നതായിരുന്നു അവരുടെ ആഹാരം. കുന്തവും കവിണും ഉപയോഗിച്ചാണു് അവർ യുദ്ധം ചെയ്തിരുന്നതു്. ശിവലിംഗങ്ങൾ കണ്ടെടുത്തിട്ടുള്ളതിൽനിന്നു് അവർ ശിവനെ ഭജിച്ചിരുന്നതായി മനസ്സിലാക്കാം. ഒരുതരം അക്ഷരങ്ങൾ വരച്ചിട്ടുള്ള മുദ്രഅച്ചുകളും അവിടെനിന്നു് എടുത്തിട്ടുണ്ടു്. വിശാലമായ കല്പടകളോടു

കൂടിയ ഒരു കുളവും, അതോടുചേന്ന ഒരു വിശ്രമമണ്ഡപവും കൂടി മോഹൻജദാരോയിൽ കാണുകയുണ്ടായി.

## 2. അശോകനും മൗര്യസാമ്രാജ്യവും

പഞ്ചാബിൽ താമസിച്ചിരുന്ന ദ്രാവിഡരെ ആര്യന്മാർ എന്നൊരു വർഗ്ഗം തോല്പിച്ചു കീഴടക്കി. ക്രമേണ ആര്യന്മാർ ഉത്തരേന്ത്യയിൽ പുതിയ രാജ്യങ്ങൾ സ്ഥാപിച്ചു. പാഞ്ചാലം, വിദേഹം, കോസലം, മഗധം, കാശി എന്നിവയാണു് അവയിൽ പ്രധാനം.

കുറെക്കാലം കഴിഞ്ഞു് മൗര്യവംശത്തിൽ ജനിച്ച ചന്ദ്രഗുപ്തൻ എന്ന ഒരു രാജാവു്, പാടലീപുത്രം തലസ്ഥാനമാക്കി, മഗധ ഭരിച്ചിരുന്നു. ഉത്തരേന്ത്യയിലെ രാജ്യങ്ങളെല്ലാം അദ്ദേഹം കീഴടക്കി ഒരു സാമ്രാജ്യം നിമ്മിച്ചു. ഈ മൗര്യസാമ്രാജ്യം പടിഞ്ഞാറു് ഹിന്ദുക്കുഷ്പവ്വതനിരതൊട്ടു് കിഴക്കു് ഗംഗാമുഖംവരെയും വടക്കു് ഹിമാലയപവ്വതംമുതൽ തെക്കു് നമ്മദാനദിവരെയും വ്യാപിച്ചിരുന്നു. അദ്ദേഹത്തിൻെറ പുത്രനായ ബിന്ദുസാരൻ സാമ്രാജ്യത്തെ കൂടുതൽ വിപുലമാക്കി. നമ്മദാതീരം തൊട്ടു് മൈസൂർവരെയുള്ള സ്ഥലമാണു് അദ്ദേഹം കൂട്ടിച്ചേത്തതു്. നമ്മദയ്ക്കും മൈസൂരിനുമിടയ്ക്കു് ഒരു ചെറിയ രാജ്യം മാത്രം അദ്ദേഹത്തിനു് കീഴടങ്ങാതെ ശേഷിച്ചു. ബംഗാൾ ഉൾക്കടലോരം ചേന്നു കിടന്ന കലിംഗരാജ്യമായിരുന്നു അതു്.

ബിന്ദുസാരൻെറ പുത്രനായ അശോകൻ ബി. സി. 273–ൽ രാജാവായി. ഒരു വലിയ സൈന്യവുമായി ബി. സി. 261–ൽ അദ്ദേഹം കലിംഗരാജ്യം ആക്രമിച്ചു. സ്വാതന്ത്ര്യത്തിനുവേണ്ടി കലിംഗർ വാശിയോടു പോരുചെയ്തു.

അശോകന്റെ സൈന്യങ്ങൾ അവരെ അരിഞ്ഞു ഒട്ടുക്കി. യുദ്ധക്കളം ഒരു രക്തപ്പുഴയായി മാറി. ഒരു ലക്ഷം ഭടന്മാർ മരിച്ചു.

യുദ്ധം ജയിച്ചു. എങ്കിലും അശോകനു സന്തോഷം ഉണ്ടായില്ല. കലിംഗരുടെ കഷ്ടപ്പാടും കരച്ചിലും അദ്ദേഹത്തിന്റെ ഹൃദയത്തെ അലിയിച്ചു. ഇനി ഒരിക്കലും യുദ്ധം ചെയ്യുകയില്ലെന്നു് അദ്ദേഹം ശപഥംചെയ്തു. ജനങ്ങളെ ക്കൊന്നു് രാജ്യം പിടിച്ചടക്കിയല്ല അവരെ സ്നേഹപൂർവ്വം സേവിച്ചാണു് കീർത്തി നേടേണ്ടതെന്നു് അദ്ദേഹത്തിനു തോന്നി. സ്നേഹവും ദയയും നിറഞ്ഞ ബുദ്ധമതം സ്വീകരിച്ചു്, അന്നുമുതൽ അശോകൻ എളിയവനെപ്പോലെ ജീവിച്ചുവന്നു.

ജനങ്ങൾക്കു നന്മചെയ്യുവാനായി മാത്രമാണു് പിന്നീട്ട് അദ്ദേഹം രാജ്യം ഭരിച്ചതു്. (യാത്രക്കാരുടെ സുഖത്തിനായി വഴിയരുകിൽ ചോലമരങ്ങൾ വച്ചുപിടിപ്പിക്കുക, കിണറുകൾ കുഴിക്കുക, വഴിയമ്പലങ്ങൾ കെട്ടുക മുതലായവ അദ്ദേഹം ചെയ്തു. രോഗികളെ ശുശ്രൂഷിക്കുന്നതിനു ധാരാളം ധർമ്മാശുപത്രികൾ സ്ഥാപിച്ചു. മൃഗാശുപത്രികളും ഏർപ്പെടുത്തി.)

(തന്റെ പ്രജകൾ സന്മാർഗ്ഗികളും സമാധാനപ്രിയരും ആയിരിക്കണമെന്നു് അശോകൻ ആഗ്രഹിച്ചു. അതുകൊണ്ടു ബുദ്ധമതതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനു് അദ്ദേഹം യത്നിച്ചു. സത്യം പറയണം, മൂത്തവരോടു് ഗുരുത്വത്തോടു പെരുമാറണം, ബന്ധുക്കളോടു് കരുണ കാണിക്കണം, യാതൊരു ജീവജാലങ്ങളേയും കൊല്ലരുതു് എന്നെല്ലാം പാറകളിലും കൽത്തൂണുകളിലും കൊത്തിച്ചു.) ഇവ ഉപദേശിക്കു

ന്നതിനും നടപ്പിലാക്കുന്നതിനും കുറെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തു.

അന്യരാജ്യങ്ങളിലെ ജനങ്ങളേയും അശോകൻ സ്വന്തം പ്രജകളെപ്പോലെ സ്നേഹിച്ചു. അതുകൊണ്ട് അവക്കും അദ്ദേഹം മരുന്നും ആഹാരസാധനങ്ങളും അയച്ചുകൊടുത്തിരുന്നു. അവരുടെ ഇടയിൽ ബുദ്ധമതതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനും ആളുകളെ അയച്ചു. സിലോൺ, ബർമ്മ, ഈജിപ്ത് മുതലായ സ്ഥലങ്ങൾ ഇതിലുൾപ്പെടുന്നു.



അശോകസ്തംഭം

ഉത്തരേന്ത്യയിൽ സാരനാഥം എന്ന സ്ഥലത്ത് അശോകൻ സ്ഥാപിച്ച ഒരു ശിലാസ്തംഭം ഉണ്ട്. അതിൻെറ

അററത്തു് ഒരു പീഠത്തിൻെറ മുകളിൽ നാലു സിംഹങ്ങൾ ഒന്നിച്ചു നില്ക്കുന്നതു കാണാം. ഈ പീഠത്തിൽ കൊത്തിയിട്ടുള്ള അശോകചക്രമാണു് നമ്മുടെ ദേശീയ പതാകയിൽ ഇന്നു ചേൎത്തിരിക്കുന്നതു്. 'അശോകൻെറ വഴിയെ' ഭരണം നടത്തി ഐശ്വൎയ്യവും സമാധാനവും കൈവരുത്തുന്നതിനുള്ള ദൃഢനിശ്ചയമാണു് അതിനു് പുറകിലുള്ളതു്.

## 8. വിക്രമാദിത്യനും ഗുപ്തസുവൎണ്ണകാലവും

ഏകദേശം അഞ്ഞൂറു കൊല്ലങ്ങൾക്കുശേഷം വീണ്ടും മഗധയിൽ ഒരു ചന്ദ്രഗുപ്തൻ രാജാവായി. 'ഗുപ്തവംശ'ത്തിൽ പെട്ട ഈ രാജാവിൻെറ പുത്രനായ സമുദ്രഗുപ്തൻ ഇന്ത്യയിലെ പല രാജാക്കന്മാരേയും തോല്പിച്ചു് ഒരു ഗുപ്തസാമ്രാജ്യം സ്ഥാപിച്ചു. ഹിമാലയം മുതൽ നൎമ്മദ വരെയും ബ്രഹ്മപുത്ര മുതൽ യമുന വരെയുമായിരുന്നു അതിൻെറ വിസ്താരം.

ക്രൈസ്തവം 380 മുതൽ 413 വരെ ഈ സാമ്രാജ്യം ഭരിച്ചതു് സമുദ്രഗുപ്തൻെറ പുത്രനായ ചന്ദ്രഗുപ്തനായിരുന്നു. മാളവം എന്നും സൗരാഷ്ട്രം എന്നും രണ്ടു രാജ്യങ്ങൾ അദ്ദേഹത്തിൻെറ സാമ്രാജ്യത്തിനു് പടിഞ്ഞാറുവശത്തുണ്ടായിരുന്നു. ശകന്മാർ എന്ന ഒരു വിദേശീയ വൎഗ്ഗക്കാരുടെ ഭരണത്തിലായിരുന്നു ആ രാജ്യങ്ങൾ. മാളവത്തിലെ ശകരാജാവു് ഒരു വിടനുംകൂടിയായിരുന്നു. ചന്ദ്രഗുപ്തൻെറ ജ്യേഷ്ഠൻെറ ഭാൎയ്യയെ അപമാനിക്കുവാൻ അയാൾ ശ്രമിച്ചു. ചന്ദ്രഗുപ്തൻ അയാളെ വധിച്ചു രാജ്ഞിയെ രക്ഷിച്ചു. മാളവം പിടിച്ചടക്കിയശേഷം സൗരാഷ്ട്രവുംകൂടി അദ്ദേഹം കീഴടക്കി സാമ്രാജ്യത്തോടു ചേൎത്തു. അതോടുകൂടി സാമ്രാജ്യം അറബിക്കടൽ വരെ വ്യാപിച്ചു. പരാക്രമിയായ രാജാവു് എന്നു് ആളു

കൾ അദ്ദേഹത്തെ വാഴ്ത്തി. 'വിക്രമാദിത്യൻ' എന്ന ബിരുദം അദ്ദേഹം സ്വീകരിച്ചു.

മാളവത്തിൻെറ തലസ്ഥാനമായിരുന്ന ഉജ്ജയിനിയെ ചന്ദ്രഗുപ്ത വിക്രമാദിത്യൻ അദ്ദേഹത്തിൻെറ രാജധാനിയാക്കി. അതുകൊണ്ടു് 'ഉജ്ജയിനിയിലെ വിക്രമാദിത്യൻ' എന്നും അദ്ദേഹത്തെ പറയാറുണ്ടു്. അദ്ദേഹം ഒരു ഹിന്ദുമത വിശ്വാസിയായിരുന്നു. സംസ്കൃതസാഹിത്യത്തെ പോഷിപ്പിക്കുന്നതിൽ അദ്ദേഹം ഉത്സുകനായിരുന്നു. അദ്ദേഹത്തിൻെറ കൊട്ടാരത്തിൽ അനേകം വിദ്വാന്മാരുണ്ടായിരുന്നതായി പറയുന്നു. 'നവരത്നങ്ങൾ' എന്നറിയുന്ന ഒൻപതു സംസ്കൃത വിദ്വാന്മാർ അദ്ദേഹത്തിൻെറ ആശ്രിതരായിരുന്നു. ഇവരിൽ പ്രധാനിയാണു് കാളിദാസൻ. ശാകുന്തളം എന്ന സുപ്രസിദ്ധ നാടകത്തിൻെറ കത്താവാണു് കാളിദാസൻ. പഞ്ചതന്ത്രക്കഥകൾ ഇക്കാലത്താണു് എഴുതിയതു്. അജന്താ ഗുഹകളിലെ ലോകപ്രസിദ്ധമായ ചിത്രങ്ങളിൽ പലതും വരച്ചതും ഇക്കാലത്തായിരുന്നു.

ഫാഹിയാൻ എന്നൊരു ചീനസഞ്ചാരി ഇക്കാലത്തു് ഇന്ത്യയിൽ വന്നിരുന്നു. അദ്ദേഹത്തിൻെറ വിവരണങ്ങളിൽ നിന്നു് ഗുപ്തഭരണത്തെപ്പററി നമുക്കു് പലതും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ജനങ്ങൾ പൊതുവെ മര്യാദക്കാരായിരുന്നു. അഹിംസാസിദ്ധാന്തത്തിൽ വിശ്വസിച്ചുവന്നവരായിരുന്നു അധികവും. ശിക്ഷകൾപോലും സൗമ്യമായവയായിരുന്നു. മരണശിക്ഷ ഒരു കുററത്തിനും നല്കിയിരുന്നില്ല. എന്നിട്ടും അഴിമതികളും അക്രമങ്ങളും വളരെ കുറവായിരുന്നു. പൗര ജീവിതത്തിൽ ഉദ്യോഗസ്ഥന്മാർ തീരെ ഇടപെട്ടിരുന്നില്ല. നാട്ടിൽ സംതൃപ്തിയും സന്തോഷവും കളിയാടിയിരുന്നു. ആകെക്കൂടി നോക്കുമ്പോൾ ഇന്ത്യയിലെ ഒരു 'സുവർണ്ണകാല'മായിരുന്നു അതു് എന്നു പറയാം.

## 4. ശ്രീഹർഷനും യുവാൻ ചാങ്ങും

ഡൽഹിക്കടുത്തു് താനേശ്വരം എന്നൊരു രാജ്യം ക്രൈസ്തവം 600-ാമാണ്ടിനടുപ്പിച്ചു് ഉയൎന്നുവന്നു. ഏ. ഡി. 606-ൽ ഹൎഷൻ അവിടുത്തെ രാജാവായി. ഹൎഷൻെറ സഹോദരിയായ രാജ്യശ്രീയെ അയൽരാജ്യമായ കന്യാകുബ്ജത്തിലെ രാജാവു് വിവാഹംകഴിച്ചിരുന്നു. ഒരു ശത്രുരാജാവു് അദ്ദേഹത്തെ വധിച്ചു് രാജ്യശ്രീയെ തടവിലാക്കി. രാജ്യശ്രീ തടവുചാടി, അടുത്തുള്ള ഒരു വനത്തിൽചെന്നു് ആത്മഹത്യ ചെയ്യുവാൻ ഒരുമ്പെട്ടു.

ഹൎഷൻ രാജാവായതു് ഈ സമയത്താണു്. അവരെ തിരക്കി കണ്ടുപിടിച്ചു് അദ്ദേഹം താനേശ്വരത്തു കൊണ്ടുവന്നു. സഹോദരിയെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി കന്യാകുബ്ജത്തു് അധികാരം സ്ഥാപിച്ചുകൊണ്ടു് അദ്ദേഹം രാജധാനിതന്നെ അങ്ങോട്ടേയ്ക്കുമാററി. പഞ്ചാബും ബംഗാളും ഒഴിച്ചു് ഉത്തരേന്ത്യ മുഴുവൻ ആറു കൊല്ലത്തിനകം അദ്ദേഹത്തിൻെറ കീഴിലായി. ദക്ഷിണ ഇന്ത്യകൂടി സാമ്രാജ്യത്തിൽ ലയിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി അദ്ദേഹം നൎമ്മദാതീരത്തെത്തി. പക്ഷെ അവിടെവെച്ചു നടന്ന ഒരു യുദ്ധത്തിൻെറ ഫലമായി അദ്ദേഹം തിരിച്ചുപോവുകയാണു് ചെയ്തതു്. ഏ. ഡി. 647 വരെ അദ്ദേഹം ഭരിച്ചു.

പ്രാചീനഭാരതത്തിലെ ഒടുവിലത്തെ സാമ്രാട്ടായിരുന്നു ഹൎഷൻ. അശോകനെപ്പോലെ മഹാനായ ചക്രവൎത്തിയായിരുന്നു അദ്ദേഹവും. 'ദ്വേഷത്തെ സ്നേഹംകൊണ്ടു് ജയിക്കണം' എന്നു് രാജ്യശ്രീ അദ്ദേഹത്തെ ഉപദേശിച്ചു. ഒരു ബുദ്ധമതതത്വമാണല്ലോ അതു്. രാജ്യശ്രീയും ഹൎഷനും അങ്ങനെ ബുദ്ധനെ ആരാധിച്ചുതുടങ്ങി. ഹിന്ദുദേവാലയങ്ങൾ, ബുദ്ധവിഹാരങ്ങൾ, വഴിയമ്പലങ്ങൾ, ധൎമ്മസ്ഥാ

പത്മങ്ങൾ എന്നിവ അദ്ദേഹം കന്യാകുബ്ജത്തുണ്ടാക്കി. ആ നഗരം ഹിന്ദു സന്യാസിമാരുടേയും ബുദ്ധഭിക്ഷുക്കളുടേയും ഒരു പ്രധാന കേന്ദ്രമായിത്തീൎന്നു.

യുവാൻചാങ്ങ് എന്നൊരു ചീനഭിക്ഷു ഇക്കാലത്ത് ഇൻഡ്യയിൽ ബുദ്ധമതഗ്രന്ഥങ്ങൾ പരിശോധിക്കാനായി എത്തി. ഹൎഷൻ അദ്ദേഹത്തെ സ്വീകരിച്ച് വിലപിടിച്ച സമ്മാനങ്ങൾ നല്കി. അഞ്ചു വൎഷത്തിലൊരിക്കൽ ഹൎഷൻ കൊണ്ടാടിയിരുന്ന ഒരു ഉത്സവം അദ്ദേഹം വൎണ്ണിച്ചിട്ടുണ്ട്. എഴുപത്തിയഞ്ചു ദിവസം കന്യാകുബ്ജത്തു പൊടിപൂരമായ ആഘോഷങ്ങൾ നടന്നു. ഇരുനൂറിൽപരം രാജാക്കന്മാരും അറുനൂറിൽപരം ആനകളും അകമ്പടിസേവിച്ചുകൊണ്ടുള്ള ഒരു എഴുന്നെള്ളിപ്പായിരുന്നു അതിലെ പ്രധാന ചടങ്ങ്. ശിവന്റെയും സൂൎയ്യന്റെയും നടുവിലായി ബുദ്ധദേവന്റെ ഒരു വിഗ്രഹമുണ്ടായിരുന്നു. വിഗ്രഹങ്ങളുടെ മുമ്പിൽ സ്വൎണ്ണം വിതറിക്കൊണ്ട് ചക്രവൎത്തി നടന്നുപോയി.

കന്യാകുബ്ജത്തെ ഈ ആഘോഷങ്ങൾ കഴിഞ്ഞ് ഗംഗയും യമുനയും ഒന്നിച്ചു ചേരുന്ന പ്രയാഗ എന്ന സ്ഥലത്തു ചെന്ന് ഹൎഷൻ രാജകീയദാനം നടത്തി. കഴിഞ്ഞ അഞ്ചു കൊല്ലത്തിനിടക്ക് സംഭരിച്ചിരുന്ന സ്വൎണ്ണവും വെള്ളിയും വസ്ത്രങ്ങളും മുഴുവൻ ഹൎഷൻ വിദ്വാന്മാൎക്ക് വിതരണം ചെയ്യുകയായിരുന്നു. ഹിന്ദു സന്യാസിമാൎക്കും, ബുദ്ധഭിക്ഷുക്കൾക്കും ഒരുപോലെ ഈ ദാനം ലഭിച്ചു. തനിക്കുള്ള സകല സമ്പത്തും ഇങ്ങനെ നല്കിയിട്ട് കടം വാങ്ങിയ ഒരു വസ്ത്രവും ഉടുത്തുകൊണ്ട് ഹൎഷൻ തിരിച്ചുപോയത്രെ!

## 5. ജയചന്ദ്രനും പൃഥ്വീരാജനും

ഹൎഷന്റെ കാലശേഷം ഉത്തരേന്ത്യയെ ഭരിച്ചിരുന്നത് അധികവും രജപുത്ര രാജവംശങ്ങളായിരുന്നു. ആത്മാഭിമാ

നവും ധൈയ്യവും ഓരോ രജപുത്രൻേറയും കൂടെപ്പിറപ്പായി രുന്നു. രാജാവിനുവേണ്ടി യുദ്ധംചെയ്യുക മാത്രമായിരുന്നു അയാളുടെ തൊഴിൽ. കുതിരപ്പുറത്തുനിന്നു താഴെ ഇറങ്ങു വാൻപോലും അയാൾക്കു മടിയായിരുന്നു. വാളും പരി ചയും കൂടാതെ അയാൾ പുറത്തിറങ്ങിയിരുന്നില്ല. യുദ്ധവീര ന്മാരുടെ കഥകൾ അമ്മമാർ പറഞ്ഞുകൊടുത്താണു് അവരെ വളത്തിയിരുന്നതു്. രജപുത്രസ്ത്രീകൾ യുദ്ധവീരന്മാരെയാണു് ഭത്താക്കന്മാരായി സ്വീകരിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നതും.

ഒരുമിച്ചു കഴിഞ്ഞിരുന്നുവെങ്കിൽ അവരെ ജയിക്കുവാൻ ഒരു ശക്തിയ്ക്കും സാദ്ധ്യമാവുമായിരുന്നില്ല പക്ഷെ ഒരുമി യ്ക്കുക രജപുത്രക്കു് സാദ്ധ്യമല്ലായിരുന്നു. തമ്മിലടിച്ചു കഴിഞ്ഞ രജപുത്രരാജാക്കന്മാർ വിദേശീയക്കെതിരായി പോലും യോജിക്കുവാൻ തയ്യാറായില്ല.

ഉത്തര ഇൻഡ്യയിലെ പ്രധാനപ്പെട്ട രജപുത്രരാജ്യങ്ങ ളായിരുന്നു ഡൽഹിയും, ആജ്മീരും, കന്യാകുബ്ജവും. കന്യാകുബ്ജം ഭരിച്ചിരുന്നതു് ജയചന്ദ്രൻ എന്നൊരു പ്രസി ദ്ധരാജാവായിരുന്നു. പൃഥ്വീരാജൻ എന്നൊരു യുവാവാണു് ആജ്മീർ ഭരിച്ചിരുന്നതു്. ഡൽഹിയിലെ രാജവംശം അറ്റു തിവന്നപ്പോൾ ആ രാജ്യവും പൃഥ്വീരാജനു ലഭിച്ചു. ജയച ന്ദ്രനു് അതോടുകൂടി പൃഥ്വിയോടു് വലിയ കാലുഷ്യമായി.

രജപുത്ര രാജാക്കന്മാരിൽ പ്രമാണി താനാണെന്നു് സ്ഥാപിക്കുന്നതിനുവേണ്ടി ഒരു അശ്വമേധയാഗം കഴിക്കുന്ന തിനു് ജയചന്ദ്രൻ നിശ്ചയിച്ചു. പൃഥ്വീരാജൻ ഈ യാഗ ത്തിൽ പങ്കുകൊള്ളുകയില്ലെന്നു് ജയചന്ദ്രനു് നിശ്ചയമായി രുന്നു. അതുകൊണ്ടു് അദ്ദേഹത്തിൻെറ പ്രതിമ ഖികൃത രൂപത്തിലുണ്ടാക്കി യാഗശാലയുടെ നടയിൽ ജയചന്ദ്രൻ പ്രതിഷ്ഠിച്ചു.

ജയചന്ദ്രന്ന് സംയുക്തയെന്നു് അതിസുന്ദരിയായ ഒരു പുത്രിയുണ്ടായിരുന്നു. ആ കുമാരിയുടെ സ്വയംവരവും അന്നു തന്നെ നടത്തുവാൻ ഏപ്പാട്ടചെയ്തു. പൃഥ്വീരാജനു് സംയുക്തയെ വിവാഹം കഴിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വീര്യപരാക്രമങ്ങൾ സംയുക്തയും കേട്ടറിഞ്ഞിരുന്നു.

വരണമാലയുമായി സംയുക്ത വിവാഹപ്പന്തലിൽ പ്രവേശിച്ചപ്പോൾ പൃഥ്വീരാജന്റെ സിംഹാസനം ഒഴിഞ്ഞു കിടക്കുന്നതു കണ്ടു. അവിടെക്കൂടിയിരുന്ന മററു രാജകുമാരന്മാരെ അവർ ഒന്നു നോക്കുകപോലും ചെയ്തില്ല. നേരെ യാഗശാലയുടെ വാതുക്കൽചെന്നു് പൃഥ്വീരാജന്റെ പ്രതിമയിൽ ആ രജപുത്രകന്യക തന്റെ വരണമാല്യമർപ്പിച്ചു.

കോപവും കുറച്ചില്ലുംകൊണ്ടു് ജയചന്ദ്രൻ വിറയ്ക്കുവാൻ തുടങ്ങി. പക്ഷെ അദ്ദേഹത്തിനു് അനങ്ങുവാൻ കഴിയുന്നതിനുമുമ്പ് പൃഥ്വീരാജൻ അവിടെ എത്തി, തന്റെ പ്രണയിനിയെ എടുത്തു് കുതിരപ്പുറത്തിരുത്തിക്കൊണ്ടു്, വായുവേഗത്തിൽ അവിടെനിന്നു മറഞ്ഞു. ഡൽഹിയിലെത്തി, രാജോചിതമായവിധം അദ്ദേഹം സംയുക്തയുമായുള്ള വിവാഹം ആഘോഷിച്ചു.

ജയചന്ദ്രനും അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്ന നിരാശരായ രാജകുമാരന്മാരും പൃഥ്വീരാജനോടു് പകരം ചോദിക്കണമെന്നു് നിശ്ചയിച്ചു. പക്ഷെ അദ്ദേഹത്തെ ഒരു യുദ്ധത്തിൽ നേരിടുന്നതിനു് അവക്കു ധൈയ്യമില്ലായിരുന്നു. അതുകൊണ്ടു് മുഹമ്മദ് ഗോറി എന്നൊരു വിദേശീയരാജാവിനെ ക്ഷണിച്ചുവരുത്തുവാൻ അവർ നിശ്ചയിച്ചു. അദ്ദേഹത്തിനെതിരായി പൃഥ്വിയെ സഹായിക്കുവാൻ ആരും ചെല്ലുകയില്ലെന്നു് ദൂതന്മാരെ അയച്ചു് ആ വിദേശീയന്നു് അവർ ഉറപ്പുകൊടുക്കുകയും ചെയ്തു.

ഇതുതന്നെ തരമെന്നു കരുതി ഘോറി ഇൻഡ്യയെ ആക്രമിച്ചു അയാളെ ചെറുക്കുന്നതിനു് പൃഥ്വി പടകൂട്ടി. രജപുത്രരാജാക്കന്മാരാരും അദ്ദേഹത്തിന്റെ കൊടിക്കീഴിൽ അണിനിരന്നില്ല. എങ്കിലും ധൈര്യം വെടിയാതെ അദ്ദേഹം രാജ്യം രക്ഷിക്കുന്നതിനായി പോർക്കളത്തിലേക്കു തിരിച്ചു. ഭർത്താവിനെ കവചവും വാളും ധരിപ്പിച്ചു് സന്തോഷത്തോടുകൂടി സംയുക്ത പറഞ്ഞയച്ചു.

നിർഭാഗ്യവശാൽ പൃഥ്വീരാജൻ യുദ്ധത്തിൽ തോററു. മുസ്ലീങ്ങൾ അദ്ദേഹത്തെ പിടികൂടി വധിച്ചു. ഭർത്താവിന്റെ മരണം ശ്രവിച്ച മാത്രയിൽ സംയുക്ത അഗ്നിപ്രവേശംചെയ്തു് വീരസ്വർഗ്ഗമടഞ്ഞു. ഡൽഹിയിൽ പ്രവേശിച്ച മുസ്ലീങ്ങൾ പൃഥ്വീരാജന്റെ വംശം മാത്രമല്ല നശിപ്പിച്ചതു്. പൃഥ്വീരാജനെ സഹായിക്കാതെ ഒഴിഞ്ഞുമാറിനിന്ന രാജാക്കന്മാരുടെ രാജ്യങ്ങൾ ഓരോന്നായി അവർ ആക്രമിച്ചു കീഴടക്കി ജയചന്ദ്രനെപ്പോലും അവർ ഉപദ്രവിക്കാതിരുന്നില്ല. അദ്ദേഹത്തെ യുദ്ധത്തിൽ തോല്പിച്ചു്, പിടിച്ചുകെട്ടി ഗംഗാനദിയിൽ മുക്കിക്കൊല്ലുകയാണു് അവർ ചെയ്തതു്.

## 6. അക്ബർ

രജപുത്രരെ കീഴടക്കി ഇന്ത്യയിൽ മുസ്ലീങ്ങൾ കുറേക്കാലം ഭരിച്ചു. 1206—ൽ അവരിൽനിന്നു് ഒരു മുഗൾരാജാവായ ബാബർ അധികാരം പിടിച്ചെടുത്തു. അദ്ദേഹം സ്ഥാപിച്ച മുഗൾവംശം വളരെക്കാലം ഇൻഡ്യ ഭരിച്ചു. ആ വംശത്തിലെ ഏററവും പ്രശസ്തനായ രാജാവാണു് അക്ബർ.

ബാബറിനുശേഷം ചക്രവർത്തിയായതു് അദ്ദേഹത്തിന്റെ പുത്രനായ ഹുമയൂൺ ആയിരുന്നു. ഒരു ശത്രുവിനെ ഭയന്നു് ഹുമയൂണിനു് ഇൻഡ്യയിൽനിന്നു് ഓടി രക്ഷപ്പെടേണ്ടി

ഷന്നു. ആ സമയം ഒരു കുഗ്രാമത്തിൽവെച്ചാണു് അക്ബറിന്റെ ജനനം കൂടെയുണ്ടായിരുന്നവക്കു് സമ്മാനിക്കാൻ ഹുമയൂണിന്റെ കയ്യിൽ വിലപിടിപ്പുള്ള സാധനങ്ങൾ ഒന്നുമില്ലായിരുന്നു. കുറെ കസ്തൂരി പൊട്ടിച്ചു് അവക്കു നല്കിക്കൊണ്ടു് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഈ കസ്തൂരിയുടെ സൗരഭ്യംപോലെ എന്റെ പുത്രന്റെ കീർത്തി പരക്കുന്നതിനു് ദൈവം തുണയ്ക്കട്ടെ". ഈ ആഗ്രഹം നിറവേറുകയുണ്ടായി.


അക്ബർ

ഹുമയൂൺ മരിച്ചപ്പോൾ ഡൽഹിയിൽ ഒരു ഹിന്ദു സിംഹാസനസ്ഥനായി. അയാളെ . അക്ബറിന്റെ രക്ഷകർത്താവായ ബൈറാംഖാൻ യുദ്ധത്തിൽ വീഴ്ത്തി. മരിക്കാറായിക്കിടന്ന ആ ഹിന്ദുവിനെ വെട്ടിക്കൊല്ലുവാൻ ബൈറാംഖാൻ ബാലനായ അക്ബറോടു പറഞ്ഞു. 'നിസ്സഹായനായി ചാകാൻപോകുന്നവനെ കൊല്ലുന്നതു് സാമർത്ഥ്യമല്ല' എന്നായിരുന്നു അതിനു് അക്ബർ പറഞ്ഞ മറുപടി.

എ. ഡി. 1556-ലായിരുന്നു ഈ യുദ്ധം. അല്പകാലത്തിനുള്ളിൽ പഞ്ചാബു മുതൽ അല്ലഹബാദുവരെയുള്ള രാജ്യങ്ങൾ അക്ബറിനു് അധീനമായി. ഹിന്ദുക്കളായ രജപുത്രരെ സ്വാധീനപ്പെടുത്തി അവരുടെ സഹകരണത്തോടുകൂടി രാജ്യം ഭരിക്കണമെന്നു് അക്ബർ ആഗ്രഹിച്ചു. അതിനുവേണ്ടി കീഴടങ്ങിയ രജപുത്രരെ അദ്ദേഹം ബഹുമാനിക്കുകയും വലിയ ഉദ്യോഗങ്ങളിൽ നിയമിക്കുകയും ചെയ്തു. ഹിന്ദു

ക്കൾക്ക് സൈന്യത്തിലും ഭരണക്കൂടത്തിലും ചുമതലയുള്ള ഉദ്യോഗങ്ങൾ നല്കി. രജപുത്രസ്ത്രീകളെ വിവാഹംചെയ്ത സ്വന്തം അരമനയിൽ പാൎപ്പിച്ചു. അവൎക്ക് ഹിന്ദുദേവന്മാരെ പൂജിക്കുന്നതിനുവേണ്ട സൗകൎയ്യങ്ങൾ ചെയ്തുകൊടുത്തതു കൂടാതെ, ആ പൂജകളിൽ ഒരു ഹിന്ദുവിനെപ്പോലെ ഉടുത്തൊരുങ്ങി അദ്ദേഹം പങ്കുകൊള്ളുകയും ചെയ്തു.

രജപുത്രരെ കീഴടക്കിയശേഷം അക്ബർ നൎമ്മദക്കു തെക്കുള്ള രാജ്യങ്ങൾക്കൂടി സാമ്രാജ്യത്തിൽ ചേൎക്കുവാൻ മുതിൎന്നു. അവിടത്തെ പ്രധാന രാജ്യങ്ങളെല്ലാം മുസ്ലിംഭരണത്തിലായിരുന്നു. അവയിൽ ചിലതു് അദ്ദേഹം കീഴടക്കി. അതോടുകൂടി അദ്ദേഹത്തിൻെറ സാമ്രാജ്യം കാബൂൾ മുതൽ കിഴക്കു് ബ്രഹ്മപുത്രാ തീരംവരെയും തെക്കു അഹമ്മദ്നഗരം വരെയും വിപുലമായി.

ആഗ്രയിലായിരുന്നു അക്ബർപാദുഷയുടെ രാജധാനി. കവികളും ഗായകന്മാരും അവിടെ കൂടുക പതിവായിരുന്നു. അബുൾഫാസൽ എന്നും ഫൈസിയെന്നും രണ്ടു മുസ്ലിം സഹോദരന്മാർ ഇക്കൂട്ടത്തിൽ പ്രസിദ്ധരാണു്. എല്ലാ മതങ്ങളേയും പററി അദ്ദേഹത്തിൻെറ മുമ്പിൽവെച്ചു് ചൎച്ചകൾ നടത്തിയിരുന്നു. സകല മതങ്ങളേയും അദ്ദേഹത്തിനു ബഹുമാനമായിരുന്നു. അതുകൊണ്ടു് ഹിന്ദുക്കളുടെ മേൽ ചുമത്തിയിരുന്ന ആൾവരി, തീൎത്ഥാടനക്കരം എന്നിവയെല്ലാം അദ്ദേഹം നിറുത്തൽചെയ്തു. എല്ലാവൎക്കും ആരാധനാസ്വാതന്ത്ര്യവും നല്കി. എല്ലാ മതങ്ങളിലുംനിന്നു പ്രധാനതത്വങ്ങൾ കൂട്ടിച്ചേൎത്തു് ഒരു പുതിയ മതം ഏൎപ്പെടുത്തിയാൽ ആളുകളുടെ ഇടയിൽ മതവൈരം ഇല്ലാതെയാകുമെന്നു വിചാരിച്ചു് അദ്ദേഹം അതിനു ശ്രമിച്ചു. പക്ഷെ അതു മാത്രം ഫലിച്ചില്ല.

അദ്ദേഹത്തിൻെറ ഭരണസമ്പ്രദായവും വളരെ പരിഷ്കൃതമായിരുന്നു. ഉദ്യോഗസ്ഥന്മാക്ക് കരകൾ നല്കുന്നതിനു പകരം ആദ്യമായി ശമ്പളം നല്കിയതു് അദ്ദേഹമാണു്. വസ്തു അളന്നു തിട്ടപ്പെടുത്തി, വിളവനുസരിച്ച് തരംതിരിച്ചു്, കരം ഈടാക്കുന്നതിനും അദ്ദേഹം ഏപ്പാടുചെയ്തു. ഭരണവകുപ്പുകളിലും അദ്ദേഹം മാററങ്ങൾ വരുത്തി. പിന്നീട്ട് ഇന്ത്യയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ പലതും ഇവയുടെ അടിസ്ഥാനത്തിലായിരുന്നു.

അക്ബർ മഹാനായ ഒരു ചക്രവത്തിയായിരുന്നു ജനക്ഷേമം മുൻനിത്തി അദ്ദേഹം ഭരിച്ചു. ഏ ഡി. 1605–ൽ അദ്ദേഹം മരിച്ചു.

## 7. ശിവജി

അക്ബർചക്രവത്തിയെ തുടന്നു് ജഹാംഗീർ, ഷാജഹാൻ, അറംഗസീബ് എന്നു മൂന്നു പ്രധാന മുഗൾപാദുഷമാർ ഇന്ത്യയെ ഭരിച്ചു. അറംഗസീബിനു് പന്ത്രണ്ടു വയസ്സു പ്രായമായിരുന്ന കാലത്തു് മഹാരാഷ്ട്രദേശത്തു് ശിവജി എന്നൊരു ബാലൻ ജനിച്ചു. അദ്ദേഹത്തിൻെറ പിതാവായ ഷാജി ദക്ഷിണ ഇന്ത്യയിലെ ഒരു മുസ്ലീംരാജ്യമായ ബീജപുരത്തു ഉദ്യോഗത്തിലായിരുന്നു. അതുകൊണ്ടു് മാതാവായ ജീജിഭായിയുടെ സംരക്ഷണയിലാണു് ശിവജി വളന്നുവന്നതു്. രാമായണം, മഹാഭാരതം, പുരാണങ്ങൾ എന്നിവയിൽനിന്നും വീരന്മാരുടെ കഥകൾ അവർ ശിവജിയെ പറഞ്ഞുകേൾപ്പിച്ചിരുന്നു. ഹിന്ദുക്കളെ അടിമത്വത്തിൽനിന്നും മോചിപ്പിച്ചു്, അവരുടെ സംസ്കാരം നിലനിത്തുന്നതിനു് തന്നാലായതു് ചെയ്യണമെന്നു് അപ്പോഴെല്ലാം ശിവജിക്കു് തോന്നി. കുതിരസവാരിയും യുദ്ധമുറകളും അദ്ദേഹം അഭ്യ



സിച്ചു. 19വയസ്സാകുന്നതിന്നുമുമ്പുതന്നെ ശിവജി പരാക്രമിയായ ഒരു നേതാവായിത്തീർന്നു.

ബീജപുരം സുൽത്താൻെറ ചില കോട്ടകൾ ആക്രമിക്കുകയാണു് ശിവജി ആദ്യം ചെയ്തതു്. കുപിതനായിത്തീർന്ന സുൽത്താൻ ഷാജിയെ ജയിലിലിലടച്ചു. പക്ഷെ ശിവജി,

മുഗൾചക്രവൎത്തിയുടെ ഉത്തരവു് മേടിച്ചു്, പിതാവിനെ മോചിപ്പിച്ചു. അഫ്സൽഖാൻ എന്നൊരു സേനാനായകനെ അയച്ചു് ശിവജിയെ ചതിയിൽ പെടുത്തി കൊല്ലാനായിരുന്നു സുൽത്താൻെറ അടുത്ത ശ്രമം. അഫ്സൽഖാൻ മഹാരാഷ്ട്രത്തു ചെന്നു് ശിവജിയെ ഒരു കൂടിക്കാഴ്ചക്കു ക്ഷണിച്ചു. കൂടാരത്തിൽ പ്രവേശിച്ച ശിവജിയെ സ്നേഹത്തോടുകൂടി കെട്ടിപ്പിടിക്കുന്ന മാതിരി ഭാവിച്ചുകൊണ്ടു് ഞെക്കിക്കൊല്ലാൻ അദ്ദേഹം ശ്രമിച്ചു. അതിനിടക്കു ശിവജി കൈവിരലുകളിൽ ധരിച്ചിരുന്ന പുലിനഖം, അയാളുടെ വയററിൽ കുത്തിയിറക്കി അയാളെ വധിച്ചു.

അറംഗസീബ് ചക്രവൎത്തിയായപ്പോൾ ശിവജി മഹാരാഷ്ട്രത്തു് ഒരു രാജാവിനെപ്പോലെ കഴിയുകയായിരുന്നു. മുഗൾസാമ്രാജ്യത്തെ കൂടെക്കൂടെ അദ്ദേഹം ആക്രമിച്ചു കൊള്ളയിട്ടു. ശിവജിയ മൎയ്യാദപഠിപ്പിക്കുവാൻ ചക്രവൎത്തിയുടെ അമ്മാവനായ ഷെയിസ്തഖാൻ മഹാരാഷ്ട്രത്തിലെത്തി. അയാൾ താമസിച്ചിരുന്നിടത്തു ചെന്നു ശിവജി അയാളെ വെട്ടി. കുറെ വിരലുകൾ നഷ്ടപ്പെട്ടുകൊണ്ടു് അയാൾ ഒരു വിധം രക്ഷപ്പെട്ടു തിരിച്ചുപോയി. കുറെക്കാലം കഴിഞ്ഞു അറംഗസീബ് ശിവജിയെ കൊട്ടാരത്തിലേക്കു ക്ഷണിച്ചുവരുത്തിയശേഷം അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. ശിവജിയുടെ ആൾക്കാർ അദ്ദേഹത്തെ ഒരു അപ്പക്കുട്ടയിലാക്കി ആരും അറിയാതെ വെളിയിൽ കൊണ്ടുപോന്നു.

ശിവജിയെ കീഴടക്കുക പ്രയാസമെന്നു് കണ്ടു് അറംഗസീബ് അദ്ദേഹത്തിനു് രാജസ്ഥാനം നല്കി. എ. ഡി. 1676–ൽ അദ്ദേഹത്തിൻെറ കിരീടധാരണം നടന്നു. 'ശിവജി—മഹാരാജ്—കി ജേ' എന്നു ശബ്ദം മഹാരാഷ്ട്രം മുഴുവൻ മുഴങ്ങി.

ആറു കൊല്ലം ശിവജി രാജ്യം ഭരിച്ചു. എല്ലാ മതക്കാർക്കും അദ്ദേഹം ആരാധനാസ്വാതന്ത്ര്യം നല്കുകയും, ഖുറാൻ മുതലായ മതഗ്രന്ഥങ്ങളെ ബഹുമാനിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം മഹാരാഷ്ട്രർ ഒരു വലിയ ശക്തിയായുയർന്നു. മുഗൾസാമ്രാജ്യത്തെ അവർ കിടുകിടെ വിറപ്പിച്ചു.

**ചോദ്യങ്ങൾ:**

1) ദ്രാവിഡരുടെ ഉത്തര ഇൻഡ്യയിലുണ്ടായിരുന്ന പരിഷ്കാരകേന്ദ്രങ്ങളുടെ പേരെന്തു്? സിന്ധുതീരത്തുണ്ടായിരുന്ന ദ്രാവിഡസംസ്കാരത്തെപ്പററി ഒരു കുറിപ്പു് എഴുതുക.

2) അശോകൻ ബുദ്ധമതം സ്വീകരിക്കാനുള്ള കാരണമെന്തു്? പ്രജാവത്സലനായ ഒരു രാജാവെന്നു എന്തുകൊണ്ടു അദ്ദേഹത്തെ പറയുന്നു? അദ്ദേഹം സിംഹസ്തംഭം സ്ഥാപിച്ച സ്ഥലത്തിന്റെ പേരെന്തു്?

3) വിക്രമാദിത്യൻ എന്ന പേരു് ചന്ദ്രഗുപ്തനു കിട്ടിയതെങ്ങനെ? അദ്ദേഹത്തിന്റെ കാലത്തു് ഇൻഡ്യയിലെത്തിയ ചീനസഞ്ചാരി ആരു്? ഗുപ്തകാലത്തു് ജീവിച്ചിരുന്ന ഒരു കവിയുടെ പേരു പറയുക. എന്തുകൊണ്ടു് ഗുപ്തകാലത്തെ ഒരു സുവർണ്ണകാലമായി കരുതുന്നു?

4) ശ്രീഹർഷന്റെ സഹോദരിയുടെ പേരെന്തു്? അദ്ദേഹത്തിന്റെ കാലത്തു് ഇൻഡ്യ സന്ദർശിച്ച ചീനസന്യാസി ആരായിരുന്നു? അദ്ദേഹം പ്രയാഗയിൽ വച്ചു കണ്ട വിശേഷമെന്തായിരുന്നു?

5) പൃഥ്വീരാജൻ സംയുക്തയെ വിവാഹം കഴിച്ചതെങ്ങനെ? ജയചന്ദ്രൻ പൃഥ്വിയോടു പകരം വീട്ടിയതെങ്ങനെ? അതിൻെറ ഫലം എന്തായി? രജപുത്രരുടെ സ്വഭാവം എന്തായിരുന്നു?

6) അക്ബർ ആരുടെ പുത്രനായിരുന്നു? അദ്ദേഹത്തിൻെറ പരിഷ്കാരങ്ങളെന്തെല്ലാം?

7) ശിവജിയുടെ മാതാപിതാക്കന്മാരാരായിരുന്നു? അദ്ദേഹത്തെ അമർച്ചചെയ്യാൻ പോയ ശത്രുക്കളുടെ അനുഭവമെന്തായിരുന്നു? അദ്ദേഹത്തെ ചക്രവർത്തിയായി അംഗീകരിച്ച മുഗൾചക്രവർത്തി ആര്?

## അദ്ധ്യായം 7.

# ജനകീയഭരണവും പൗരധർമ്മവും

### 1. പ്രാതിനിദ്ധ്യഭരണം

**തിരഞ്ഞെടുപ്പുമൂലമുള്ള പ്രാതിനിദ്ധ്യം:** മുൻകാലങ്ങളിൽ ഓരോ രാജ്യവും ഭരിച്ചിരുന്നത് അതതിൻെറ രാജാക്കന്മാരായിരുന്നു. രാജാക്കന്മാരുടെ സ്വേച്ഛാഭരണമാണ് അന്നു നിലവിലിരുന്നത്. കാലക്രമേണ ജനപ്രതിനിധികളുടെ സമിതികൾ പലയിടത്തും രാജാക്കന്മാരെ ഉപദേശിക്കുവാൻ രൂപീകരിക്കപ്പെട്ടു. രാജാവിനു് ഇഷ്ടമുള്ളവരെ ഉൾപ്പെടുത്തിയാണ് ആദ്യം ഈ സഭകളുണ്ടാക്കിയിരുന്നത്. ക്രമേണ ഈ പ്രതിനിധികളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം ജനങ്ങളിലേക്കു കൈമാറപ്പെട്ടു. കാലം പുരോഗമിച്ചതോടെ രാജാക്കന്മാരുടെ അധികാരംതന്നെ ഈ പ്രതിനിധിസഭകൾ കൈവശപ്പെടുത്തി. ഇങ്ങനെയാണ് ജനകീയ ഗവൺമെൻറുകൾ ആവിർഭവിച്ചത്. ജനങ്ങൾ, ജനങ്ങൾക്കു വേണ്ടി തന്നെത്താൻ ഭരിക്കുന്ന വ്യവസ്ഥിതിയാണ് ജനായത്തഭരണം.

രാജ്യം ചെറുതും ജനങ്ങൾ കുറവുമാണെങ്കിൽ മാത്രമേ ജനങ്ങൾക്കെല്ലാവർക്കുംകൂടെ ഒരുമിച്ചുകൂടുവാനും കാര്യങ്ങൾ ചർച്ചചെയ്യുവാനും സൗകര്യപ്പെടുകയുള്ളൂ. പണ്ടൊരു കാലത്തു് ചെറിയ നഗരരാജ്യങ്ങളുണ്ടായിരുന്നു. അന്നു് അവിടത്തെ എല്ലാ ജനങ്ങളും ഒരുമിച്ചു് ഒരു സഭയായിക്കൂടി ഭരണകാര്യങ്ങൾ നടത്തിയിരുന്നുവത്രെ. എന്നാൽ ജനപ്പെരുപ്പം നിമിത്തം ഈ സമ്പ്രദായം ഒരിടത്തും സാദ്ധ്യമല്ലാതെ

യായി. അതോടുകൂടിയാണ് ജന്മയാമൂഹത്തിനു പകരം ജന പ്രതിനിധികളെ ഭരണനിർവ്വഹണത്തിന് ചുമതലപ്പെടുത്തു വാൻ തുടങ്ങിയതു്.

ആദ്യമൊക്കെ സമ്പന്നരും വിദ്യാഭ്യാസയോഗ്യതയുള്ള വരുമായ മാന്യന്മാരെക്കൊണ്ടു മാത്രമാണ് ഈ തെരഞ്ഞെ ടുപ്പുകൾ നടത്തിവന്നിരുന്നതു്. അടുത്ത കാലത്തു മാത്ര മാണ് ഭരണകാര്യങ്ങളിൽ സാധാരണജനങ്ങളുടെ അഭി പ്രായത്തിനും വിലകല്പിക്കണമെന്നുള്ള ആശയം ഉയന്നു വന്നതു്. അതിൻെറ ഫലമായി ഇന്നു് പ്രായപൂത്തിയുള്ള എല്ലാവക്കും പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള സമ്മതിദാനാവകാശം പല രാജ്യങ്ങളിലും നല്കിക്കഴിഞ്ഞി രിക്കുന്നു.

ഇംഗ്ലണ്ടു്, അമേരിക്കൻ ഐക്യനാടുകൾ, ഫ്രാൻസ്, ഇൻഡ്യ മുതലായ രാഷ്ട്രങ്ങളിൽ ഇങ്ങനെയുള്ള ജനായത്ത ഭരണമാണ് നിലവിലിരിക്കുന്നതു്.

## പ്രായപൂത്തിവോട്ടവകാശവും തെരഞ്ഞെടുപ്പും:

ഒരു രാജ്യത്തെ പൗരന്മാർ സാധാരണ അവിടത്തെ ജനങ്ങ ളായിരിക്കും. ഒരു രാജ്യത്തു ജനിച്ചുവളന്നു പ്രായപൂത്തി യായ ജനങ്ങൾ എന്നത്ഥം. പക്ഷെ ഓരോ രാജ്യത്തും പൗരത്വം ചട്ടപ്രകാരം ആക്കാണെന്നു നിശ്ചയിച്ചിട്ടുണ്ടു്. ഇന്ത്യൻഭരണഘടനയനുസരിച്ചു് ഇവിടെ ജനിച്ചവർ, ഇവിടെ താമസമുറപ്പിച്ചവർ, ഇവിടെ ജനിച്ചു വിദേശത്തു താമസിക്കുന്നവർ എന്നിവരെല്ലാം പൗരത്വത്തിന് അവ കാശമുള്ളവരാണ്. ഇവരിൽ പ്രായപൂത്തി ആയവ ക്കെല്ലാം വോട്ടവകാശമുണ്ടു്. 1 വയസ്സു തികഞ്ഞാൽ പ്രായപൂത്തിയായി. പ്രതിനിധിയായി ഏതൊരാളിനെ തെരഞ്ഞെടുക്കുവാനാണ് താൻ സമ്മതിക്കുന്നതെന്നു വിവരം

രേഖപ്പെടുത്തുന്നതിന് "വോട്ടുചെയ്യുക" എന്നു പറയുന്നു. ഈ സമ്മതിദാനാവകാശം പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും അനുവദിച്ചിട്ടുള്ളതിനെയാണ് പ്രായപൂർത്തിവോട്ടവകാശം എന്നു പറയുന്നതു്. സ്ഥിരബുദ്ധിയില്ലാത്തവർ, ചില പ്രത്യേകതരം ക്രിമിനൽകുററങ്ങൾക്കു ശിക്ഷിക്കപ്പെട്ടവർ ഇങ്ങനെ അപൂർവ്വം വ്യക്തികളൊഴികെയുള്ളവർക്കെല്ലാം ഇതു നിമിത്തം വോട്ടുചെയ്യുവാൻ കഴിയും.

പ്രതിനിധികളുടെ തെരഞ്ഞെടുപ്പിനായി രാജ്യത്തെ പല നിയോജകമണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്നു. മിക്കവാറും ജനസംഖ്യയെ അടിസ്ഥാനമാക്കിയാണ് നിയോജകമണ്ഡലങ്ങൾ ഉണ്ടാക്കിയിരിക്കുന്നതു്. ഓരോ നിയോജകമണ്ഡലത്തിൽനിന്നു് ഓരോ പ്രതിനിധിയെ തെരഞ്ഞെടുക്കുകയെന്നതാണ് സാധാരണ പതിവു്. എന്നാൽ ഒന്നിൽ കൂടുതൽ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന ബഹുപാംഗ നിയോജകമണ്ഡലങ്ങളും ചില സ്ഥലങ്ങളിലുണ്ടു്. ഓരോ നിയോജകമണ്ഡലത്തിലേയും തെരഞ്ഞെടുപ്പുജോലികളുടെ മേൽനോട്ടം വഹിക്കുന്നതിനു് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുണ്ടായിരിക്കും. ഓരോ നിയോജകമണ്ഡലത്തിലുമുള്ള വിവിധ വാർഡുകളിലെ വോട്ടർമാരുടെ പട്ടിക കാലേക്കൂട്ടി പ്രസിദ്ധം ചെയ്യും. ഓരോ വാർഡിലുമുള്ള പൗരന്മാർക്ക് സൗകര്യമായി ചെന്നു് വോട്ടുചെയ്യുന്നതിനുള്ള പോളിംഗ് സ്റ്റേഷൻ ലിസ്റ്റും ഓരോ നിയോജകമണ്ഡലത്തിലെയും തെരഞ്ഞെടുപ്പുതീയതിയും അതുപോലെതന്നെ മുൻകൂട്ടി പ്രഖ്യാപിക്കാറുണ്ടു്. നിശ്ചിതദിവസം ഓരോ സമ്മതിദായകനും പോളിംഗ്സ്റ്റേഷനിലെത്തി അവരവർക്കിഷ്ടമുള്ള സ്ഥാനാർത്ഥിക്കു വോട്ടുചെയ്യുന്നു. ജനകീയരാഷ്ട്രങ്ങളിലെല്ലാം തെരഞ്ഞെടുപ്പുചട്ടങ്ങളുണ്ടു്. രഹസ്യമായി 'ബാലട്ട്'പേപ്പർ

ഏതെങ്കിലും സ്ഥാനാർത്ഥിയുടെ വോട്ടുപെട്ടിയിൽ നിക്ഷേപി ക്കുകയാണ് സാധാരണ ചെയ്യാറുള്ളത്. ഇതുമൂലം സമ്മതിദായകന്മാർക്ക് രഹസ്യമായി ഇഷ്ടമുള്ള സ്ഥാനാർത്ഥിക്കു വോട്ടു ചെയ്യുവാൻ കഴിയുന്നു. ഓരോ സ്ഥാനാർത്ഥിക്കും ഓരോ കക്ഷിക്കുമുള്ള പെട്ടി തിരിച്ചറിയുവാൻ പ്രത്യേക അടയാളങ്ങളുണ്ട്. ഇതുമൂലം അക്ഷരാഭ്യാസമില്ലാത്തവർക്കും പരസഹായം കൂടാതെ സ്വതന്ത്രമായി വോട്ടുചെയ്യുവാൻ സാധിക്കുന്നു. ഓരോ പെട്ടിയിലും വീണിട്ടുള്ള വോട്ടുകൾ പ്രത്യേകം പ്രത്യേകം എണ്ണി ഏററവും കൂടുതൽ വോട്ടുകിട്ടിയ ആളിനെ വിജയിയായി പ്രഖ്യാപിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, നിയമസഭകൾ എന്നിവയിലെ അംഗങ്ങളെല്ലാം ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും.

തെരഞ്ഞെടുപ്പു വളരെ പ്രധാനമായ ഒരു കാര്യമാണെന്നു നാം ഓർക്കണം. എന്തെന്നാൽ നാം തെരഞ്ഞെടുത്തു പഞ്ചായത്തുകളിലേക്കും, നഗരസഭകളിലേക്കും, സാംസ്ഥാനിക നിയമസഭകളിലേക്കും, കേന്ദ്രനിയമസഭയിലേക്കും അയയ്ക്കുന്ന പ്രതിനിധികളാണ് പിന്നെ ഭരണം നിയന്ത്രിക്കുന്നത് അതിനാൽ സ്വഭാവശുദ്ധിയും കാര്യക്ഷമതയുമുള്ള വ്യക്തികളെ തെരഞ്ഞെടുത്തയയ്ക്കുകയാണു വേണ്ടതു്. തെരഞ്ഞെടുപ്പിനു് ആളുകളെ നിറുത്തുന്നതു് രാഷ്ട്രീയകക്ഷികളാണ്. നമ്മുടെ നാട്ടിൽ തന്നെ കോൺഗ്രസ്സ്, കമ്യൂണിസ്റ്റ്, പി. എസ്. പി., ആർ. എസ്. പി. എന്നിങ്ങനെ പല കക്ഷികളുള്ളതായി നിങ്ങൾക്കറിയാം. നാം പ്രധാനമായും വോട്ടുചെയ്യേണ്ടതു് വ്യക്തികളെക്കാൾ കൂടുതൽ കക്ഷികളെ മനസ്സിലാക്കിയിട്ടു വേണം. എന്തുകൊണ്ടെന്നാൽ ഭൂരിപക്ഷമുള്ള കക്ഷിയാണ് ഭരണഭാരം ഏറെറടുക്കുന്നതു്. അതുകൊണ്ടു് വോട്ടു ചെയ്യുന്നതിനു മുമ്പ് ഓരോ കക്ഷിയുടേയും

പരിപാടികൾ മനസ്സിലാക്കി അമുക്കു് ഏററവും കൂടുതൽ സ്വീകാര്യമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ള കക്ഷിക്കുവേണ്ടി സമ്മതിദാനം ചെയ്യണം. അങ്ങനെ ആയാൽ മാത്രമെ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ ഭരണം യഥാർത്ഥ ജനകീയഭരണമാകൂ.

**പൗരന്മാരുടെ ചുമതലകൾ:** ഓരോ രാജ്യത്തും പൗരാവകാശങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതിനുള്ള നിബന്ധനകളുണ്ടായിരിക്കും. ഒരു രാഷ്ട്രത്തിലെ പൗരന്മാർക്കെല്ലാം തുല്യമായ അവകാശങ്ങളും കർത്തവ്യങ്ങളുമുണ്ടു്. പൗരാവകാശസംരക്ഷണം ഗവൺമെൻറിൻെറ ഒരു പ്രധാന ചുമതലയാണു്. ജീവൻെറയും വസ്തുവകകളുടേയും സംരക്ഷണം, കുടുംബപരിരക്ഷണം, വസ്തുവകകളുടെ ക്രയവിക്രയാവകാശം, മതപരവും സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നിവയെല്ലാം പൗരന്മാരുടെ അവകാശങ്ങളാണു്. എന്നാൽ ഈ അവകാശങ്ങൾ അനുവദിക്കുന്നതോടൊപ്പം പൗരന്മാർ നിർവ്വഹിക്കേണ്ടതായ ചില ചുമതലകളുമുണ്ടു്. ചുമതലകൾ ഉത്തരവാദബോധത്തോടെ നിറവേററുന്ന ഒരുവനു മാത്രമേ അവകാശങ്ങൾ അനുവദിക്കുന്നതിനു് അർഹതയുള്ളു.

രാജ്യനിയമങ്ങളെ അനുസരിച്ചാദരിക്കുകയാണു് ഒരു പൗരൻെറ പ്രധാന കർത്തവ്യം. എല്ലാവരും രാജ്യനിയമങ്ങളെ അനുസരിച്ചാദരിക്കണം. പൗരന്മാർ രാജ്യനിയമങ്ങളെ അവഗണിക്കുന്നതായാൽ രാജ്യത്തു സൈ്വരസമാധാനങ്ങൾ ഉണ്ടാകാൻ തരമില്ല. ഒരു പൗരൻ മറെറാരു പൗരൻെറ സൈ്വരജീവിതത്തിനു പ്രതിബന്ധമായിത്തീരാനും പാടില്ല. പൗരന്മാർ സമത്വം പാലിക്കേണ്ടതാണു്. പൗര


ന്മാർ നികുതി യഥാകാലം അടയ്ക്കണം. എന്നാൽ മാത്രമേ ഗവണ്മെൻറു പ്രവർത്തനങ്ങൾ മുന്നോട്ടു പോവുകയുള്ളു അകത്തും പുറത്തുമുള്ള ശത്രുബാധയിൽനിന്നു രാജ്യത്തെ രക്ഷിക്കാനും പൗരന്മാർ ബാദ്ധ്യസ്ഥരാണ്. വോട്ടവകാശം നിസ്വാർത്ഥമായും, സത്യത്തോടും, വിവേകപൂർവ്വവും ഉപയോഗിക്കുക എന്നതു പൗരന്മാരുടെ ഒരു പ്രധാന ധർമ്മമാണ്. യോഗ്യന്മാരായ സ്ഥാനാർത്ഥികൾക്കു വോട്ടു നല്കി അവരെ അധികാരത്തിൽ കൊണ്ടുവന്നെങ്കിൽ മാത്രമേ രാജ്യഭരണം ശരിയായി നിർവ്വഹിക്കപ്പെടുകയുള്ളു. അവനവൻെറ ഗുണത്തിനായും പൊതുനന്മയെ ലാക്കാക്കിയും പൗരന്മാർ ആരോഗ്യനിയമങ്ങൾ മനസ്സിലാക്കി അനുഷ്ഠിക്കേണ്ടതാവശ്യമാണ്. രാജ്യസേവനമായിരിക്കണം ഏതൊരു പൗരൻെറയും പ്രധാന ലക്ഷ്യം. നീതിന്യായപാലനത്തിനുതകുന്ന സഹായസഹകരണങ്ങൾ നല്കി ഗവണ്മെൻറു പ്രവത്തനങ്ങളെ വിജയിപ്പിക്കുന്നതിനുള്ള ബാദ്ധ്യതയും പൗരന്മാക്കുള്ളതത്രെ ചട്ടത്തെ ഭയന്നു മാത്രമുള്ള ജീവിതമല്ല, പ്രത്യുത സത്യം, ധർമ്മം ഇവയെ മുൻനിത്തിയുള്ള ജീവിതമായിരിക്കണം പൗരന്മാരുടെ ലക്ഷ്യം

## 2. ജനായത്തഭരണത്തിലെ പ്രധാന ഘടകങ്ങൾ

**നിയമസഭ:** (Legislature) ജനായത്തരാഷ്ട്രങ്ങളിലെ ഭരണത്തിൽ ഏററവും പ്രധാനപ്പെട്ട ഘടകം നിയമസഭയാണ്. ജനങ്ങൾ നേരിട്ടു തെരഞ്ഞെടുക്കുന്ന പ്രതിനിധികളാണല്ലൊ നിയമസഭയിലെ അംഗങ്ങൾ. രാഷ്ട്രത്തിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുകയാണ് ഈ സഭയുടെ പ്രധാന കൃത്യം. കൂടാതെ ഭരണനിർവ്വഹണത്തിനു വേണ്ട ബഡ്ജററു് അനുവദിക്കുക, ഭരണസംബന്ധമായ ന്യൂനതകൾ ചൂണ്ടിക്കാണിച്ചു സൂക്ഷ്മപരമായ നിർദ്ദേശങ്ങൾ നല്കുക, പൊതു

കാൎയ്യങ്ങളെസംബന്ധിച്ച നിശ്ചയങ്ങൾ പാസ്സാക്കുക, നികുതികൾ ഏൎപ്പെടുത്തുകയോ പുതുക്കുകയോ വൎദ്ധിപ്പിക്കുകയോ കുറക്കുകയോ ചെയ്യുക എന്നിവയെല്ലാം നിയമസഭയുടെ അധികാരപരിധിയിൽ പെടുന്നു. മന്ത്രിസഭയുടെ മേൽ അവിശ്വാസപ്രമേയം അവതരിപ്പിച്ച സഭയെ പുറംതള്ളുന്നതിനും നിയമസഭക്കധികാരമുണ്ട്. മിക്ക രാജ്യങ്ങളിലും നിയമസഭയിലെ ഭൂരിപക്ഷകക്ഷി ഒരു മന്ത്രിസഭ ഉണ്ടാക്കി നിയമസഭക്കു വിധേയമായി ഭരിക്കുകയാണു പതിവ്.

ചില രാജ്യങ്ങളിൽ നിയമസഭക്ക് ഒന്നിലധികം മണ്ഡലങ്ങളുണ്ട്. കേരളത്തിലെ നിയമസഭക്ക് ഒരു മണ്ഡലമേയുള്ളു. അതിലെ ഭൂരിപക്ഷകക്ഷി മന്ത്രിസഭ രൂപവല്ക്കരിച്ച



പാർല്ലമെൻറ് മന്ദിരം

നമ്മെ ഭരിക്കുന്നു. എന്നാൽ കേന്ദ്രനിയമസഭക്കു് ലോക്സഭയെന്നും രാജ്യസഭയെന്നും രണ്ടു മണ്ഡലങ്ങളുണ്ടു്. ഈ രണ്ടു മണ്ഡലങ്ങളും കൂടിച്ചേർന്നതാണു് ഇന്ത്യൻ പാർലമെൻറ്. ലോക്സഭയിൽ 500 അംഗങ്ങൾ ഉണ്ടായിരിക്കും. അതിൽ അംഗമാകുന്നതിനു് ഇരുപത്തിയഞ്ചു വയസ്സെങ്കിലും ആയിരിക്കണം. അഞ്ചു കൊല്ലത്തിലൊരിക്കലാണു് ഈ സഭയിലേക്കു തിരഞ്ഞെടുപ്പു നടത്തേണ്ടതു്. ലോക്സഭയിലെ അദ്ധ്യക്ഷനെ 'സ്പീക്കർ' എന്നു പറയുന്നു. സ്പീക്കർ കക്ഷിരഹിതനാണു്. രാജ്യസഭയിൽ 250 അംഗങ്ങളാണുള്ളതു്. ഇതിൽ അംഗങ്ങളാകുന്നതിനു 30 വയസ്സു കഴിഞ്ഞിരിക്കണം. അധികം പേരും സാംസ്ഥാനിക നിയമസഭകളിലെ അംഗങ്ങൾ തെരഞ്ഞെടുത്തയക്കുന്നവരാണു്. ഈരണ്ടു കൊല്ലം കൂടുമ്പോൾ ഈ സഭയിലെ മൂന്നിലൊന്നു ഭാഗം അംഗങ്ങൾ പിരിഞ്ഞുപോകുകയും പകരം വേറെ ആളുകളെ തെരഞ്ഞെടുക്കുകയുമാണു പതിവു്. ഇന്ത്യയുടെ വൈസ്പ്രസിഡന്റാണു് ഈ സഭയിലെ അദ്ധ്യക്ഷൻ.

രാജ്യസഭയെ അപേക്ഷിച്ചു് ലോക്സഭക്കാണു് കൂടുതൽ അധികാരവും പ്രാധാന്യവും. ധനകാര്യങ്ങളിൽ അതിനാണു് പരമാധികാരം. മററു ജനായത്തരാഷ്ട്രങ്ങളിലെപ്പോലെ നിയമസഭാംഗങ്ങൾക്കു ശമ്പളവും യാത്രാസൗകര്യങ്ങളും നമ്മുടെ രാജ്യത്തും നല്കപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് രാജ്യസേവനത്തിനുവേണ്ടി മുഴുവൻ സമയവും പ്രയോജനപ്പെടുത്തുന്നതിനു് അവക്കു കഴിയും.

**മന്ത്രിസഭ** (Cabinet): നിയമസഭയിൽനിന്നു് ഒരു ചെറിയ സമിതിയെ തെരഞ്ഞെടുത്തു ഭരണനിർവ്വഹണത്തിനു നിയോഗിക്കുകയെന്നതാണു് ജനകീയരാഷ്ട്രങ്ങളിലെ നടപടി. ഈ ചെറുസഭയത്രെ ക്യാബിനററു്.

നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പു കഴിയുമ്പോൾ വിവിധ രാഷ്ട്രീയകക്ഷികളിൽപ്പെട്ട സ്ഥാനാർത്ഥികൾ സഭയിലെ അംഗങ്ങളായി വന്നുചേരുന്നു. ഓരോ കക്ഷിക്കും ഓരോ നേതാവും (Leader) ഉണ്ടായിരിക്കും. നിയമസഭ ആദ്യമായി സമ്മേളിക്കുമ്പോൾ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാവിനോട് ഭരണത്തലവൻ ഒരു മന്ത്രിസഭയുണ്ടാക്കുവാൻ ആവശ്യപ്പെടും. നേതാവ് തൻെറ കക്ഷിയിൽനിന്നു തനിക്കു വിശ്വാസമുള്ള ചിലരെ സഹമന്ത്രിമാരായി തെരഞ്ഞെടുക്കും. നേതാവിനെ പ്രധാനമന്ത്രിയായും മററുള്ളവരെ സഹമന്ത്രിമാരായും ഭരണത്തലവൻ അംഗീകരിക്കുകയും അവർ ഭരണം കയ്യേല്ക്കുകയും ചെയ്യുന്നു. ഭരണവകുപ്പുകൾ മന്ത്രിമാർ വീതിച്ചെടുക്കുന്നു. മന്ത്രിമാർ നിയമസഭയോട് ഉത്തരവാദത്തോടുകൂടിയാണ് ഭരണം നടത്തേണ്ടതു്. നിയമസഭയ്ക്കു് അവരിൽ വിശ്വാസമില്ലെന്നു വന്നാൽ മന്ത്രിസഭ രാജിവെയ്ക്കണം. പാർല്ലമെൻറിൽ രണ്ടു മണ്ഡലങ്ങളുള്ളപ്പോൾ ജനസഭയായ അധോമണ്ഡലത്തിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവാണ് സാധാരണയായി മന്ത്രിസഭ രൂപീകരിക്കുന്നതു്. ഇന്ത്യൻ യൂണിയനിലെ പ്രധാനമന്ത്രി ജവഹർലാൽനെഹറുവാണല്ലോ. അദ്ദേഹത്തെ മാത്രമാണ് "പ്രധാനമന്ത്രി" എന്ന പേരിൽ അറിയുക. സംസ്ഥാനങ്ങളിലെ പ്രധാനമന്ത്രിമാരെയെല്ലാം 'മുഖ്യമന്ത്രിമാർ' എന്നേ പറയാറുള്ളു.

**സെക്രട്ടേറിയേററ്:** ഒരു രാജ്യത്തിലെ വിവിധ ഡിപ്പാർട്ട്മെൻറുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതു് സെക്രട്ടേറിയേററാണ്. മന്ത്രിമാരാണ് ഡിപ്പാർട്ട്മെൻറുകളുടെ ചുമതല വഹിക്കുന്നതെന്നു് പറഞ്ഞുവല്ലോ. മന്ത്രിമാരേയും

അവരുടെ മേൽനോട്ടത്തിലുള്ള വകുപ്പുകളിലെ മേധാവിക ളേയും തമ്മിൽ യോജിപ്പിക്കുന്ന ഉദ്യോഗസ്ഥനാണു് ഗവ ണ്മെൻറു സെക്രട്ടറി സെക്രട്ടറിമാരും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ട ആഫീസിനെ സെക്രട്ടേറി യേററു് എന്നു പറഞ്ഞുവരുന്നു. ഗവണ്മെൻറു സെക്രട്ടറി മാർ മുഖേനയാണു് മന്ത്രിമാർ ഭരണം നിർവ്വഹിക്കുന്നതു്. ഒരു സെക്രട്ടറിക്കു് ഒന്നോ അതിലധികമോ ഡിപ്പാർട്ടുമെൻറുക ളുടെ ചുമതല ഉണ്ടായിരിക്കും കേന്ദ്രത്തിലെ സെക്രട്ടേറി യേററു് ന്യൂദൽഹിയിലും കേരളത്തിലെ സെക്രട്ടേറിയേററു് തിരുവനന്തപുരത്തും സ്ഥാപിക്കപ്പെട്ടിരിക്കുന്നു

**ഡിപ്പാർട്ടുമെൻറുകൾ:** ഒരു ഗവണ്മെൻറു് പല ഡിപ്പാർട്ടുമെൻറുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറുകൾ വഴിയായിട്ടാണു് ഭരണം നടത്ത പ്പെടുന്നതു്. സൈ്വരസമാധാനങ്ങൾ പരിപാലിക്കുവാൻ പോലീസ് വകുപ്പു്, പൗരാവകാശങ്ങൾ സംരക്ഷിക്കുവാൻ നീതിന്യായവകുപ്പു്, രാജ്യരക്ഷക്കു പട്ടാളവകുപ്പു്, പൊതു ജനാരോഗ്യസംരക്ഷണത്തിനു് മെഡിക്കലും ആരോഗ്യവും വകുപ്പുകൾ, സംസ്കാരാഭിവൃദ്ധിക്കു വിദ്യാഭ്യാസവകുപ്പു്, വ്യവസായാഭിവൃദ്ധിക്കു വ്യവസായവകുപ്പു്, തൊഴിലാളി സംരക്ഷണത്തിനു തൊഴിലാളിവകുപ്പു് എന്നിങ്ങനെ അന വധി ഡിപ്പാർട്ടുമെൻറുകൾ നമ്മുടെ നാട്ടിൽ പ്രവർത്തനം നടത്തുന്നുണ്ടു്. ഈ വകുപ്പുകളുടെ എല്ലാംതന്നെ ശരിയായ പ്രവർത്തനത്തിനു് ധാരാളം പണം വരവുണ്ടായിരിക്കണം. ആളുകളുടെ കൈവശമിരിക്കുന്ന ഭൂസ്വത്തിനെ ആസ്പദമാക്കി ഈടാക്കുന്ന ഭൂനികുതി, അവരുടെ ആദായത്തിനെ ആസ്പദ മാക്കി ഈടാക്കുന്ന ആദായനികുതി, വില്പനത്തുകയിൽ നിന്നു് ഈടാക്കുന്ന വില്പനനികുതി, ലഹരിപദാർത്ഥങ്ങൾക്കും

മററും ചുമത്തുന്ന ചുങ്കം എന്നിങ്ങനെ പല മാർഗ്ഗങ്ങളിൽ നിന്നുമുള്ള ആദായത്തിൽക്കൂടിയാണ് ഗവണ്മെൻറിൻെറ ചെലവുകൾ നിർവ്വഹിക്കപ്പെടുന്നതു്. റജിസ്ട്രേഷൻ, ട്രാൻസ്പോർട്ട്, തപാൽ, വനം എന്നീ വകുപ്പുകളിൽനിന്നും ഗണ്യമായ തുക ഗവണ്മെൻറിനു് ലഭിക്കുന്നുണ്ടു്. ഗവണ്മെൻറിൻെറ ആദായം വർദ്ധിപ്പിക്കുന്നവ, ധനം വ്യയം ചെയ്യുന്നവ, രാജ്യസംരക്ഷണത്തിനുള്ളവ എന്നിങ്ങനെ ഡിപ്പാർട്ടുമെൻറുകൾ മൂന്നിനത്തിൽ പെടുന്നു. ഓരോ ഡിപ്പാർട്ടുമെൻറിനും ഒരു മേലദ്ധ്യക്ഷനും അദ്ദേഹത്തിൻെറ കീഴിൽ അനവധി ഉദ്യോഗസ്ഥന്മാരുമുണ്ടു്. ഡിപ്പാർട്ടുമെൻറു പ്രവർത്തനത്തെ സംബന്ധിച്ചു വകുപ്പുമേധാവി ഗവണ്മെൻറിനോടുത്തരവാദപ്പെട്ടിരിക്കുന്നു.

## 3. പ്രാദേശികസ്വയംഭരണം

കുടുംബങ്ങൾ ചേർന്നു ഗ്രാമവും, ഗ്രാമങ്ങൾ വളർന്നു പട്ടണങ്ങളും ഉണ്ടാകുന്നു. ഇങ്ങനെയുള്ള ഗ്രാമങ്ങളും പട്ടണങ്ങളും ചേർന്നുണ്ടാകുന്നതാണ് ഒരു രാഷ്ട്രം. ഓരോ രാഷ്ട്രവും ഒരു ഗ്രാമമോ നഗരമോപോലെയുള്ള സമൂഹംതന്നെയാണ്. എന്നാൽ നാടൊട്ടുക്കുള്ള ജനങ്ങൾ അനുസരിക്കേണ്ട നിയമങ്ങൾ രാഷ്ട്രങ്ങൾ നിർമ്മിച്ചു നിർബ്ബന്ധമായി നടപ്പിലാക്കുന്നു. നിയമനിർമ്മാണം, സമാധാനപാലനം, രാജ്യരക്ഷ എന്നിവ ഒരു രാഷ്ട്രത്തിലെ ഗവണ്മെൻറിൻെറ ചുമതലയാണ്

ഒരു രാജ്യത്തിലെ കേന്ദ്രഗവണ്മെൻറിൻെറ ചുമതല ലഘൂകരിക്കുന്നതിനും സ്വയംഭരണം ഓരോ ഗ്രാമത്തിലും പട്ടണത്തിലും നടപ്പാക്കുന്നതിനും വേണ്ടി പരിഷ്കൃതരാഷ്ട്രങ്ങളിലെല്ലാം പഞ്ചായത്തു്, മുനിസിപ്പാലിററി എന്നീ സ്വയംഭരണസ്ഥാപനങ്ങൾ ഉണ്ടാക്കാറുണ്ടു്. ഇൻഡ്യ

യിലെ എല്ലാ സംസ്ഥാനങ്ങളിലും ഇന്നു പഞ്ചായത്തുകളും മുനിസിപ്പാലിററികളും സ്ഥാപിച്ചുവരുന്നു. പല സ്ഥലങ്ങളിലും ഇവയുടെ അധികാരങ്ങൾ ഇന്നു വിപുലമാക്കിയിരിക്കുകയാണു്. ഈ സ്വയംഭരണസ്ഥാപനങ്ങൾമൂലം ഭരണകാര്യങ്ങളിൽ താല്പര്യവും പരിശീലനവും ജനങ്ങൾക്കു ലഭിക്കുന്നതിനും പ്രാദേശികാവശ്യങ്ങൾ ശരിയായി വേണ്ട സമയത്തു നിർവ്വഹിക്കപ്പെടുന്നതിനും പൗരൻെറ ചുമതലകളും അവകാശങ്ങളും സാമാന്യജനങ്ങളെ മനസ്സിലാക്കുന്നതിനും കഴിയുന്നു. ജനായത്തഭരണവ്യവസ്ഥിതിയിൽ ഇതു് അനുപേക്ഷണീയമാണു്.

i) **പഞ്ചായത്തുകൾ:** ഓരോ ഗ്രാമത്തിലും അവിടത്തെ പ്രായപൂർത്തിയായ എല്ലാ അംഗങ്ങളും ചേർന്നു ഭരണകാര്യങ്ങൾ നിർവ്വഹിക്കുകയായിരുന്നു പുരാതനകാലത്തു് ഇൻഡ്യയിലെ പതിവു്. എന്നാൽ ഗ്രാമങ്ങളിൽ ജനസംഖ്യ വർദ്ധിച്ചപ്പോൾ, ഭരണത്തിനായി, ഗ്രാമവാസികൾ യോജിച്ചു ഏതാനുംപേരെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം നടപ്പിലായി. അങ്ങനെയാണു് ഗ്രാമപ്പഞ്ചായത്തുകളുണ്ടായതു്. ബ്രിട്ടീഷ് ഭരണം ഇൻഡ്യയിൽ സ്ഥാപിതമായതിനുശേഷം ഗ്രാമപ്പഞ്ചായത്തുകൾ ക്രമേണ അധഃപതിച്ചു. ഇൻഡ്യ സ്വതന്ത്രയായശേഷം ജനായത്തഭരണത്തിൻെറ കീഴ്ഘടകമായി ഗ്രാമപ്പഞ്ചായത്തുകൾ എല്ലാ ഗ്രാമങ്ങളിലും ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടു്.

**അംഗങ്ങളുടെ തെരഞ്ഞെടുപ്പു്:** വിസ്തീർണ്ണം, ജനസംഖ്യ, സാമ്പത്തികഭദ്രത തുടങ്ങിയ കാര്യങ്ങളെ ആസ്പദമാക്കിയാണു് ഗ്രാമങ്ങളെ പഞ്ചായത്തുകളായി തിരിച്ചിട്ടുള്ളതു്. ഒരു പഞ്ചായത്തിനെ മുനിസിപ്പാലിററിയെപ്പോലെ

പല വാർഡുകളായി വിഭജിച്ച് ഓരോ വാർഡിൽനിന്നും ഓരോ അംഗത്തെ തിരഞ്ഞെടുത്തു പഞ്ചായത്തുസഭ രൂപവൽക്കരിക്കുന്നു. നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പു പോലെ പ്രായപൂർത്തി വോട്ടവകാശത്തെ അടിസ്ഥാനമാക്കി രഹസ്യബാലട്ടുമൂലമാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഒരു പഞ്ചായത്തിൽ പതിനായിരം മുതൽ മുപ്പതിനായിരം വരെ ജനങ്ങൾ കാണും. ജനസംഖ്യ അനുസരിച്ച് ഒരു പഞ്ചായത്തു സഭയിൽ 7 മുതൽ 15 വരെ അംഗങ്ങളാകാം. അവർ അദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നു. അവരുടെ കാലാവധി മൂന്നു കൊല്ലമാണ്. അവിശ്വാസപ്രമേയംമൂലം സഭക്കു പ്രസിഡൻറിനെ നീക്കാമത്രെ.

**ഭരണക്രമം:** ഓരോ പഞ്ചായത്തിലും പ്രസിഡൻറ്, വൈസ്പ്രസിഡൻറ് എന്നിവരെക്കൂടാതെ ഗവണ്മെൻറു നിയമിക്കുന്ന ഒരു ആഫീസറുമുണ്ട്. പ്രസിഡൻറിനു വിപുലമായ അധികാരങ്ങളും ചുമതലകളും നല്കിയിരിക്കുന്നു. പഞ്ചായത്തുകളുടെ എല്ലാം മേൽനോട്ടം വഹിക്കുന്നതും അവയെ നിയന്ത്രിക്കുന്നതും പഞ്ചായത്തുഡയരക്ടരാണ്. പഞ്ചായത്തുപ്രവർത്തനങ്ങൾക്കു വേണ്ട തുക ഭൂനികുതി, വീട്ടുകരം, തൊഴിൽക്കരം, വാഹനക്കരം, വിനോദനികുതി മുതലയ ഇനങ്ങളിൽനിന്നു പിരിച്ചെടുക്കുന്നു. കൂടാതെ ഗവണ്മെൻറിൽനിന്നും വലിയ ഒരു തുക ആണ്ടുതോറും സഹായധനമായി ലഭിക്കുന്നുമുണ്ട്.

**പഞ്ചായത്തുകളുടെ ചുമതലകൾ:** ഗ്രാമസ്വരാജ്യം കൈവരുത്തുന്നതിന് സ്വയംഭരണം ഓരോ ഗ്രാമത്തിലും നടപ്പിലാക്കുകയാണ് പഞ്ചായത്തുനിയമത്തിൻെറ ഉദ്ദേശം അതുകൊണ്ട് ഓരോ ഗ്രാമത്തിലും ജനങ്ങൾക്കു പ്രയോജനക

രമായ പല ജോലികൾ നിർവ്വഹിക്കുന്നതിനു് പഞ്ചായത്തുകൾക്കു് അധികാരം നല്കിയിരിക്കുന്നു. ഗ്രാമാതൃത്തിക്കള്ളിൽ വസിക്കുന്ന ജനങ്ങളുടെ സാമ്പത്തികവും സാംസ്കാരികവുമായ ഉയർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയാണു് പഞ്ചായത്തിൻെറ ചുമതല. ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്നു വേണ്ട റോഡുകൾ വെട്ടുക, അവയെ വൃത്തിയായി സൂക്ഷിക്കുക, കലുങ്കു്, പാലം മുതലായവ നിർമ്മിക്കുക, പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും വിളക്കു വെയ്ക്കുക എന്നിവ പഞ്ചായത്തിൻെറ ചുമതലയാണു്. പൊതുനന്മയെ ലാക്കാക്കി ചന്തകൾ തുറക്കുക, കച്ചവടം നിയന്ത്രിക്കുക, ഗ്രാമശുചീകരണം നടത്തുക, വായനശാലകൾ, ശിശുസംരക്ഷണകേന്ദ്രങ്ങൾ മുതലായവ തുടങ്ങുക, വിശ്രമസ്ഥലങ്ങൾ, പൂന്തോട്ടങ്ങൾ എന്നിവ നിർമ്മിക്കുക, ശുദ്ധജലം നിർമ്മിക്കുന്നതിന്നു വേണ്ട ഏർപ്പാടുകൾ ചെയ്യുക, ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുക, വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, രോഗചികിത്സക്കു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുക എന്നിവയെല്ലാം പഞ്ചായത്തിൻെറ കൃത്യങ്ങളാണു്.

ii) **മുനിസിപ്പാലിററികൾ:** പഞ്ചായത്തുകളെപ്പോലെ നഗരങ്ങളിൽ പ്രാദേശിക സ്വയംഭരണം നടത്തുന്ന സ്ഥാപനങ്ങളാണു് മുനിസിപ്പാലിററികൾ. അധികാരങ്ങൾ, അവകാശങ്ങൾ, ഭരണക്രമം, അംഗങ്ങളുടെ തെരഞ്ഞെടുപ്പു് തുടങ്ങി എല്ലാ സംഗതികളിലും പഞ്ചായത്തും മുനിസിപ്പാലിററിയും തമ്മിൽ വളരെ സാമ്യമുണ്ടു്. ഏതാനും ചില കാര്യങ്ങളിൽ മാത്രമേ വ്യത്യാസമുള്ളു. മുനിസിപ്പൽ സമിതിയുടെ അംഗസംഖ്യ ജനസംഖ്യയനുസരിച്ചു കൂടിയും കുറഞ്ഞുമിരിക്കും. പഞ്ചായത്തുകളിലെപ്പോലെ

15-ൽ കവിയരുതെന്നു നിർബ്ബന്ധമില്ല. ജനസംഖ്യയും വാർഷികവരുമാനവുമനുസരിച്ചു നഗരസഭകളെ കാർപ്പൊറേഷൻ എന്നും മുനിസിപ്പാലിററി എന്നും തിരിച്ചിരിക്കുന്നു. വലിയ നഗരങ്ങളെ കാർപ്പൊറേഷനായി ഉയർത്താവുന്നതാണു്. തിരുവനന്തപുരം, മദ്രാസ്, ബോംബെ, കല്ക്കട്ട എന്നിവിടങ്ങളിൽ കാർപ്പൊറേഷനാണുള്ളതു്. കോഴിക്കോട്ടു് മുനിസിപ്പാലിററിയേയും ഒരു കാർപ്പൊറേഷനായി അടുത്തകാലത്തു് ഉയർത്തിയിട്ടുണ്ടെന്നു പഠിച്ചുവല്ലൊ. മുനിസിപ്പാലിററികളേക്കാൾ കൂടുതൽ വിപുലമായ അധികാരങ്ങൾ കാർപ്പൊറേഷനുണ്ടു്.

നഗരസഭാംഗങ്ങളെ പ്രായപൂർത്തി വന്ന സ്ത്രീപുരുഷന്മാർ വോട്ടുചെയ്തു തെരഞ്ഞെടുക്കുന്നു. സഭാദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നതു സമിതി അംഗങ്ങളാണു്. കാർപ്പൊറേഷൻ അദ്ധ്യക്ഷനെ മേയർ എന്നാണു് പറയുന്നതു്. മേയറേയും മുനിസിപ്പൽ അദ്ധ്യക്ഷനേയും സഹായിക്കുന്നതിനു് ഗവൺമെൻറിൽ നിന്നു് ഓരോ കമ്മീഷണരെ നിയമിക്കുന്നുണ്ടു്.

മുനിസിപ്പാലിററികൾക്കു പഞ്ചായത്തുകളേക്കാൾ കൂടുതൽ വരവും ചെലവും ഉണ്ടു്. അതുകൊണ്ടു് ജോലികൾ കുറേക്കൂടി വിപുലമായ തോതിൽ മുനിസിപ്പാലിററികൾ ചെയ്തുവരുന്നു. ഹെൽത്തു് ആഫീസർ, സാനിട്ടറി ഇൻസ്പെക്ടർ എന്നിങ്ങനെ പല ഉദ്യോഗസ്ഥന്മാർ മുനിസിപ്പാലിററികൾക്കുണ്ടു്.

**ചോദ്യങ്ങൾ:**

1) ജനകീയഭരണം എന്നാലെന്തു്?
2) ഒരു തെരഞ്ഞെടുപ്പു നടക്കുന്ന രീതികൾ ആസ്പദമാക്കി ക്ലാസ്സിലെ ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുക.

3) പൗരന്മാരുടെ പ്രധാന ചുമതലകൾ ഏവ?

4) ഒരു ജനായത്തരാഷ്ട്രത്തിലെ ഭരണകൂടത്തിലുള്ള പ്രധാനപ്പെട്ട ഘടകങ്ങളേവ? അവയെപ്പററി ഒരു വിവരണം എഴുതുക.

5) ഒരു മന്ത്രിസഭ രൂപീകരിക്കുന്നതെങ്ങനെ?

6) പഞ്ചായത്തുതെരഞ്ഞെടുപ്പ്, ഭരണരീതി ഇവ വിവരിക്കുക.

7) കാർപ്പൊറേഷൻ, മുനിസിപ്പാലിററി ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

3340

Printed at
The Deshabhimani Printing & Publishing House, Ltd.,
Kozhikode
for the Government of Kerala.

©

GOVERNMENT OF KERALA
1958.